
# ഗിരിദീപം

ആഗസ്റ്റ് 2025



ആഗസ്റ്റ് 15

മാതാവിന്റെ സ്വർഗ്ഗാരോപണം | ഇന്ത്യൻ സ്വാതന്ത്ര്യദിനം





August 04

114th

# BIRTHDAY

Born : 04 August 1911
Ordination : 24 August 1945
Retired on : 18 February 1989
Demise : 04 April 2006

## MAR SEBASTIAN VALLOPPILLY

The First Bishop of Thalassery



റിഫ്രഷർ കോഴ്സ് രണ്ടാം ബാച്ച് പ്രോട്ടോ സിഞ്ചെല്ലൂസ്
മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.
2025 ജൂലൈ 16-18 : സന്ദേശഭവൻ - തലശ്ശേരി

ഓഗസ്റ്റ് 2025

വാല്യം 08
ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം
തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. Prot. No. 394/2025, Circular No. 11/2025 .......... 05
2. Prot. No. 406/2025, Circular No. 10/2025 .......... 09
3. കെസിബിസി സർക്കുലർ - കർഷകദിനം .......... 12
4. കെസിബിസി സർക്കുലർ - ജസ്റ്റിസ് സൺഡേ .......... 17
5. കച്ചേരിക്കാര്യം .......... 21
6. വൈദിക സമ്മേളനം - റിപ്പോർട്ട് .......... 28
7. റിഫ്രഷർ കോഴ്സ് - റിപ്പോർട്ട് .......... 31
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .......... 35
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .......... 42
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .......... 43
    തിരുബാലസഖ്യം .......... 48
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .......... 50
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .......... 54
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .......... 62
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .......... 64
    നിർമ്മലഗിരി കോളേജ് .......... 66
    TRACE .......... 69
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി .......... 71
    ADAM .......... 76
    കരിസ്മാറ്റിക് .......... 77
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .......... 79
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......... 83
    ബയോമൗണ്ടൻ .......... 88
    ഇൻഫാം .......... 90
16. ഓവർസീസ് അപ്ഡേറ്റ്സ് .......... 91
17. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 92
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 93
19. Engagements - August (Archbishop Mar Joseph Pamplany) .......... 95
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 96
21. Engagements - August (Archbishop Mar George Njaralakatt) .......... 97
22. Engagements - August (Archbishop Mar George Valiamattam) .......... 97
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 98

# സർക്കുലർ

മാർ ജോസഫ് പാംപ്ലാനി

Prot. No. 406 /2025, Circular No. 11/2025

## ലഹരിക്കെതിരെ ഉണരാം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മനുഷ്യവംശത്തോളം തന്നെ പഴക്കമുള്ളതാണ് ലഹരിയുടെ ഉപയോഗം. എന്നാൽ ഇത്രത്തോളം മനുഷ്യൻ ലഹരിക്കടിമപ്പെട്ട ഒരു കാലഘട്ടം മാനവരാശിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും തകർത്ത് തരിപ്പണമാക്കുന്ന കൊടും വിപത്താണ് ലഹരി എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. കൂടുതൽ ഗൗരവത്തോടെയും ആത്മാർത്ഥതയോടെയും നമ്മൾ ഈ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടതുണ്ട്. ലഹരിക്കടിമകളാകുന്നവർ നിരവധി ഗുരുതരമായ ശാരീരിക മാനസിക രോഗങ്ങൾക്കടിമകളാകുന്നുവെന്നത് ഇത്തരക്കാരുടെ അനുഭവങ്ങളിൽനിന്നുതന്നെ വ്യക്തമാണ്. സമീപകാലത്ത് നമ്മുടെ സംസ്ഥാനത്തെ പിടിച്ചുകുലുക്കിയ കൊലപാതക പരമ്പരകളുടെയും കുറ്റകൃത്യങ്ങളുടെയും പ്രധാന കാരണം ലഹരിയാണെന്ന കാര്യം നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. മിക്കവാറും പത്രവാർത്തകളുടെ അടിക്കുറിപ്പായി നമ്മൾ കാണുന്നത് 'പ്രതി ലഹരിക്കടിമയായിരുന്നു' എന്ന വാർത്തയാണ്. പ്രിയപ്പെട്ടവരെപ്പോലും ക്രൂരമായി കൊലചെയ്യുവാനും അരുമകളായ കുഞ്ഞുങ്ങളെപ്പോലും നിഷ്ഠൂരമായ പീഡനങ്ങൾക്കിരയാക്കാനും കഴിയുന്നവിധത്തിൽ ലഹരി മനുഷ്യന്റെ സുബോധത്തെ നഷ്ടപ്പെടുത്തുമെന്ന ഭീകര യാഥാർത്ഥ്യം നമ്മൾ അനുദിനമെന്നോണം കണ്ടുകൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങൾക്കും കൊലപാതകങ്ങൾക്കും മോഷണങ്ങൾക്കും മാത്രമല്ല, വാഹനാപകടങ്ങൾക്കും സാമ്പത്തിക തകർച്ചകൾക്കും വിവാഹ മോചനങ്ങൾക്കും പ്രധാന കാരണം ലഹരിയുടെ ഉപ

യോഗമാണെന്നത് സ്ഥിതിവിവര കണക്കുകളും വസ്തുതാപരമായ പഠനങ്ങളും തെളിയിക്കുന്നു. ലഹരിയുടെ വിശിഷ്യ, മദ്യത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് കുടിയേറ്റക്കാരായ നമ്മളെ ബോധവൽക്കരിക്കേണ്ട ആവശ്യമില്ല. കാരണം നമ്മുടെ ധാരാളം കുടുംബങ്ങൾ ഇതിന്റെ ബലി യാടുകളും ദുരന്തങ്ങൾപേറി ജീവിക്കുന്നവരുമാണ്.

സമൂഹത്തിന്റെ ഏറ്റവും മാരകവിപത്തായ ലഹരിക്കെതിരെ നമ്മൾ ഉണർന്നേ മതിയാകൂ. മദ്യത്തിലൂടെ ലഭിക്കുന്ന വരുമാനത്തെ ആശ്ര യിക്കുകയും പ്രസ്തുത വരുമാനം കൂട്ടുവാനുള്ള നടപടികൾ ഉത്സാ ഹപൂർവ്വം കൈക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ നീക്കം അപലപനീയമാണ്. മദ്യവർജ്ജനം പ്രഖ്യാപിത നയമാണെന്നും ഘട്ടം ഘട്ടമായി മദ്യ ലഭ്യത കുറക്കുമെന്നും പ്രഖ്യാപിച്ച് അധികാര ത്തിൽ എത്തിയ സർക്കാർ ഘട്ടം ഘട്ടമായി മദ്യലഭ്യത വർദ്ധിപ്പിച്ച് ഇപ്പോഴത്തെ അവസ്ഥയിൽ എത്തിച്ചിരിക്കുകയാണ്. ഇതൊരു ജനാ ധിപത്യ സർക്കാരിന് ഭൂഷണമല്ല. മദ്യത്തിന്റെ വില്പനയിലൂടെ ലഭി ക്കുന്ന വരുമാനത്തെ ആശ്രയിക്കുകയും ലഹരിക്കെതിരേ ബോധവ ത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നത് സർക്കാരിന്റെ ഈ കാര്യത്തിലുള്ള ഇരട്ടത്താപ്പും കാപട്യവും ആണ് വ്യക്തമാക്കുന്നത്. കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ വിറ്റഴിച്ചത് 19561 കോടി രൂപ യുടെ മദ്യമാണെന്നും ഇതിലൂടെ സർക്കാർ ഖജനാവിലേക്ക് ഒഴുകി യെത്തിയത് 14821 കോടിയുടെ നികുതിയാണെന്നുമുള്ള കണക്കുകൾ സർക്കാർ ജനങ്ങളെ കൊള്ളയടിക്കുന്നതിന്റെ ഭീകരചിത്രമാണ് വെളി പ്പെടുത്തുന്നത്. ലഹരിയിലൂടെ ലഭിക്കുന്ന നികുതിപ്പണത്തിന്റെ ലാഭ ത്തെക്കാൾ എത്രയോ പതിൻമടങ്ങ് നാശമാണ് ലഹരി സമൂഹത്തിൽ വിതക്കുന്നതെന്ന തിരിച്ചറിവിൽ ലഹരിക്കെതിരായ ഫലപ്രദവും സത്വ രവുമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. പോലീ സിന്റെയും എക്സൈസിന്റെയും കരങ്ങൾക്ക് നിയന്ത്രണമേർപ്പെടു ത്താതെ കൃത്യവും ശക്തവുമായ നടപടികൾ കൈക്കൊള്ളുവാൻ അവർക്ക് സ്വാതന്ത്ര്യം നല്കണം. ലഹരികേസുകളിൽ പിടിക്കപ്പെടു ന്നവർ എത്ര സ്വാധീനമുള്ളവരായാലും ശക്തമായ നിയമ നടപടി കൾ മുഖം നോക്കാതെ എടുക്കുവാനുള്ള ഇച്ഛാശക്തി സർക്കാരുകൾ പുലർത്തണം. തദ്ദേശ സ്ഥാപനങ്ങളുടെയും സ്കൂളുകളുടെയും നാട്ടു കാരുടെയും ഒക്കെ നേതൃത്വത്തിൽ ജാഗ്രതാ സമിതികൾ നിലവിൽ വരേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ പൊതുസമൂഹത്തിന്റെ മുൻപ ന്തിയിൽ വിശ്വാസികൾ ഉണ്ടാകണം. കാരണം ലഹരിക്കെതിരെയുള്ള പോരാട്ടം ദൈവരാജ്യ ശുശ്രൂഷതന്നെയാണ്.

തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ ലഹരിക്കെതിരായ പോരാട്ടത്തിന് പ്രത്യേകമായ സ്ഥാനമുണ്ട്. അതിരൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവാണ് കേരളസഭയിൽതന്നെ ഈ പോരാട്ടത്തിന് തുടക്കം കുറിച്ചത്. പിന്നീടങ്ങോട്ട് മോൺ. തോമസ് തൈത്തോട്ടത്തിലച്ചന്റെ ധീരമായ നേതൃത്വത്തിൻ ഈ രംഗത്ത് സഭക്കും സമൂഹത്തിനും ദിശാബോധം നല്കുന്ന പ്രസ്ഥാനമായി മദ്യവിരുദ്ധ പ്രസ്ഥാനം മാറിയെന്നത് അഭിമാനകരമാണ്. സമഗ്ര ലഹരിമുക്ത കേന്ദ്രമായി പ്രതീക്ഷ എന്ന സ്ഥാപനം ആരംഭിച്ചത് ഈ മേഖലയിലെ നമ്മുടെ അതിരൂപതയുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ അടയാളമാണ്. കുടിയേറ്റക്കാർക്കിടയിൽ 'കുടി ഏറി' വന്നപ്പോഴാണ് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് ഈ പ്രസ്ഥാനം ആരംഭിച്ചത്. എന്നാൽ ഇന്ന് നമ്മുടെ പോരാട്ടം കേവലം മദ്യപാനത്തിനെതിരായി മാത്രമല്ല ലഹരി എന്ന പൊതുവായ ശത്രുവിനും വിപത്തിനും എതിരായാണ്. മയക്കുമരുന്നിന്റെയും രാസലഹരിയുടെയും ഒക്കെ വൻ ഭീഷണിയുടെ മുന്നിലാണ് നമ്മുടെ പുതുതലമുറ.

ലഹരിക്കെതിരായി സമൂഹത്തിന്റെ യോജിച്ചതും ആത്മാർത്ഥവുമായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയ ഭേദമന്യേ പൊതു മുന്നേറ്റങ്ങൾ ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രസ്തുത പോരാട്ടങ്ങളുടെ മുൻപന്തിയിൽ സഭയും വിശ്വാസികളും ഉണ്ടാകണം. നമ്മുടെ അതിരൂപതയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അടിയന്തിര ആവശ്യമാണ്. തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളിലും മേഖലാസമിതികളും, മുഴുവൻ ഇടവകകളിലും യൂണിറ്റ് സമിതികളും നിലവിൽ വരണം. നമ്മുടെ അതിരൂപതയിലാണ് ഈ പ്രവർത്തനങ്ങൾക്കായി സ്ത്രീകൾക്കുവേണ്ടി ആദ്യമായി മുക്തിശ്രീ എന്ന പേരിൽ പ്രസ്ഥാനം ആരംഭിച്ചതും കുട്ടികൾക്കിടയിൽ പ്രവർത്തിക്കാൻ ആന്റി ഡ്രഗ്സ് സ്റ്റുഡൻസ് യൂണിയൻ (ADSU) എന്ന പ്രസ്ഥാനം ആരംഭിച്ചതും നമുക്ക് അഭിമാനകരമാണ്. ഈ പ്രസ്ഥാനങ്ങളെയൊക്കെ നമ്മൾ ശക്തിപ്പെടുത്തണം. ഇതിനായി നിങ്ങൾ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. മദ്യപാനം ഒരു 'ആസക്തി' രോഗമാണെന്ന കാര്യംകൂടി മനസ്സിലാക്കി പ്രസ്തുത ആസക്തിക്ക് അടിമകളായവരുടെ മോചനത്തിനായി കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടെയും സഹായത്തോടെയും പ്രവർത്തിക്കുന്ന പ്രതീക്ഷ എന്ന സമഗ്ര ലഹരിമുക്ത കേന്ദ്രത്തിന്റെ സേവനം ആവശ്യമുള്ളവർ പ്രയോജനപ്പെടുത്തണം.

കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സംവിധാനങ്ങളും ചികിത്സയും ആണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. സമൂഹത്തിന്റെയും തലമുറകളുടെയും അന്തകനാകുന്ന ലഹരി എന്ന മഹാവിപത്തിനെതിരെ നമുക്ക് കരുതലിന്റെ കാവലാളുകളാകാം. തികഞ്ഞ സമർപ്പണത്തോടും തീക്ഷ്ണതയോടുംകൂടെ ലഹരിക്കെതിരായ പോരാട്ടത്തിൽ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന എല്ലാ മദ്യവിരുദ്ധ പ്രവർത്തകരെയും മുക്തിശ്രീ പ്രവർത്തകരെയും എ. ഡി. എസ്. യു. പ്രവർത്തകരെയും ഞാൻ അഭിവാദ്യം ചെയ്യുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരായ പോരാട്ടത്തിൽ അണിചേരാൻ എല്ലാ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. 'മദ്യപാനി ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല' (ഗലാ 5:21) എന്ന തിരുവചനം ഈ ദൈവരാജ്യ ശുശ്രൂഷയിൽ വ്യാപൃതരാകാൻ നമുക്ക് പ്രേരകമാകട്ടെ. മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങളെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ജൂലൈ 16 ന് കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 ഓഗസ്റ്റ് 03-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 396 /2025, Circular No. 10/2025

## മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ് (MSM)

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തലശ്ശേരി അതിരൂപതയിൽ *മിഷനറി സൊസൈറ്റി ഫോർ ദ മാർജിനലൈസ്ഡ്* എന്ന പേരിൽ ഒരു അപ്പസ്തോലിക ജീവിതസമർപ്പണ സമൂഹത്തിന് രൂപം കൊടുക്കുകയാണ്. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമവും (c. 571) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളും (AD 8, LG 45) സമർപ്പണജീവിതത്തിന്റെ വ്യത്യസ്തമായ ദാനങ്ങൾ ദൈവജനത്തിന്റെയും സഭയുടെയും നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ വെളിപ്പെടുത്തുമ്പോൾ അത് വിവേചിച്ചറിയുവാനും പ്രോത്സാഹിപ്പിക്കുവാനും സഭാശുശ്രൂഷകരായ മെത്രാന്മാർക്ക് ഉത്തരവാദിത്വമുണ്ടെന്ന് പ്രസ്താവിക്കുന്നുണ്ട്.

എം.സി.ബി.എസ്. സഭാംഗമായിരുന്ന ദിവംഗതനായ ബഹു. ജോർജ് കുറ്റിക്കൽ അച്ചൻ രൂപം കൊടുത്ത ആകാശപ്പറവകൾ എന്ന പ്രസ്ഥാനത്തെക്കുറിച്ച് നമുക്ക് അറിവുള്ളതാണല്ലോ. ദിവ്യകാരുണ്യ ഈശോയുടെ കാരുണ്യത്തിന്റെ മുഖമായി ബഹു. ജോർജ് കുറ്റിക്കലച്ചൻ ജനമനസ്സുകളിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. സമൂഹത്തിൽ സർവ്വരും അവഗണിച്ച മാനസിക വിഭ്രാന്തി സംഭവിച്ച സഹോദരങ്ങളെയും രോഗികളെയും യാചകരെയും ഏറ്റെടുത്ത് ശുശ്രൂഷിക്കുന്ന സമൂഹമായി ആകാശപ്പറവകൾ മാറി. 32 വർഷങ്ങൾക്കുമുമ്പ് 1993 ആഗസ്റ്റ് 6 നാണ് ആകാശപ്പറവകൾക്ക് ബഹു. ജോർജ് കുറ്റിക്കലച്ചൻ ആരംഭം കുറിക്കുന്നത്. 'ദിവ്യകാരുണ്യ ഉടമ്പടിയുടെ പുത്രിമാർ' എന്ന

പേരിൽ സ്ത്രീകൾക്കുവേണ്ടിയും (ഡിസം. 25, 1997) 'ദിവ്യകാരുണ്യ ഉട മ്പടിയുടെ പുത്രന്മാർ' എന്ന പേരിൽ പുരുഷന്മാർക്കുവേണ്ടിയും (മെയ് 2, 1998) രണ്ട് വ്യത്യസ്ത സമൂഹങ്ങൾ രൂപപ്പെട്ടു. തലശ്ശേരി അതിരൂ പതയിലാണ് ഈ രണ്ട് സമൂഹങ്ങൾക്കും ആരംഭം കുറിച്ചത്. പിന്നീട് ഇന്ത്യ മുഴുവൻ ആകാശപ്പറവകളുടെ സമൂഹത്തിന്റെ പ്രവർത്തന ങ്ങൾ വ്യാപിച്ചു. 2000-ാം ആണ്ടിൽ റോമിലെ അല്മായർക്കുവേണ്ടി യുള്ള തിരുസംഘത്തിന്റെ പ്രീഫെക്ടായിരുന്ന കർദ്ദിനാൾ ജെയിംസ് ഫ്രാൻസിസ് സ്റ്റഫോർടിന്റെ നിർദ്ദേശപ്രകാരം ബഹു. ജോർജ് കുറ്റി ക്കലച്ചൻ ഡൽഹി ആർച്ചുബിഷപ് അഭിവന്ദ്യ വിൻസെന്റ് കോൺചെൻസോ പിതാവിനെ സമീപിക്കുകയും ആകാശപ്പറവകളുടെ സമൂഹത്തെ ഒരു പയസ് അസോസിയേഷനായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ആകാശപ്പറവകളുടെ സമൂഹത്തെ ഒരു പയസ് അസോസിയേഷനായി ഡൽഹി രൂപതാധ്യക്ഷൻ പ്രഖ്യാപിച്ചു. 2016 വരെ ഡൽഹി രൂപതയുടെ കീഴിലുള്ള പയസ് അസോസിയേഷ നായി ആകാശപ്പറവകളുടെ സമൂഹം നിലനിന്നു.

2016 ൽ ബഹു. ജോർജ് കുറ്റിക്കലച്ചൻ ആകാശപ്പറവകളുടെ സമൂ ഹത്തെ സീറോ മലബാർ സഭയിലെ ഒരു പയസ് അസോസിയേഷ നായി അംഗീകരിക്കുവാൻ മേജർ ആർച്ചുബിഷപ്പിന്റെ പക്കൽ അപേക്ഷ സമർപ്പിച്ചു. 2024 ജനുവരി 29 ന് ആകാശപ്പറവകളിലെ അംഗങ്ങൾ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ ഈ അപേക്ഷയുമായി വീണ്ടും സമീപിച്ചു. ആകാശപ്പറവകളുടെ സമൂഹത്തിന്റെ തുടക്കം തലശ്ശേരി അതിരൂപത യിൽ ആയിരുന്നതിനാൽ തലശ്ശേരി അതിരൂപതാദ്ധ്യക്ഷനാണ് ഈ സമൂഹത്തെ പയസ് അസോസിയേഷനായി അംഗീകരിക്കേണ്ടതെന്ന നിർദ്ദേശം മേജർ ആർച്ചുബിഷപ്പ് നല്കി. ആകാശപ്പറവകളുടെ സമൂ ഹത്തിന്റെ ജീവനാഡിയായിരുന്ന ബഹു. ജോർജ് കുറ്റിക്കലച്ചന്റെ വിയോഗം ഈ സമൂഹത്തിലെ അംഗങ്ങളെ ദുർബലരാക്കി. സഭയിൽ പ്രത്യേക കാനോനിക പദവികളൊന്നുമില്ലാതെ ഒരു സമർപ്പിത സമൂ ഹമായി ജീവിക്കുന്നതിന്റെ പ്രതിസന്ധികൾ ഈ സമൂഹത്തിലെ അംഗ ങ്ങൾ എന്നെ അറിയിച്ചു. ഈ സമൂഹത്തിന്റെ കാരിസവും പ്രവർത്തനരീതിയും ആഴത്തിൽ മനസ്സിലാക്കിയപ്പോൾ ഈ സമൂ ഹത്തെ ഒരു അപ്പസ്തോലികജീവിത സമർപ്പണ സമൂഹമായി ഉയർത്താനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുവാൻ ഇടയായി.

തലശ്ശേരി അതിരൂപതാംഗമായ ബഹു. സെബാസ്റ്റ്യൻ മണപ്പാത്തു പറമ്പിലച്ചൻ 2006 മുതൽ തെരുവിലെ മനുഷ്യരുടെയും അനാഥരായ കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിനായി സമാനതകളില്ലാത്ത

ശുശ്രൂഷ നിർവ്വഹിച്ചുവരികയാണ്. ആകാശപ്പറവകളുടെ പ്രവർത്തന രീതികളിലും കാരിസത്തിലും ബഹു. സെബാസ്റ്റ്യനച്ചന്റെ ശുശ്രൂഷാ മേഖലകളുമായി സാദൃശ്യമുള്ളതിനാൽ ബഹു. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിലച്ചന്റെ ശുശ്രൂഷകൾ ആകാശപ്പറവകളുടെ സമൂഹവുമായി ഒരുമിച്ച് കൊണ്ടുപോകാനുള്ള സാധ്യതകൾ ഞാൻ അച്ചനോട് ആലോചിച്ചു. അച്ചൻ സന്തോഷത്തോടെ ഈ ദൗത്യം ഏറ്റെടുക്കുവാൻ തയ്യാറായതിനാൽ ആകാശപ്പറവകളിലെ അംഗങ്ങളെ പൗരസ്ത്യ കാനോൻ നിയമത്തിലെ 572-ാം നമ്പർ കാനൻ അനുസരിച്ച് ഒരു അപ്പസ്തോലികജീവിത സമർപ്പണസമൂഹമായി പ്രഖ്യാപിക്കുകയാണ്. പുതിയതായി രൂപംകൊണ്ട സമൂഹത്തിന്റെ നിയമാവലി സീറോമലബാർ സഭയുടെ സ്ഥിരം സിനഡ് അംഗീകരിക്കുകയും മേജർ ആർച്ചുബിഷപ്പിന്റെ സമ്മതപത്രം ലഭിക്കുകയും ചെയ്തു.

പുതിയ സമൂഹത്തിന്റെ ഔദ്യോഗിക പ്രഖ്യാപനവും അംഗങ്ങളുടെ പ്രഥമ വ്രതവാഗ്ദാനവും 2025 ജൂലൈ 30 ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ചെമ്പേരി ലൂർദ്ദ്മാതാ ബസിലിക്കയിൽവച്ച് നടക്കുകയാണ്. ദൈവരാജ്യത്തിന്റെ വ്യാപനത്തിന് ഈ പുതിയ അപ്പസ്തോലിക ജീവിത സമൂഹത്തിന്റെ രൂപീകരണം കാരണമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഈശോയുടെ കാരുണ്യത്തിന്റെ സ്പർശനം സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നല്കുവാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ അതിരൂപതയിൽ സ്ഥാപിതമാകുന്ന ആദ്യത്തെ അപ്പസ്തോലികജീവിത സമർപ്പണസമൂഹമാണിത്. ഈ സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ജൂലൈ 30 ന് ചെമ്പേരി ബസിലിക്ക ഇടവകാംഗങ്ങളെയും സമീപപ്രദേശത്തെ ഇടവകകളിൽനിന്നുള്ള ദൈവജനത്തെയും ഈ ചടങ്ങുകളിലേക്ക് സ്നേഹത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. കഴിയുന്നിടത്തോളം വൈദികർ ഈ ചടങ്ങിൽ പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് ഒരുങ്ങുന്ന നമ്മുടെ അതിരൂപതയ്ക്ക് ദൈവം നല്കിയ ഈ ദാനത്തിന് നമുക്ക് നന്ദി പറയാം.

സ്നേഹത്തോടെ,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ജൂലൈ 25 ന് വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 ജൂലൈ 27-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

Ref: 4124/K-35/KCBC/OL/DS 23.07.2025

# 2025 ആഗസ്റ്റ് 17 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ, യുവജനങ്ങളെ, കുഞ്ഞുങ്ങളെ,

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കർഷകർ കടന്നു പോവുകയും, നാടിറങ്ങുന്ന വന്യമൃഗങ്ങളാൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും അപരിഷ്കൃത നാടുകൾക്ക് സമാനം കേരളത്തിന്റെ വഴിയോരങ്ങളിൽ ജനങ്ങളുടെ സൈ്വര്യവിഹാരത്തെ അപകടത്തിലാക്കും വിധം തെരുവ് നായ്ക്കൾ പെരുകുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹ്യപ്രതിസന്ധികൾക്ക് നടുവിലാണ് കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. അന്നം തരുന്നവന്റെ സങ്കടങ്ങൾ സർക്കാരുകൾ തുടർച്ചയായി അവഗണിക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടുകളിലേക്ക് വിശ്വാസസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം.

കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന്റെ ഉത്സവനാളുകൾ കൂടിയായ ഈ ഓണക്കാലത്ത് കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തിയിരുന്ന കാർഷിക സംസ്കാരത്തെ അനുസ്മരിക്കാനുമായി ഈ ഞായറാഴ്ച നമുക്ക് മാറ്റിവയ്ക്കാം.

### കാർഷിക വൃത്തിയും സംസ്കാരവും

കാർഷികവൃത്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ലോകത്തിലെ എല്ലാ സംസ്കാരങ്ങളും വളർന്നു വന്നത് കൃഷിയിൽ നിന്നാണെന്ന് നാം മനസ്സിലാക്കണം. കൃഷിക്കു വേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് സിന്ധുനദീതട സംസ്കാരം പോലെയുള്ള മഹത്തായ ലോക സംസ്കാരങ്ങൾ ആവിർഭവിച്ചത്. കേരളത്തെക്കുറിച്ച് പറയുമ്പോൾ മലയാളിയുടെ നന്മനിറഞ്ഞ സംസ്കാരത്തെ രൂപപ്പെടുത്തിയതിൽ പ്രധാന പങ്കു വഹിച്ചത് കൃഷിയായിരുന്നുവെന്ന് പറയേണ്ടിവരും. നെല്ലും വയലും പച്ചക്കറിത്തോട്ടങ്ങളും എല്ലാംകൂടി നമ്മുടെ ചുറ്റുപാടുകളിൽ സൃഷ്ടിച്ച ഒരു സംസ്കാരം ഉണ്ടായിരുന്നു. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലരാക്കി എടുക്കുന്ന കർഷകൻ സ്കൂൾ അധ്യാപകനേക്കാൾ വലിയ ജീവിതമൂല്യങ്ങളായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നത്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും കൂട്ടിച്ചേർത്തുനിർത്തലിന്റെയും പ്രോത്സാഹനത്തിന്റെയും ദയയുടെയുമൊക്കെ വലിയ സുവിശേഷ പാഠങ്ങളാ

യിരുന്നു അവ. കുട്ടികളെ കൂടെനിർത്തി നടുകയും വളമിടുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയ കാല മാതാപിതാക്കൾ പകർന്നു കൊടുത്തിരുന്ന ഉദാത്തമായ മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നിരുന്നത്.

**ക്രിസ്തുവിന്റെ മനസ്സിലെ കൃഷിക്കാരൻ**

നമ്മുടെ കർത്താവ് ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ മെനഞ്ഞെടുത്ത ഉപമകളിൽ ഏറിയപങ്കും കൃഷിയോടും കൃഷിക്കാരോടും ബന്ധപ്പെടുത്തിയുള്ളതായിരുന്നുവെന്ന് നാം മറന്നുകൂടാ. തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ കൃഷിക്കാരായിരുന്നു. മുന്തിരി കൃഷിയും മീൻപിടുത്തവും ആടുമേയ്ക്കലും ഗോതമ്പ് കൃഷിയുമൊക്കെ അവരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളായിരുന്നു. ആയതിനാൽ അവരുടെ കൃഷിയിടങ്ങളിൽ നിന്ന് മിശിഹാ തമ്പുരാൻ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ മെനഞ്ഞു. ദൈവരാജ്യം വയലിൽ വിതയ്ക്കപ്പെട്ട വിത്തിന് തുല്യമാണെന്ന് പറഞ്ഞപ്പോഴും ദൈവരാജ്യം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർക്ക് സമാനമാണെന്ന് പറഞ്ഞപ്പോഴുമൊക്കെ അവിടുന്ന് കർഷകന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. പിന്നീട് അവിടുന്ന് നല്ലിടയന്റെ ഉപമ പറഞ്ഞു; കടുകുമണിയുടെ ഉപമ പറഞ്ഞു; കടലിൽ എറിയപ്പെട്ട വലയുടെ ഉപമ പറഞ്ഞു. അങ്ങനെ എത്രയോ ഉപമകളാണ് കർഷകബന്ധിയായി അവിടുന്ന് പറഞ്ഞത്. കൃഷിയേയും കർഷകരെയും നമ്മുടെ കർത്താവ് സ്നേഹിച്ചുവെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് കത്തോലിക്കാ സഭയും സഭയുടെ മാധ്യമങ്ങളും കർഷകർക്കുവേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നത്.

**കടുത്ത കർഷക അവഗണന**

"വിതയ്ക്കുന്ന കൈകളാണ് നമ്മുടെ ജീവൻ. കർഷകൻ നമ്മുടെ അമ്മയും പിതാവും" എന്നൊരു ചൊല്ലുണ്ടല്ലോ. കൃഷിക്കാരനെ ആദരവോടെ കണ്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാർഷിക വിളവെടുപ്പുകൾ ഉത്സവം പോലെയാണ് നമ്മുടെ നാട്ടിൽ കൊണ്ടാടിയിരുന്നത്. എന്നാൽ ഇന്ന് ആ കാലമൊക്കെ പോയിരിക്കുന്നു. കർഷകൻ അധികാരികളുടെ മുമ്പിൽ അടിയാനെപ്പോലെ തൊഴുതു നിൽക്കേണ്ട ഗതികേടിലായിരിക്കുന്നു. ഉദ്പാദനം മുതൽ വിപണനം വരെ സർവ്വ മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയുമാകട്ടെ, അത് നെല്ലോ, റബ്ബറോ, ഏലമോ, കപ്പയോ എന്തുമാകട്ടെ, കർഷകന്റെ ജീവസന്താരണത്തിന് ഉപകരിക്കപ്പെടാത്തവിധം വില തകർച്ചയെ നേരിടുകയോ വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. വിറ്റ നെല്ലിന്റെ വില കിട്ടാതെ ലോണെടുത്ത പണ

ത്തിന് പലിശയടച്ച് കടക്കെണിയിലായിരിക്കുകയാണ് നെൽക്കർഷകർ. 89 കോടി രൂപയുടെ നെല്ല് സപ്ലൈകോ സംഭരിച്ചതിൽ ഇതുവരെ കർഷകർക്ക് കൊടുത്തത് 27 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് അപ്പർ കുട്ടനാട്ടിലെ നെൽക്കർഷകർ 1300ഓളം ഏക്കർ പാടത്ത് അടുത്ത വിത വേണ്ടെന്ന സങ്കടകരമായ തീരുമാനത്തിലെത്തിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപ്പോലും അവഗണിക്കുകയാണ്. ഇതിന്റെ കൂടെ കർഷകന്റെ സ്വപ്നങ്ങളുടെ മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഉദ്പാദനച്ചിലവും ഉയർന്നിരിക്കുന്നു. 50 രൂപ മുതൽ 250 രൂപ വരെയാണ് ഈ വർഷം രാസവളങ്ങൾക്ക് വില കൂട്ടിയത്. രണ്ടു വർഷത്തിനിടയിൽ കേന്ദ്രസർക്കാർ വളം സബ്സിഡിയിൽ വെട്ടിക്കുറച്ചത് 84,000 കോടി രൂപയാണ്. റബർ കർഷകരുടെ കാര്യവും ദയനീയമാണ്. 250 രൂപ നൽകുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കഴിഞ്ഞ വർഷം കോട്ടയം, ഇടുക്കി ജില്ലകളിലായി 220 കോടിയുടെ കൃഷി നാശമാണുണ്ടായത്. ഒന്നിനും പരിഹാരമുണ്ടാകുന്നില്ല. കർഷകന്റെ രോദനങ്ങൾക്ക് ചെവി കൊടുക്കാൻ തയ്യാറാകാതെ സർക്കാർ സംവിധാനങ്ങൾ കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിയിരിക്കുന്നു. കർഷകന്റെ മക്കളുടെ വിവാഹംപോലും നടക്കാതെ പോകുന്നു. മാധ്യമങ്ങൾ പോലും കർഷകന്റെ പക്ഷം നിൽക്കാൻ മടിക്കുകയാണ്.

**വന്യജീവി ആക്രമണവും തെരുവുനായ ശല്യവും**

ഇതിനെല്ലാം പുറമേയാണ് മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് കടന്നു കയറി വന്യജീവികൾ നടത്തുന്ന ഭീകരാക്രമണം. 2024 മുതൽ 2025 കഴിഞ്ഞ മാസം വരെ എൺപത്തഞ്ചോളം മനുഷ്യജീവനുകളാണ് വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടപ്പെട്ടത് എന്നത് മനുഷ്യപ്പറ്റുള്ള ഏതൊരു സർക്കാരിന്റെയും ഉറക്കം കെടുത്തുന്ന ഭീകരമായ കണക്കാണ്. എന്നാൽ ഇന്ന് മനുഷ്യ ദുരിതങ്ങളുടെ മേൽ വീണമീട്ടി രസിക്കുന്ന വകുപ്പായി വനം വകുപ്പ് മാറിക്കഴിഞ്ഞു. അവർക്ക് നിയമാനുസൃത ഭൂമിയിൽ സ്ഥാപിക്കപ്പെട്ട കുരിശുകൾ പൊളിച്ചുമാറ്റി വിശ്വാസത്തെ ആക്ഷേപിക്കാൻ തിടുക്കമാണ്. എന്നാൽ ആനയിൽനിന്നും പുലിയിൽ നിന്നുമൊക്കെ മനുഷ്യനെ രക്ഷിക്കാൻ യാതൊരു തിടുക്കവുമില്ല. സംസ്ഥാന ചരിത്രം കണ്ടതിൽ വച്ച് ഏറ്റവും കഴിവുകെട്ട വകുപ്പായി വനംവകുപ്പ് മാറിക്കഴിഞ്ഞു. 2022-25 കാലഘട്ടത്തിൽ പാലക്കാടും വയനാടുമൊക്കെയായി ഏഴായിരത്തിൽപ്പരം കേസുകളാണ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത് എന്നറിയുമ്പോൾ എത്രമാത്രം ഭീകരമാണ് അതെന്ന് ചിന്തിച്ചു നോക്കൂ.

മനുഷ്യവിരുദ്ധമായ എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതാനുള്ള ആർജ്ജവത്വം ജനപ്രതിനിധികൾ കാണിക്കണം. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പറഞ്ഞതുപോലെ അക്രമകാരികളായ മൃഗങ്ങളെ കൊന്നു നിയന്ത്രിക്കണം. അതിനുള്ള നിയമം പാസാക്കാൻ രാഷ്ട്രീയ ഭേദമന്യേ ജനപ്രതിനിധികൾ ഒന്നിക്കണം. മനുഷ്യ വിരുദ്ധമായ എല്ലാ മൃഗസ്നേഹ വാഴ്ത്തലുകളെയും നാം സംഘടിതമായി ചെറുത്തു തോൽപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിലും അതിന്റെ ഇറച്ചി ചന്തയിൽ വാങ്ങാൻ കിട്ടുമെന്ന് ഓർക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ അതിക്രമിച്ചു കയറുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം മലയോര മേഖലകളിലെ കർഷക കൂട്ടായ്മകൾക്ക് നൽകണമെന്ന് കർഷകർക്ക് വേണ്ടി കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തെരുവ് നായ്ക്കൾ കടിച്ചു കൊന്നിട്ട താറാവുകളെയോർത്ത് വിലപിക്കുന്ന താറാവ് കർഷകരുടെ വിലാപം നാം കേട്ടു. കേരളം ഇന്ന് നായ്ക്കളുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ 10 കിലോ മീറ്ററിലും 10 തെരുവുനായ്ക്കളെയെങ്കിലും കാണാവുന്ന ദുർഗതിയിലായിരിക്കുന്നു. നമ്മുടെ നാട്ടിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒന്നരലക്ഷം പേരെയാണ് തെരുവുനായ്ക്കൾ കടിച്ചത് എന്ന വസ്തുത എത്ര ഭീകരമാണ്! മലപ്പുറത്തും തിരൂരങ്ങാടിയിലും പത്തനാപുരം വിളക്കുടിയിലും വാക്സിൻ എടുത്തിട്ടും മരിച്ചുപോയ ഈ നാടിന്റെ കുഞ്ഞുങ്ങളെ കണ്ണീരണിയാതെ നമുക്ക് ഓർമ്മിക്കാൻ ആവുമോ? വെറ്റിനറി ഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇന്ത്യൻ വെറ്റിനറി അസോസിയേഷൻ, കേരള നായ്ക്കളുടെ വന്ധ്യംകരണംകൊണ്ട് അടുത്തകാലത്തൊന്നും അവയെ നിയന്ത്രിക്കാനാവില്ല എന്നും അവയെ നശിപ്പിക്കുക മാത്രമേ വഴിയുള്ളു എന്നും പറഞ്ഞിട്ടും എന്ത് ഫലപ്രദമായ നടപടിയാണ് സർക്കാരിനെടുക്കാൻ കഴിഞ്ഞത്? ഇത്ര മാത്രം ജനങ്ങളെ ബാധിച്ച ഒരു വിഷയത്തിൽ കുഞ്ഞുങ്ങൾപോലും മൃതിയടഞ്ഞിട്ടും സ്വമേധയാ കേസെടുക്കാൻ പറ്റുന്ന ഒരു ജഡ്ജിപോലും നമ്മുടെ ഹൈക്കോടതിയിൽ ഇല്ലാതെ പോയല്ലോ എന്നോർത്ത് നാം സങ്കടപ്പെടുന്നു.

**സത്വര നടപടികൾ ആവശ്യം**

സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് കൃഷികൊണ്ട് ജീവിക്കാനാവില്ല. കർഷകരോട് ആത്മാർത്ഥത ഉണ്ടെങ്കിൽ അവരുടെ പെൻഷനും കൃഷിനാശംമൂലം ഉണ്ടായ നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് മുൻഗണന

നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. കർഷകർക്കെതിരെ ചാർത്തപ്പെട്ട കേസുകൾ പിൻവലിക്കണം. വന്യജീവി ആക്രമണങ്ങൾ ചെറുക്കാൻ പര്യാപ്തമാകും വിധം പരിഷ്കൃത രാജ്യങ്ങളുടേതിനു സമാനം വനത്തിന് ചുറ്റും കിടങ്ങുകളും ഇലക്ട്രിക് ഫെൻസിങ്ങുകളും ശക്തമായ വേലിക്കെട്ടുകളും നിർമ്മിക്കണം. വിറ്റ ഉൽപന്നങ്ങളുടെ വില രണ്ടാഴ്ചക്കുള്ളിൽ നൽകാൻ നടപടി ഉണ്ടാകണം. സാമൂഹിക ജീവിതത്തിന് ഭീഷണിയാകുന്ന തെരുവ് നായ്ക്കളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരിക്കണം. എറണാകുളം ജില്ലയിലെ ചെല്ലാനം തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനായുള്ള സമരത്തിനും വേഗത്തിൽ പരിഹാരം ഉണ്ടാകണം. കർഷകരുടെ സങ്കടങ്ങൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

**കാർഷിക സംസ്കാരം വീണ്ടെടുക്കാം**

കാർഷിക സംസ്കാരം നമ്മുടെ നാട്ടിൽ നിലനിർത്തിയിരുന്ന നന്മയുടെ ഇന്നലെകളെ ഈ ഓണക്കാലത്ത് നമുക്ക് അനുസ്മരിക്കാം. കൃഷിയുടെ സംസ്കാരം അന്യം നിന്ന് പോകാതിരിക്കാൻ എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കാൻ കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്ത് നമുക്ക് കൈമോശം വന്നുപോയ കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. നമ്മുടെ യുവതലമുറയുടെ മൂല്യബോധം നിർണ്ണയിക്കുന്നതിൽ കൃഷിക്ക് വലിയ പങ്കുണ്ടെന്ന് മറക്കാതിരിക്കാം. ഒഴിവു സമയങ്ങളിൽ ഡോക്ടറും എഞ്ചിനീയറും അധ്യാപകനും ഒക്കെ കൃഷിക്കാരൻ ആകണം. നാം സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യ വിഭവങ്ങൾ കൂട്ടി ആഴ്ചയിൽ ഒരിക്കലെങ്കിലും ആഹാരം കഴിക്കാൻ കഴിഞ്ഞാൽ ഈ കാലത്ത് അത് വലിയ ഭാഗ്യം തന്നെയാകും. കർഷകന്റെ ശബ്ദമായ ഇൻഫാമിന് നിങ്ങൾ ഏവരുടെയും ശക്തമായ പിന്തുണയും സഹായവും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമിജിയസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No: 4123/K-5/KCBC/OL/DS 21.07.2025

## ജസ്റ്റിസ് സൺഡേ (നീതിഞായർ) 2025 ആഗസ്റ്റ് 17

### കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദലിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്.1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധമത ദളിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെകുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും, ഉദ്യോഗ-വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ ഏകദേശം രണ്ട് കോടിയിൽ പരം വിശ്വാസികളിൽ ഭൂരിപക്ഷവും ദളിത് വിഭാഗത്തിൽനിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും ആണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടക വീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെ തന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദളിത് ക്രൈസ്തവർക്ക് നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലെയും കമ്മ്യൂണിറ്റി ക്വാട്ടയിലും ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുകയില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണമാണ് വിദ്യാഭ്യാസത്തിന് ദളിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസത്തിന് അവർക്ക് ലഭിക്കുന്ന സംവരണം ½% മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും ക്ലാസ് IVൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാ നവീകരണ

ത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദളിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ ആഗസ്റ്റ് 10 പ്രതിഷേധദിനമായും CBCIയുടെ ആഹ്വാന പ്രകാരം ആഗസ്റ്റ് 17 ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദളിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്ക മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘടനയുടെ സപ്തതി വർഷം ഇപ്പോൾ (1905–2025) ആഘോഷിക്കുകയാണ്. **2024–2025 അദ്ധ്യായന വർഷം** എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈവരിച്ചവർക്കുള്ള

ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. **അപേക്ഷകൾ ആഗസ്റ്റ് 30ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദളിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യം) ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

---

NB: 2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരിക്കാര്യം
## ഓഗസ്റ്റ് 2025

**1. ആഗസ്റ്റ് 4 വിയാനി ഡേ**

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണല്ലോ ആഗസ്റ്റ് 4. എല്ലാ വൈദിക സഹോദരങ്ങൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. അന്നേ ദിനം ദൈവാലയങ്ങളിൽ വിയാനി പുണ്യാളനെക്കുറിച്ച് അനുസ്മരണം നടത്തുകയും വിശുദ്ധന്റെ മാധ്യസ്ഥം തേടി വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

**2. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ അധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 114-ാം ജന്മദിനമാണ് ആഗസ്റ്റ് 4 ന്. അന്നേ ദിവസം വന്ദ്യപിതാവിനെ പ്രത്യേകം നമുക്ക് അനുസ്മരിക്കാം.

**3. പുതിയ നിയമനങ്ങൾ**

1. റവ. ഫാ. സെബാസ്റ്റ്യൻ ചെന്നോത്ത് : വികാരി ലിസ്സിഗിരി (അധിക ചുമതല)
2. റവ. ഫാ. ഇമ്മാനുവേൽ കൂനങ്കിയിൽ : ട്രൈബ്യൂണൽ ജഡ്ജ് (അധിക ചുമതല)
3. റവ. ഫാ. സിജോ കണ്ണംമ്പുഴ OM : ട്രൈബ്യൂണൽ ജഡ്ജ്

**4. ആശംസകൾ**

**1. റവ. ഫാ. മാർട്ടിൻ വരിക്കാനിക്കൽ:** അമേരിക്കയിലെ ലോസ് ആഞ്ചലസ് അതിരൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. മാർട്ടിൻ വരിക്കാനിക്കൽ അച്ചന് അനുഗ്രഹീതമായ അജപാലന ശുശ്രൂഷ ആശംസിക്കുന്നു.

Address: Fr. Martin Varickanickal
St. Joseph's Church,11901 Acacia Ave Hawthorne
CA 90250 Los Angeles, Cell: +18185335889

**2. റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ:** അജപാലന ശുശ്രൂഷയ്ക്കായി ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയിലേക്ക് പോകുന്ന ബഹു. ജോസഫ് വടക്കേപറമ്പിലച്ചന് പ്രാർത്ഥനാശംസകൾ.

Address: Rev. Fr. Joseph Vadakeparambil
Southend-on - sea presbytery
2 Mannersway, SS2 6 PT

**5. ബഹു. വൈദികരുടെ വാർഷികധ്യാനം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായാണ് നടക്കുന്നത്. 2025 സെപ്തംബർ 14 ഞായറാഴ്ച മുതൽ 19 വെള്ളിയാഴ്ച വരെ ആദ്യബാച്ചിന്റെയും സെപ്തംബർ 21 ഞായറാഴ്ച മുതൽ സെപ്തംബർ 26 വെള്ളിയാഴ്ച വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. രണ്ടു ബാച്ചുകളുടെയും ധ്യാനം പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിലാണ് നടക്കുന്നത്. ഷംസാബാദ് രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പ്രിൻസ് പാനേക്കാടൻ പിതാവാണ് ഈ വർഷത്തെ ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**Annual Retreat for Priests First Batch (Sept. 14-19)**

**Rev. Frs (Sl.No & Name)**

01 Achandiyil George
02 Alamkottu Mathew
03 Amakattu Thomas
04 Ambattu Sebastian
05 Anacharil Joseph
06 Anakallil Antony
07 Anikuzhikattil Mathew
08 Anthyamkulam Johnson
09 Arackal Augustine
10 Asarikunnel George
11 Asariparambil Mathew
12 Chackamkunnel Augustine
13 Chakkananickal Scaria
14 Chakkanikunnel Thomas
15 Chakkittamuriyil Thomas
16 Chalil George
17 Chathanattu Joseph
18 Chelamaram George
19 Chellamkottu James
20 Chellamkottu Joseph
21 Chellamkottu Mathew
22 Chembakasseril Cherian
23 Chempananickal John
24 Cherunilam Augustine
25 Edathinakath Paul
26 Edayadiyil Sebastian
27 Edukkunnel Elias
28 Elavumkunnel George (Snr.)
29 ElavumkunnelGeorge (Jnr.)
30 Eruppakkatt Philip
31 Ikkaraparambil Joseph
32 Kadakkuzhayil Jude
33 Kakkaramattathil Joseph
34 Kakkattil Jose
35 Kalappura George
36 Kalappurrackal Chacko
37 Kalapurackal Varghese
38 Kalarickal Joseph
39 Kaniparambil Sebastian
40 Kanjirakkattu George
41 Kanjirathinkal Joseph

42 Karakkattu Philip
43 Karikkathadathil George
44 Karingalilkkattil Joseph
45 Karottu George
46 Karukamalil Joseph
47 Kochuparambil Alex
48 Kochupurackal Abraham
49 Kolakunnel Kuriakose
50 Koluthappallil Joseph
51 Konnayil Thomas
52 Konoor Devasia Ofm Cap.
53 Koonankiyil Emmanuel
54 Koovapparayil John
55 Kottarathil Joseph
56 Kottukapally Mathew
57 Kottukapally Thomas
58 Kovattu George
59 Madassery Lukose
60 Madathimyalil Abraham
61 Malakkaran Joseph
62 Mampuzhackal Ruble Martin SJ
63 Manappathuparambil Sebastian
64 Manavath Thomas
65 Manchapillil Joseph
66 Mangattil Mathew
67 Manjakkunnel Michael
68 Manjalamkunnel Antony
69 Manjalamkunnel Joseph
70 Meprath Justin HGN
71 Moonnanapally James
72 Msgr. Muthukunnel Antony
73 Mukkuzhy Mathew (Akhil)
74 Mullankuzhy John
75 Mundackal Jose
76 Mundamattam Thomas
77 Mundankunnel George
78 Mundaplackal Joseph
79 Mundolickal John
80 Muttathukunnel Joseph
81 Mylamoottil Jose OSB
82 Odiyathinkal Lawrence SCJ
83 Olikkal Paul CST
84 Orappamkuzhy Joseph CMI
85 Orathel Joseph
86 Orathel Kuriakose
87 Padinjaremuriyil Pious
88 Padinjareyil Jacob
89 Paliathil Mathew Ofm
90 Paimpillil Thomas
91 Palakeel Joseph
92 Palamattam Mathew
93 Pallickal Thomas
94 Pallikunnel Antony
95 Pallineerackal Jacob
96 Pampackal Thomas
97 Pazheparambil George
98 Plavunilkumparambil Kuriakose
99 Podimattam Sebastian
100 Ponnambel John
101 Pookamala Thomas
102 Poovannikunnel Jose
103 Poovanpuzha Thomas
104 Poovassery Mathew Ofm Cap.
105 Poovathanickal John Paul
106 Poovathanikunnel Scaria
107 Poovathinkal Emmanuel
108 Poovatholil Joseph
109 Thayyil Thomas
110 Thazhappallil Sebastian
111 Thekkel Andrews
112 Thekkemuriyil Antony
113 Thekkemury Mathew
114 Thekkevayalil George
115 Thelakkatt Xavier
116 Thenammackal Joseph
117 Thengumpallil Sebastian
118 Thoppil Thomas RCJ
119 Thottiyil Jomy Joseph PSDP
120 Thykunnumpuram George
121 Thypparambil Sebastian
122 Vadakkan Augustine
123 Valavanal Mathew
124 Valiaparambil Mathew
125 Valimalayil James CST

126 Vallimala George
127 Valliyil Thomas
128 Valloppilly Paul
129 Varambakath Scaria
130 Varanath Joseph
131 Vattakunnel Joseph Ofm cap.
132 Vellaringattu George
133 Vemmenikkattayil Sebastian
134 Vengakunnel Mathew
135 Vengaparambil Johnson

## Annual Retreat for Priests Second Batch (Sept. 21-26)

**Rev. Frs (Sl.No & Name)**

01 Alappattukunnel George CRM
02 Anakkallil Joseph
03 Anakuthiyil Mathew
04 Anithanam Joseph
05 Arackal Kuriakose
06 Areechira Sebastian OCD
07 Attangattil Thomas
08 Attarackal James
09 Attel Emmanuel
10 Attookkaran Joseph RCJ
11 Chackanikunnel Paul CMI
12 Chemplayil Mathew
13 Chennappally George
14 Chennoth Sebastian
15 CheriampurathVarghese
16 Cheripuram Sebastian
17 Cheriyamkunnel Joseph
18 Cherukarakkunnel Joseph
19 Cheruvil Thomas
20 Chintharmaniyil Thomas
21 Chollampuzha Joseph
22 Choorackal Raphel VC
23 Edathinal Joby CST
24 Elukunnel George
25 Enacheril Joseph
26 Ettackal Augustine
27 Ittiyappara Francis MCBS
28 Kadumpanthanam Joseph O. Pream
29 Kalapurackal Thomas Ofm Cap.
30 Kalarickal Kuriakose
31 Kalarimuriyil George
32 Kalathil Thomas
33 Kallumkal Mathew
34 Kanakkattu Joseph
35 Kandathil Paul
36 Kandathil Thomas CM
37 Kaniyparmbil Thomas Ofm con.
38 Kanjiraparambil Antony SDV
39 Kanjirathumkunnel Thomas HGN
40 Karingada Jose Thomas Ofm Cap.
41 Kavanadiyil Joseph
42 Kaviyil Philip
43 Kayamkattil George
44 Kayammackal Mathew
45 Keezharathil Thomas
46 Kidarathil Antony
47 Kidarathil Thomas
48 Kizhakethalackal Martin
49 Kochukarottu Thomas
50 Koonathan Joseph MCBS
51 Koyipuram Joseph
52 Koyipuram Joseph (Edwin)
53 Kudiparambil Chacko
54 Kulathara Joseph
55 Kunnath Varghese
56 Kunnel Mathew
57 Kurisummoottil Joseph
58 Kurumpurath Mathew HGN
59 Kuttikkattukunnel Jacob
60 Kuzhiparambil Thomas CST
61 Madappanthottukunnel Joseph
62 Malakkaran Varghese Ofm Con.
63 Manickathazhe Jose
64 Mannur John (Jnr.)
65 Marrasseril Thomas
66 Mattappallil Lukose
67 Mattathil Issaac
68 Mattathil Joseph
69 Melvettath Thomas

70 Melvettom Mani
71 Menachery Louis Mariadas
72 Menappattupadickal Thomas
73 Mookkilikkattu Sebastian
74 Moonnanal Mathew
75 Msgr. Elamthuruthipadavil Mathew
76 Msgr. Palakuzhy Sebastian
77 Mundackal Paul
78 Muttathupara Sebastian
79 Narikuzhy Mathew
80 Nedungattu Jacob
81 Nellithanath Dennis
82 Nirappel Alex
83 Nirappel Scaria
84 Njalian Joseph ISCH
85 Nooramackal John
86 Nooranmackal Joseph
87 Olickal Mathew
88 Onamkulam John
89 Panamkuzhiyil Thomas
90 Pandiamakel Augustine
91 Panjikkunnel Jacob
92 Panthaladickal Joseph
93 Panthalanickal Thomas
94 Panthallooparambil Kuriakose
95 Parappalliyath Martin
96 Paravarakath Mathew
97 Pariyanickal Mathew
98 Pathickal Thomas
99 Pathiyottil Joseph
100 Pattamkulam Thomas
101 Pazhooparambil Martin
102 Perukunnel Chacko RCJ
103 Pottemplackal Mathew
104 Poweth Joseph
105 Pravarthummalayil Mathew
106 Pulickal George
107 Puliyurumbil Johnson
108 Punchatharappel George
109 Punnure Antony
110 Purathemuthukattil Don Bosco
111 Puthennadayil James
112 Puthenpurackal Xavier (Jnr.)
113 Puthenpurackal Xavier (Snr.)
114 Puthukulangara Kuriakose
115 Puthumana Joseph
116 Puthuppallil Sebastian
117 Puthussery Abraham
118 Puthussery Joseph
119 Rathappillil Francis
120 Rathappillil Joseph
121 Sasthampadavil Mathew
122 Thadathil Thomas
123 Thakidiyel Joseph
124 Thengumpallil George
125 Thengumpallil Thomas
126 Thuruthel Joseph
127 Thykunnumpuram Joseph
128 Vadakemulanjanal Thomas
129 Vadakemuriyil Thomas
130 Vadasseril Scaria
131 Valiyaparambil John
132 Varambakath Lazar
133 Vattamkattel Thomas
134 Vayalunkal Joseph
135 Vazhakatt John
136 Vennayappillil Jacob
137 Vettickal Jose
138 Vettiyanickal Varghese

**6. ആദരാഞ്ജലികൾ**

**1. റവ. സി. ജോസ് മേരി എസ്. എച്ച്:** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ജോസ് മേരി(91) 2025 ജൂൺ 26ന് നിര്യാതയായി. തൊണ്ടിയിൽ, മരിയാപുരം, വായാട്ടുപറമ്പ്, മംഗലാപുരം, നിർമ്മലഗിരി, പുലിക്കുരുമ്പ, തൊക്കിലങ്ങാടി, തലശ്ശേരി, കണ്ണൂർ, ഉദയഗിരി, മാനന്തവാടി, പരി



യാരം മദർ ഹോം, എന്നീ സ്ഥലത്തിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂൺ 27ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട ജോസ് മേരി സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. റവ. സി. ആൻസി മരിയ എസ്, എച്ച് (69):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ആൻസി മരിയ എസ്. എച്ച്. 2025 ജൂലൈ 1 ന് നിര്യാതനായി വെളൂന്നി, തൊണ്ടിയിൽ, തൊക്കിലങ്ങാടി, മരിയഭവൻ, കരുണാലയം, മംഗലാപുരം, കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, ബൽത്തങ്ങാടി, ആശാഭവൻ, കരുവഞ്ചാൽ, ആലക്കോട്, നെല്ലിയാടി, സിദ്ധാപുരം, ഹോസ്കോട്ട, മാളാചൗക്കി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂലൈ 02 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട ആൻസി മരിയ സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**3. ശ്രീ. ജോസഫ് പാലമറ്റത്തിൽ (78):** ബഹു. മാത്യു പാലമറ്റത്തിൽ അച്ചന്റെ പ്രിയ സഹോദരൻ ശ്രീ. ജോസഫ് പാലമറ്റത്തിൽ 2025 ജൂലൈ 07ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂലൈ 08 ന് കല്ലുവയൽ സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**4. ശ്രീമതി ത്രേസ്യാമ്മ ജോസഫ് മേച്ചിറാകത്ത് (83):** ബഹു. ഫ്രാൻസിസ് മേച്ചിറാകത്തച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് 2025 ജൂലൈ 19 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂലൈ 20 ന് പരിയാരം വി. മദർ തേരേസാ ദൈവാലയത്തിൽ ആരംഭിച്ച് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു.

രാജേഷച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. റവ. ഫാ. തോമസ് മണ്ണൂർ (88):** മാനന്തവാടി രൂപതാംഗമായ



ബഹു. തോമസ് മണ്ണൂർ അച്ചൻ 2025 ജൂലൈ 19 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂലൈ 21 ന് വെള്ളാട് സെന്റ് സെബാസ്റ്റ്യൻ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും മാർ ജോർജ് വലിയമറ്റം പിതാവും ബഹു. മണ്ണൂരച്ചന്റെ ഭൗതികദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു. തലശ്ശേരി അതിരൂപതയിലെ ചന്ദനക്കാംപ്പാറ ലിറ്റിൽ ഫ്ളവർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും നെല്ലിക്കുറ്റി ഇടവകയുടെ വികാരിയായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ബഹു. തോമസ് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**7. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് വീട്ടിയാങ്കൽ - 02-08-2024
4. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
5. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
6. റവ. ഫാ. ജോസഫ് വലിയകണ്ടം - 08-08-2022
7. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
8. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
9. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
10. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
11. റവ. ഫാ. മാത്യു കുടിലിൽ - 15-08-2024
12. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
13. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
14. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
15. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
16. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
17. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
18. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
19. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദിക സമ്മേളനം റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികരുടെയും സമ്മേളനം 2025 ജൂൺ 28 ന് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 4 മണിവരെ നടത്തപ്പെട്ടു. ബഹു. മാർട്ടിൻ പാഴൂപറമ്പിലച്ചൻ നയിച്ച പ്രാർത്ഥനയോടെ വൈദിക സമ്മേളനം ആരംഭിച്ചു. മോൺ. ആന്റണി മുതുകുന്നേൽ സ്വാഗതം ആശംസിച്ചു. മരണംമൂലം വൈദിക കൂട്ടായ്മയിൽനിന്നും വേർപിരിഞ്ഞ ബഹു. ജോൺ മുല്ലക്കര അച്ചന്റെ ആത്മശാന്തിക്കായി ബഹു. വൈദികർ മൗനമായി പ്രാർത്ഥിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് വൈദികസമ്മേളനത്തിന് അധ്യക്ഷത വഹിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. പരിശുദ്ധ അമ്മയുടെ വിമലഹൃദയ തിരുനാൾ ദിനത്തിൽ ചേർന്ന വൈദിക സമ്മേളനത്തിൽ വിമലഹൃദയ തിരുനാളുമായി ബന്ധപ്പെടുത്തിയാണ് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗം നടത്തിയത്. സഭാശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ ഹൃദയത്തിലൂടെ വാൾ കടക്കുന്ന അനുഭവങ്ങൾ ഉണ്ടാകും. പരിശുദ്ധ അമ്മയെപ്പോലെ സർവ്വതും ഹൃദയത്തിൽ സംഗ്രഹിക്കുവാൻ നാം  പരിശീലിക്കണം. അന്യായമായി കുറ്റം വിധിക്കപ്പെടുമ്പോഴും കുപ്രചാരണങ്ങൾ നമുക്കെതിരെ പരത്തപ്പെടുമ്പോഴും അതിനോട് പ്രതികരിക്കുന്ന ശൈലികൾ നമുക്ക് ഒഴിവാക്കാം. പൗരോഹിത്യ ശുശ്രൂഷയിൽ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന്റെ ശൈലി ഉൾക്കൊള്ളണമെന്ന് അഭിവന്ദ്യ പിതാവ് ബഹു. വൈദികരോട് ആഹ്വാനം ചെയ്തു.

തുടർന്ന് അജണ്ടയിൽ നല്കിയിരുന്ന വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടന്നു. വൈദിക ക്ഷേമത്തെക്കുറിച്ചുള്ള വിഷയാവതരണം മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നടത്തി.  ബഹു. വൈദികർ നിർദ്ദേശിച്ചതനുസരിച്ച് പൊതുവായി മെഡിക്കൽ ഇൻഷൂറൻസ് പദ്ധതിയിൽ ചേരുന്നത് ഒഴിവാക്കാൻ നിർദ്ദേശിച്ചു. ഓരോ വർഷവും പ്രീമിയം ആയി അടക്കുന്ന തുകയെക്കാൾ കുറഞ്ഞ തുക മാത്രമേ ക്ലയിം ആയി ലഭിക്കുന്നുള്ളൂ എന്നതിനാൽ ഇൻഷൂറൻസ് പദ്ധതി ഒഴിവാക്കുന്നതാണ് നല്ലതെന്ന നിർദ്ദേശം യോഗം അംഗീകരിച്ചു. പി. പി. എഫ്-ലേക്കുള്ള വ്യക്തിഗതവിഹിതം 10,000/- രൂപയാക്കി ഉയർത്തുവാനും യോഗം തീരുമാനിച്ചു. ബഹു. വൈദികർ രോഗികളാകുന്ന സാഹചര്യത്തിൽ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിനെ ആദ്യം സമീപിക്കണമെന്നും അവിടുത്തെ ഡോക്ടർമാർ നിർദ്ദേശിക്കുന്നതിൻപ്രകാരം മറ്റ് ആശുപത്രികളിലേക്ക്

ആവശ്യമെങ്കിൽ ചികിത്സാർത്ഥം പോകണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. കണ്ണൂർ ബേബി മെമ്മോറിയൽ, കണ്ണൂർ മിംസ്, മംഗലാപുരം ഫാദർ മുള്ളേഴ്സ്, എറണാകുളം ലിസി ഹോസ്പിറ്റൽ, പാലാ മെഡിസിറ്റി എന്നീ ഹോസ്പിറ്റലുകളെയാണ് ബഹു. വൈദികർ സമീപിക്കേണ്ടതെന്നും ബഹു. വൈദികരെ അറിയിച്ചു. കരുവഞ്ചാലിൽ നിലവിലുള്ള വൈദികമന്ദിരത്തിന് സ്ഥലപരിമിതി ഉള്ളതിനാൽ നിലവിലുള്ള കെട്ടിടത്തോടു ചേർന്ന് പുതിയ മുറികൾ പണിയാനുള്ള തീരുമാനം യോഗം അംഗീകരിച്ചു. വിയാനി നിധിയെക്കുറിച്ചുള്ള കാര്യങ്ങൾ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ യോഗത്തെ അറിയിച്ചു. ഇതിനോടകം 163 വൈദികർ വിയാനി നിധിയിലേക്ക് ഉപകാരികളെ കണ്ടെത്തിയെന്നും ബഹു. വൈദികരുടെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ സഹകരണം ഉണ്ടാകുന്നുണ്ടെന്നും യോഗത്തെ അറിയിച്ചു. ഇനിയും വിയാനി നിധിയിലേക്ക് സഹകരിക്കുവാൻ കഴിയാത്ത ബഹു. വൈദികർ ചുരുങ്ങിയത് 3 ഉപകാരികളെയെങ്കിലും കണ്ടെത്തി സഹകരിക്കണമെന്നും യോഗത്തിൽ അഭിവന്ദ്യ പിതാവ് അഭ്യർത്ഥിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കുകൾ അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ അവതരിപ്പിച്ചു. അതിരൂപതയിലെ മുഴുവൻ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വരവ് ചിലവ് കണക്കുകൾ ചുരുക്കി വാർഷിക കണക്കിനോടൊപ്പം അവതരിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായം യോഗത്തിൽ ഉണ്ടായി.

ചെമ്പന്തൊട്ടിയിൽ പൂർത്തിയാക്കുന്ന കുടിയേറ്റ സ്മാരക മ്യൂസിയത്തിന്റെ മുമ്പിൽ സ്ഥാപിക്കുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വെങ്കല പ്രതിമ നിർമിക്കാനാവശ്യമായ ഓട്ടുപാത്രങ്ങൾ, പള്ളികളിൽ ഉള്ള പഴയ നിലവിളക്കുകൾ, മണികൾ എന്നിവ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ ശേഖരിക്കുവാൻ നിർദ്ദേശിച്ചു. ദീപിക ദിനപത്രത്തിന്റെ പ്രചരണത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഭാഗത്തുനിന്ന് പ്രത്യേക സഹകരണം ഉണ്ടാകുമെന്നും ദീപിക ഫ്രണ്ട്സ് ക്ലബ് അംഗങ്ങളായി കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ പ്രവർത്തിക്കുമെന്നും ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ അച്ചൻ യോഗത്തെ അറിയിച്ചു.

പള്ളികളുടെ സ്ഥലവും ആസ്തികളും പരിശോധിക്കുവാൻ റവന്യൂ ഓഡിറ്റിംഗ് ടീമിനെ രൂപപ്പെടുത്തുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. ഇടവകയിൽ വില്ലേജ് ഓഫീസർമാരായി വിരമിച്ച വ്യക്തികളുടെ വിവരങ്ങൾ ബഹു. വികാരിയച്ചന്മാർ കൂരിയായിൽ അറിയിക്കുവാനും നിർദ്ദേശിച്ചു.

പാരിഷ് സോഫ്റ്റ് വെയറിന്റെ *installation* എല്ലാ ഇടവകകളിലും ഉടൻ ആരംഭിക്കണമെന്നും 2025 ഡിസംബർ 31 ന് മുമ്പായി പള്ളികളിലെ രേഖകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കണമെന്നും പിതാവ് ബഹു. വൈദികർക്ക് നിർദ്ദേശം നല്കി.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെക്കുറിച്ചുള്ള വിവരങ്ങൾ കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരി അച്ചൻ യോഗത്തെ അറിയിച്ചു. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ സംഭവിക്കുന്ന *'ഡിവിഷൻ ഫാൾ'* ഒഴിവാക്കാൻ ലോക്കൽ മാനേജർമാർ കഴിയുംവിധം പരിശ്രമിക്കണമെന്നും അതിനായി കർമപദ്ധതികൾ തയ്യാറാക്കണമെന്നും യോഗം നിർദ്ദേശിച്ചു.

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് മോൺ. ആന്റണി മുതുകുന്നേൽ സംസാരിച്ചു. അടുത്തവർഷം സീറോ മലബാർ സഭയിൽ സമുദായ ശക്തീകരണവർഷമായി ആചരിക്കുന്നതിനാൽ നിലവിലുള്ള കർമപദ്ധതികൾ അടുത്തവർഷവും സജീവമായി നിലനിറുത്തുന്നത് ഉചിതമായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. ബയോമൗണ്ടൻ കമ്പനിയെക്കുറിച്ചുള്ള കാര്യങ്ങൾ ഡയറക്ടർ ഫാ. സ്കറിയ നിരപ്പേൽ യോഗത്തെ അറിയിച്ചു.

പള്ളികളുടെ നിർമാണം നടക്കുമ്പോൾ മദ്ബഹയുടെ പ്ലാൻ പ്രത്യേകമായി കൂരിയായിൽ സമർപ്പിക്കണമെന്നും ഇടവകയിൽ ട്രസ്റ്റുകൾ രൂപപ്പെടുത്തുമ്പോൾ കൂരിയായിൽനിന്നും രേഖാമൂലം അനുമതി വാങ്ങിയിരിക്കണമെന്നും അഭിവന്ദ്യ പിതാവ് ബഹു. വൈദികരെ അറിയിച്ചു. ഏറ്റവും സാധ്യമായ അവസരത്തിൽ ബഹു. വൈദികരുടെ മാതാപിതാക്കളോടൊപ്പം ഒരു വൈദിക സമ്മേളനം നടത്തുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

രണ്ടരമണിക്കൂറോളം പൊതുകാര്യങ്ങളെക്കുറിച്ച് ബഹു. വൈദികർക്ക് സംസാരിക്കുവാൻ ശൂന്യവേള ഉണ്ടായിരുന്നു. നമ്മുടെ അതിരൂപയെ സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളെക്കുറിച്ച് ബഹു. വൈദികർ അഭിപ്രായം പറയുകയും ചർച്ചചെയ്യുകയും ചെയ്തു. ചെമ്പേരി എഞ്ചിനീയറിംഗ് കോളേജിലെ ബഹു. വൈദികർ വൈദിക സമ്മേളനത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും കുറ്റമറ്റവിധം ചെയ്തിരുന്നു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചൻ ഏവർക്കും നന്ദി പറഞ്ഞു. വൈകിട്ട് 4 മണിക്ക് വൈദികസമ്മേളനം സമാപിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# റിഫ്രഷർ കോഴ്സ് റിപ്പോർട്ട്

ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള ഈ വർഷത്തെ റിഫ്രഷർ കോഴ്സ് 2025 ജൂലൈ 16 മുതൽ 18 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. ബഹു. ആന്റണി കിടാരത്തിലച്ചൻ നയിച്ച പ്രാർത്ഥനയോടെയാണ് ഉദ്ഘാടനസമ്മേളനം ആരംഭിച്ചത്. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തിന് സ്വാഗതം പറഞ്ഞു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. വൈദികരുടെ തുടർപരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് ബഹു. ജനറാളച്ചൻ ഉദ്ഘാടന പ്രസംഗം നടത്തിയത്. മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചനും സന്ദേശഭവൻ ഡയറക്ടർ ബഹു. ഫിലിപ്പ് കവിയിലച്ചനും ആശംസകൾ നേർന്ന് സംസാരിച്ചു.

ആദ്യ സെഷനിൽ ആധുനികകാലഘട്ടത്തിലെ അജപാലന ശുശ്രൂഷ എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. അഗസ്റ്റിൻ പാംപ്ലാനി C.S.T. ക്ലാസ്സ് നയിച്ചു. ഫ്രാൻസിസ് മാർപാപ്പ മുന്നോട്ടുവയ്ക്കുന്ന ബന്ധങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള അജപാലന ശൈലിയാണ് ഈ കാലഘട്ടത്തിന് യോജിച്ചതെന്ന് ഡോ. അഗസ്റ്റിൻ പാംപ്ലാനി അഭിപ്രായപ്പെട്ടു. തലശ്ശേരി അതിരൂപതയുടെ പാരമ്പര്യം ദൈവജനവുമായി ആഴത്തിൽ ബന്ധമുള്ള *Soil fellowship* ആണ് എന്ന് അദ്ദേഹം പറഞ്ഞു. ഈ കാലഘട്ടത്തിലെ അജപാലന വെല്ലുവിളികളെ ശരിയായി സമീപിച്ചാൽ അവയെ അവസരങ്ങളാക്കി മാറ്റാൻ കഴിയുമെന്നും സാമൂഹ്യ മാധ്യമങ്ങളിലെ വിഷയങ്ങൾ ഞായറാഴ്ച പ്രസംഗങ്ങളിലെ വിഷയങ്ങളാകണമെന്നും അദ്ദേഹം പ്രസ്താവിച്ചു. സമകാലീക സമൂഹത്തിലെ യാഥാർത്ഥ്യങ്ങളെ വിവരിച്ചുകൊണ്ടുള്ള ബഹു. അഗസ്റ്റിനച്ചന്റെ ക്ലാസ്സ് ബഹു. വൈദികർ വളരെ താത്പര്യത്തോടെ സ്വീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ആദ്യദിനം ഉച്ചയ്ക്കുശേഷമുള്ള സമയം അജപാലനപ്രവർത്തനങ്ങൾക്ക് ആരോഗ്യകരമായ ശരീരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ ഫിസിഷ്യൻ ഡോ. എനിഡ് നെൽസൺ ക്ലാസ്സ് എടുത്തു. ആരോഗ്യകരമായ ഭക്ഷണരീതിയെക്കുറിച്ചും വ്യായാമം ജീവിതശീലമാക്കേണ്ടതിനെക്കുറിച്ചും ഡോക്ടർ മനോഹരമായും ആകർഷകമായും സംസാരിച്ചു. ആഘോഷപൂർവ്വമായ റംശാ പ്രാർത്ഥനയ്ക്ക് ബഹു. ആന്റണി ആനക്കല്ലിൽ അച്ചൻ നേതൃത്വം നൽകി.

രണ്ടാം ദിനം പൗരോഹിത്യ ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ച് ആലുവ കാർമ്മലഗിരി സെമിനാരി അധ്യാപകൻ റവ. ഡോ. ജോഷി മയ്യാറ്റിൽ ക്ലാസ്സ് നയിച്ചു. *Spirituality of neighbourhood* എന്ന ആശയം വളരെ ആകർഷകമായി ബഹു. ജോഷിയച്ചൻ അവതരിപ്പിച്ചു. കർത്താവിനോടുള്ള വിശ്വസ്ത കാരുണ്യത്തിൽ തെളിയിക്കണമെന്നും കുരിശിൽ മരിച്ച ഈശോയെപോലെ സ്വയം ശൂന്യവത്ക്കരണത്തിന്റെ ആദ്ധ്യാത്മികയിലേക്ക് നാം തിരിയണമെന്നും ബഹു. ജോഷിയച്ചൻ ഓർമ്മിപ്പിച്ചു. നല്ല സമറിയാക്കാരന്റെ ഉപമ വിശദീകരിച്ചുകൊണ്ട് പൗരോഹിത്യ ആദ്ധ്യാത്മികതയുടെ അർത്ഥങ്ങളെ വ്യാഖ്യാനിക്കാൻ അച്ചന് കഴിഞ്ഞു. ദൈവജനത്തിന്റെ പരിഭ്രാന്തിക്കും നിസ്സഹായതയ്ക്കുമുള്ള പരിഹാരമാണ് പൗരോഹിത്യ ദൈവവിളിയെന്നും ബഹു. ജോഷിയച്ചൻ പ്രസ്താവിച്ചു. മുനമ്പം വിഷയത്തിൽ ഒരു ജനത്തിന്റെ കൂടെനിന്ന് കേരളസമൂഹത്തിൽ ജ്വലിക്കുന്ന പൗരോഹിത്യ സാന്നിധ്യമായി മാറിയ ബഹു. ജോഷി മയ്യാറ്റിലച്ചന്റെ ക്ലാസ്സ് വളരെ ആവേശത്തോടെയാണ് ബഹു. വൈദികർ സ്വീകരിച്ചത്.

രണ്ടാം ദിനം രണ്ടാമത്തെ സെഷനിൽ പൗരോഹിത്യ ശുശ്രൂഷയിൽ ആധുനിക മനഃശാസ്ത്ര സങ്കേതങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന വിഷയത്തെക്കുറിച്ച് ഡോ. ലിൻജോ ചിറ്റിലപ്പിള്ളി ക്ലാസ്സ് നയിച്ചു. സ്വയം മനസ്സിലാക്കുവാനും മറ്റുള്ളവരെ മനസ്സിലാക്കുവാനും സഹായമാകുന്ന ധാരാളം അറിവുകൾ പകർന്നു തരുന്ന ക്ലാസ്സാണ് ഡോ. ലിൻജോ നയിച്ചത്. രണ്ടാംദിനം ഉച്ചകഴിഞ്ഞ് ബഹു. വൈദികരെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് നിയമാവലി പരിഷ്ക്കരണത്തിനുവേണ്ടി നിയമാവലിയെക്കുറിച്ചുള്ള ചർച്ച നടത്തി.

രണ്ടാം ദിനം വൈകുന്നേരം റംശാ പ്രാർത്ഥനക്കുശേഷം അഭിവന്ദ്യ പിതാവ് ഉജ്ജ്വലമായ വചനസന്ദേശം നല്കി. വി. കുമ്പസാരത്തിനുള്ള സൗകര്യവും ഒരുക്കിയിരുന്നു. വചന സന്ദേശത്തിനുശേഷം ഹൃദയസ്പർശിയായ ദിവ്യകാരുണ്യ ആരാധനയ്ക്കു റവ. ഡോ. മാണി മേൽവെട്ടം നേതൃത്വം നല്കി. അന്നേദിനത്തിലെ രാത്രി ഭക്ഷണം സന്ദേശഭവന്റെ മുറ്റത്താണ് ക്രമീകരിച്ചിരുന്നത്. ബഹു. വൈദികർ ഗാനങ്ങൾ ആലപിച്ചും കലാപരിപാടികൾ അവതരിപ്പിച്ചും അത്താഴത്തോട് ചേർന്നുള്ള സമയം മനോഹരമാക്കി. ബഹു. ജോസഫ് വയലുങ്കൽ അച്ചനും ബഹു. ജോസ് മാണിക്കത്താഴെ അച്ചനും സംഗീതവിരുന്ന് ഒരുക്കി.

മൂന്നാം ദിവസം ബഹു. വൈദികരിൽ നിന്ന് ദൈവജനം എന്ത് പ്രതീക്ഷിക്കുന്നു എന്ന വിഷയത്തെക്കുറിച്ച് മി. ബെന്നി പുത്തൻനടയിൽ

ക്ലാസ്സെടുത്തു. ദൈവജനത്തെ കൂടുതലായി കേൾക്കാൻ തയ്യാറാകണമെന്നും യുവജനങ്ങളെ ദൈവാലയങ്ങളിലെത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുമുള്ള ആശയം അദ്ദേഹം പങ്കുവച്ചു. വഴക്കുപറയുമ്പോഴും സ്നേഹം കുറവ് കൂടാതെ നല്കുവാൻ സാധിച്ചാൽ ദൈവജനം അല്പം പോലും അകലുകയില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു.

മൂന്നാംദിനം രണ്ടാമത്തെ സെഷനിൽ സമർപ്പിതർ ബഹു. വൈദികരിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്ന എന്ന വിഷയത്തെക്കുറിച്ച് ദിവ്യകാരുണ്യസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് സുപ്പീരിയർ ബഹു. സി. അനില മണ്ണൂർ സംസാരിച്ചു. ഹൃദയസ്പർശിയായി ഈ വിഷയം അവതരിപ്പിക്കാൻ ബഹു. അനിലാ സിസ്റ്ററിനു കഴിഞ്ഞു. ബഹു. വൈദികരും സമർപ്പിതരും പരസ്പരം താങ്ങായും തണലായും നില്ക്കുന്ന പാരമ്പര്യമാണ് തലശ്ശേരി അതിരൂപതയ്ക്കുള്ളതെന്നും ഈ കാലഘട്ടത്തിലെ പ്രതിസന്ധികളിലും ആ പരസ്പരണ ധാരണയും പ്രോത്സാഹനവും ഒട്ടും കുറയാതെ ശ്രദ്ധിക്കണമെന്നും ബഹു. അനിലാ സിസ്റ്റർ ഓർമ്മിപ്പിച്ചു. ബഹു. സിസ്റ്റേഴ്സിന്റെ ദൈവവിളി പ്രോത്സാഹനത്തിൽ ബഹു. വൈദികരുടെ പങ്ക് പ്രത്യേകം പരാമർ ശിച്ചു. ബഹു. സിസ്റ്റേഴ്സിനെ മനസ്സിലാക്കുവാനും അവരെ കേൾക്കുവാനും ബഹു. വൈദികർക്കു കഴിയണമെന്നും സിസ്റ്റർ അഭിപ്രായപ്പെട്ടു.

മൂന്നാം ദിനത്തിന്റെ അവസാന സെഷൻ പൊതുചർച്ചയ്ക്കുള്ള സമയമായിരുന്നു. ഇടവകകളിൽ ഇടവക ചേരാതെ നില്ക്കുകയും ഇടവകാർതിർത്തി പാലിക്കാതെ നില്ക്കുകയും ചെയ്യുന്ന കുടുംബാംഗങ്ങളെ പാരീഷ് സോഫ്റ്റ്വയർ *Install* ചെയ്ത് വിവരങ്ങൾ ചേർക്കുന്ന അവസരത്തിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ബഹു. വൈദികർ അഭിപ്രായപ്പെട്ടു. ഇതേക്കുറിച്ച് അഭിവന്ദ്യ പിതാവിന്റെ സർക്കുലർ ദൈവാലയത്തിൽ വായിക്കുന്നതും ഉചിതമായിരിക്കുമന്നെ നിർദ്ദേശമുണ്ടായി. കോട്ടയം അതിരൂപതാംഗങ്ങളായവർ വിവാഹാവശ്യത്തിന് തലശ്ശേരി അതിരൂപതയിലെ ഒരു ഇടവകയിൽ അംഗമാകേണ്ടിവരുമ്പോൾ അവർ താമസിക്കുന്ന വീട് തലശ്ശേരി അതിരൂപതയിലെ ഏതു ഇടവകയിലാണോ സ്ഥിതിചെയ്യുന്നത് ആ ഇടവകയിലാണ് ചേരേണ്ടത് എന്ന കാര്യം ബഹു. വൈദികരെ അഭിവന്ദ്യ പിതാവ് അറിയിച്ചു.

ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഇടവകാതിർത്തിക്ക് ഇളവ് ലഭിച്ചിരിക്കുന്ന കുടുംബങ്ങളുടെ ലിസ്റ്റ് ഇടവകാ ഫയലിൽ സൂക്ഷിക്കേണ്ടതാണെന്നും ഇടവകകളിൽ ശുശ്രൂഷ ചെയ്ത ബഹു.

വൈദികരുടെ മരണദിവസം പള്ളിച്ചെലവിൽ അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കേണ്ടതാണെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ ബഹു. വൈദികർ സഹകരിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. എല്ലാ ഫൊറോനകളിലും മദ്യവർജ്ജനപ്രസ്ഥാനത്തിന് ഫൊറോനാ ഡയറക്ടർ ഉണ്ടാകണമെന്നും നിർദ്ദേശിച്ചു. മദ്യവർജ്ജന സമിതി എന്നതിനെക്കാൾ ലഹരി വിരുദ്ധ സമിതി എന്ന പേരായിരിക്കും ഉചിതമെന്നും ബഹു. വൈദികർ അഭിപ്രായപ്പെട്ടു.

മാര്യേജ് പ്രിപ്പറേഷൻ കോഴ്സിന്റെ തുക 2,000 ആക്കി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു. മുതിർന്നവർക്കുള്ള മതബോധനം കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ ശ്രദ്ധിക്കണമെന്നും എല്ലാ പള്ളികളിലും സൺഡേസ്കൂൾ PTA മീറ്റിംഗുകൾ വിളിച്ചു ചേർത്ത് മാതാപിതാക്കൾക്ക് ക്ലാസ്സുകൾ നല്കണമെന്നും അഭിപ്രായമുണ്ടായി. യുവജനങ്ങൾക്ക് *Online Catechism* സംഘടിപ്പിക്കുവാനുള്ള കാര്യങ്ങൾ കാറ്റക്കിസം അപ്പൊസ്റ്റൊലേറ്റും കുടുംബകൂട്ടായ്മയുമായി ചേർന്ന് പ്ലാൻ ചെയ്യുവാനും നിർദ്ദേശിച്ചു.

ഫൊറോനാ കൗൺസിലുകൾക്കു പ്രാധാന്യം വീണ്ടെടുക്കുവാനും ഫൊറോനാ കൗൺസിലുകൾ സജീവമാക്കാനും ബഹു. വൈദികരെ അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. ബഹു. ജോർജ് അച്ചാണ്ടിയിലച്ചൻ ഏവർക്കും നന്ദി പറഞ്ഞു. ബഹു. ഫിലിപ്പ് കവിയിലച്ചന്റെ നേതൃത്വത്തിലുള്ള സന്ദേശഭവനിലെ ബഹു. വൈദികരുടെയും ബ്രദേഴ്സിന്റെയും കഠിനാധ്വാനം റിഫ്രഷർ കോഴ്സ് ഭംഗിയായി ക്രമീകരിക്കുവാൻ സഹായകരമായി. മൈനർ സെമിനാരിയിലെ ബ്രദേഴ്സിന്റെ സാന്നിധ്യം വളരെ സഹായകമായി. ആഘോഷമായ റംശാപ്രാർത്ഥനയും ദിവ്യബലിയർപ്പണങ്ങൾക്കും മൈനർ സെമിനാരിയിലെ കുഞ്ഞനുജന്മാരെ എത്തിച്ച മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് മേൽവെട്ടത്ത് അച്ചനും മൈനർ സെമിനാരിയിലെ ബഹു. അച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി. മനോഹരമായ വചനസന്ദേശം നല്കി എപ്പോഴും കൂടെ ഉണ്ടായിരുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും ദിവ്യബലി അർപ്പിച്ച അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിനും ബഹു. ജനറാളച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**2. ഓഗസ്റ്റ് 4 – വിയാനി ഡേ**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ഓഗസ്റ്റ് 3–ാം തീയതി വിശ്വാസപരിശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും വി. കുർബാനയ്ക്ക് ശേഷം മീറ്റിംഗ് കൂടി ബഹു. വികാരിയച്ചന് ആശംസകൾ നേരുകയും ചെയ്യണം.

**3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം**

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ഓഗസ്റ്റ് 4. അന്നേ ദിവസം വി. കുർബാനയ്ക്കുശേഷം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ കുട്ടികൾക്ക് പരിചയപ്പെടുത്തുമല്ലോ.

**4. മതബോധന മണിക്കൂർ**

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

**5. സർവ്വേ ഫോം 2025-2026**

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. അതിനാൽ 2025-2026 അധ്യയനവർഷത്തെ വിശ്വാസപരിശീല കരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഓഗസ്റ്റ് 5-നുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**6. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - നന്ദി**

ജൂലൈ 5-ന് തലശ്ശേരി സന്ദേശഭവനിൽവച്ച് അതിരൂപതാ സന്ദർശക രുടെ പ്രഥമസമ്മേളനം നടത്തി. പങ്കെടുത്ത എല്ലാ അതിരൂപതാ സന്ദർശ കർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

**7. ആമുഖസെമിനാർ... നന്ദി**

ജൂലൈ 10 മുതൽ 13 വരെയുള്ള തീയതികളിലായി സന്ദേശഭവനിൽവച്ച് നടത്തിയ 76-ാമത് ആമുഖസെമിനാറിൽ 63 വിശ്വാസപരിശീലകർ പങ്കെടുത്തു. ആമുഖസെമിനാർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫിലിപ്പ് കവിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. ആന്റണി കിടാര ത്തിൽ സ്വാഗതവും, റവ. ഡോ. മാത്യു കൊട്ടകാപ്പള്ളി ആശംസയും, റവ. ഫാ. ജോസഫ് വയലുങ്കൽ നന്ദിയും പറഞ്ഞു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, റവ. ഡോ. തോമസ് മേൽവെട്ടത്ത്, റവ. ഡോ. ആന്റണി കിടാര ത്തിൽ, റവ. ഡോ. ജോർജ് കരോട്ട്, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഫാ. ജോർജ് തെങ്ങുംപള്ളിൽ, റവ. ഫാ. സ്കറിയ വടശ്ശേ രിൽ, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, റവ. ഡോ. ജോബി കോവാട്ട്, റവ. സി. റോസ്ന എസ്എച്ച്, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ, ശ്രീ. ജോബി ജോൺ മൂല യിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മോഡൽക്ലാസ്സ് എടുത്ത സി. സീന സേവ്യർ എഫ്.സി.സിയ്ക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും ഹൃദ്യമായ നന്ദി.

**8. ഓണപരീക്ഷ - സെപ്റ്റംബർ 07**

ഓണപരീക്ഷ സെപ്റ്റംബർ 07-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരു ങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 07-ാം തീയതി ഞായറാഴചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

**A. ജനറൽ ചോദ്യങ്ങൾ**

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതാ

യിരിക്കും. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 19-ന് പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

**B. മാർക്ക് വിഭജനം**

| | | | |
|---|---|---|---|
| പാഠപുസ്തകം | 50 | ഉപപാഠം | 10 |
| നമസ്ക്കാരം | 5 | ജനറൽ ചോദ്യങ്ങൾ | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 25 | മതബോധന മണിക്കൂർ | 5 |

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -4 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

**9. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **"ഭാരതത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സമുദായത്തിന്റെ പങ്ക്"** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ്

എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**10. ഏകദിന സെമിനാർ**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഏകദിന സെമിനാർ നടത്തിയ ഫൊറോനകൾ**

**ജൂൺ 29:** തളിപ്പറമ്പ്, **ജൂലൈ 12:** പേരാവൂർ, കുന്നോത്ത്, **ജൂലൈ 20:** തോമാപുരം, **ജൂലൈ 24:** പനത്തടി, ചെമ്പേരി എന്നീ ഫൊറോനകളിൽവച്ച് ഏകദിന സെമിനാർ നടത്തി. സെമിനാറിന് നേതൃത്വം നൽകിയ എല്ലാ ഫൊറോന വികാരിമാർക്കും, പ്രധാനാധ്യാപകർക്കും, പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി.

**11. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം**

2025–2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപത വിസിറ്റേഴ്സിന്റെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി എടാട്ടേൽ |
| ചെമ്പന്തൊട്ടി | സോയ് ജോസഫ് പുറവക്കാട്ട് |
| ചെമ്പേരി | രാജു ജോസഫ് മുണ്ടോളിയ്ക്കൽ |
| ചെറുപുഴ | ജോണി ജോസഫ് കൈപ്പള്ളിപ്പാറയിൽ |
| എടൂർ | തോമസ് ആലപ്പാട്ട് |
| കാഞ്ഞങ്ങാട് | ബേബി മാടപ്പള്ളിൽ |

| | |
|---|---|
| കാസർഗോഡ് | ഫ്രാൻസിസ് കെ.സി കണ്ണംകുളം |
| കുന്നോത്ത് | ആന്റണി മേൽവെട്ടം |
| മാലോം | ആന്റണി തുരുത്തിപ്പള്ളിൽ |
| മണിക്കടവ് | ജോസ് പുഷ്പക്കുന്നേൽ |
| മേരിഗിരി | മനോജ് പുല്ലത്ത് |
| നെല്ലിക്കാംപൊയിൽ | സണ്ണി മുണ്ടോളിക്കൽ |
| പൈസക്കരി | സിബിച്ചൻ പള്ളിച്ചിറ |
| പനത്തടി | സലോമി കല്ലുവേലിൽ |
| പേരാവൂർ | ജോസഫ് മാടപ്പള്ളിക്കുന്നേൽ |
| തളിപ്പറമ്പ് | തോമസ് കുരിശുംവീട്ടിൽ |
| തോമാപുരം | സജിമോൻ കൊല്ലകൊമ്പിൽ<br>ടോജോ ജോസഫ് കട്ടക്കയം |
| വായാട്ടുപറമ്പ് | മാത്യു കാടൻകാവിൽ |
| വെള്ളരിക്കുണ്ട് | ജോയി പുളിക്കക്കുന്നേൽ |

**ഓഗസ്റ്റ് മാസത്തെ അതിരൂപതാ വിസിറ്റ്**

**2025 ഓഗസ്റ്റ് 03:** കല്ലുമുതിരക്കുന്ന്, **ഓഗസ്റ്റ് 10:** എടത്തൊട്ടി.

**12. ഫൊറോന പ്രസിഡണ്ട് – നന്ദിയും സ്വാഗതവും**

സൺഡേസ്കൂൾ ഫൊറോന പ്രസിഡണ്ടുമാരായി സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. സജി തുരുത്തേൽ (ചെറുപുഴ), ശ്രീ. ജോൺസൺ കിഴക്കേചെത്തിപ്പുഴ (വെള്ളരിക്കുണ്ട്) എന്നിവർക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ സ്നേഹംനിറഞ്ഞ നന്ദി.

പുതിയ ഫൊറോന പ്രസിഡണ്ടുമാരായി നിയമിതരായിരിക്കുന്ന ശ്രീ. ബേബി മാങ്കോട്ടിൽ (ചെറുപുഴ), ശ്രീ. സിബി ജോസഫ് കളപ്പുരയ്ക്കൽ (വെള്ളരിക്കുണ്ട്) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

**13. വിസിറ്റേഴ്സ്: നന്ദിയും സ്വാഗതവും**

സൺഡേസ്കൂൾ ഫൊറോന വിസിറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. പ്രിൻസ് വട്ടുകുളം (കാസർഗോഡ്), ശ്രീ. ഷാജി മംഗലത്തിൽ (കുന്നോത്ത്), ശ്രീ. ബേബി പുഞ്ചായിൽ (തളിപ്പറമ്പ്) എന്നിവർക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ സൺഡേ സ്കൂൾ വിസിറ്റർമാരായി നിയമിതരായിരിക്കുന്ന ശ്രീ. ഫ്രാൻസിസ് കണ്ണംകുളം (കാസർഗോഡ്), ശ്രീ. ആന്റണി മേൽവെട്ടം (കുന്നോത്ത്), ശ്രീ. തോമസ് കുരിശുംമൂട്ടിൽ (തളിപ്പറമ്പ്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

### 14. പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ

ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ സജീവഭാഗഭാഗിത്വം ഉറപ്പുവരുത്താനായിട്ടാണ് പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹു. വികാരിയച്ചൻ ഡയറക്ടറും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സെക്രട്ടറിയും വിശ്വാസപരിശീലകരും കുട്ടികളുടെ രക്ഷിതാക്കളും അംഗങ്ങളുമായിട്ടുള്ള ഈ സംവിധാനങ്ങൾക്ക് രക്ഷിതാക്കളിൽ നിന്നു ജനറൽ ബോഡി തിരഞ്ഞെടുക്കുന്ന ഓരോ പ്രസിഡണ്ടുമാരും ഈരണ്ടു വൈസ് പ്രസിഡണ്ടുമാരുമുണ്ട്. ഡയറക്ടർ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറി എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവു കമ്മിറ്റികളാണ് പി.ടി.എ യുടെയും മദർ പി.ടി.എ യുടെയും പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത്.

### 15. ഇടവക മതബോധന കൗൺസിൽ

ബഹു. വികാരിയച്ചനാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ പ്രസിഡണ്ടായും സ്റ്റാഫ് സെക്രട്ടറി കമ്മിറ്റിയുടെ കൂടി സെക്രട്ടറിയായും പ്രവർത്തിക്കുന്നു. സ്റ്റാഫിൽ നിന്ന് എല്ലാ വിഭാഗങ്ങൾക്കും (സിസ്റ്റേഴ്സ്, അത്മായ അധ്യാപികമാർ, അധ്യാപകർ) മതിയായ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും പ്രതിനിധികൾ, പാരിഷ് കൗൺസിലിന്റെ രണ്ടോ മൂന്നോ പ്രതിനിധികൾ, പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ ഭാരവാഹികൾ, യുക്തമെന്ന് ബഹു. വികാരിയച്ചനു തോന്നുന്നെങ്കിൽ സൺഡേ സ്കൂൾ ലീഡർ, ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകളുടെ പ്രസിഡണ്ടുമാർ/പ്രതിനിധികൾ, വിശ്വാസപരിശീലന രംഗത്തു പ്രത്യേകം പരിശീലനം ലഭിച്ച ആരെങ്കിലും ഇടവകയിലുണ്ടെങ്കിൽ അവരിൽ നിന്നും ബഹു. വികാരിയച്ചൻ നോമിനേറ്റു ചെയ്യുന്ന രണ്ടോ മൂന്നോ പേർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഇടവകയിൽ സ്കൂളോ കോളേജോ ഉണ്ടെങ്കിൽ അവയുടെ ഓരോ പ്രതിനിധിയെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതും നന്നായിരിക്കും.

### 16. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 17. വിശ്വാസപരിശീലകരുടെ ധ്യാനം – "റേമ 2025"

2025-2026 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം "റേമ 2025" പരിയാരം മദർഹോമിൽവച്ച്

നടത്തുന്നതാണ്. ഓഗസ്റ്റ് 22, 23, 24 എന്നീ തീയതികളിലായിരിക്കും ധ്യാനം നടത്തുക.

**18. സോൾട്ട് 2025:** ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **സോൾട്ട്-2025** ഓഗസ്റ്റ് - നവംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തുന്നതാണ്. ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രോഗ്രാം സംഘടിപ്പിക്കേണ്ടത്. ഫൊറോനാ കമ്മിറ്റി ചേർന്ന് ഓരോ ഫൊറോനയിലും സോൾട്ട് നടത്തുന്ന തീയതി നിശ്ചയിക്കുകയും ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

**19. "എൻലൈറ്റ് 2025-2026"**

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. സെമിനാർ സെപ്റ്റംബർ മാസം ആരംഭിച്ച് ജനുവരി മാസത്തിൽ അവസാനിക്കുന്നു. ▸ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ **സെപ്റ്റംബർ 14, ഒക്ടോബർ 12, 26, നവംബർ 16, 23, ജനുവരി 4, 11, 18** എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

**20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025-2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**21. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ പുറവയൽ, മണിപ്പാറ, ഉളിക്കൽ, വെമ്പുവ, തോമാപുരം, മണ്ഡപം എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കാസർഗോഡ്, മാവുംചാൽ എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**അധ്യായനവർഷ ഉദ്ഘാടനം**

2025-26 അധ്യായന വർഷം ജൂലായ് 12 ന് രാത്രി 9.00 മണിക്ക് ചേർന്ന ഓൺലൈൻ മീറ്റിംഗിലൂടെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ആൽഫാ സെന്ററിന്റെ പ്രസിഡന്റ് ബഹു. ഫിലിപ്പ് കവിയിലച്ചൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആൽഫായുടെ ഡീൻ ഓഫ് സ്റ്റഡീസ് ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചനും വിദ്യാർത്ഥി പ്രതിനിധി ശ്രീമതി ഷോൺ ഡിസൂസയും ആശംസകൾ നേർന്ന് സംസാരിച്ചു. 200 ഓളം വിദ്യാർത്ഥികൾ ഈ യോഗത്തിൽ പങ്കെടുത്തു.

**ലോഗോസ് ബൈബിൾ ക്വിസ് - 2025**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 25-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 11-21** | **പ്രഭാഷകൻ 41-50** |
| **വി. ലൂക്കാ 17-24** | **എഫേസോസ് 1-6** |

**പരീക്ഷാ തീയതികൾ**

രൂപതാതലം : 2025 സെപ്റ്റംബർ 28, 2.00-3.30 pm

സംസ്ഥാനതലം : 2025 നവംബർ 09

മെഗാ ഫൈനൽ : 2025 നവംബർ 22-23

രജിസ്ട്രേഷൻ : **2025 ജൂൺ 1 മുതൽ ജൂലൈ 31 വരെ**

രജിസ്ട്രേഷൻ ഫീസ് : **20 രൂപ**

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

സ്വർഗ്ഗീയ സന്തോഷം ഹൃദയത്തിൽ നിറയ്ക്കുവാൻ മന്നിലേയ്ക്ക് വന്ന ദൈവപുത്രന് ജീവിതം അർപ്പിച്ച പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും, സ്വതന്ത്രഭാരതത്തിന്റെ ജീവശ്വാസം ഉൾക്കൊള്ളുവാൻ ഭാഗ്യം ലഭിച്ച ഭാരതീയന്റെ സന്തോഷവും ഓർമ്മിക്കുന്ന ഈ സുന്ദര സുദിനത്തിൽ എല്ലാ മിഷനറിമാർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ... വഴിതെറ്റിപ്പോയവന് ഇടയനായി പ്രവർത്തിച്ച വിശുദ്ധ ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : | എല്ലാ വൈദികർക്കുംവേണ്ടി |
| സുകൃതജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വെള്ളി : പതിനഞ്ച് നോമ്പ് ആരംഭം

3 ഞായർ : ശ്രീ ജെയ്സൺ മർക്കോസ് 7–ാം ചരമവാർഷികം, അനുസ്മരണം

4 തിങ്കൾ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

10 ഞായർ : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 16–ാം ചരമവാർഷികം.

11 തിങ്കൾ : അതിരൂപതാ സാഹിത്യമത്സരം

13 ബുധൻ : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താര ബാലൻമാരുടെ തിരുനാൾ

15 വെള്ളി : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, മിഷൻലീഗ് വൈസ് ഡയറക്ടേഴ്സിന് നിയമാവലി പരീക്ഷ ഓൺലൈൻ,

17 ഞായർ : കർഷകദിനം – കർഷകരെ ആദരിക്കുന്നു.

20 വ്യാഴം : അതിരൂപതാതല അൽഫോൻസാ ക്വിസ്

29 വെള്ളി : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം, അൽഫോൻസാ ക്വിസ്സ്, സ്വർഗ്ഗാരോപണതിരുനാൾ, സ്വാതന്ത്ര്യദിനം, ദിവ്യകാരുണ്യ ആരാധന.

**3. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്**

അൽഫോൻസാ ക്വിസ്സ് അതിരൂപതാതല മത്സരം ആഗസ്റ്റ് 28–ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന 3 പേർ അടങ്ങുന്ന ഒരു ടീമാണ് അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അംഗത്വകാർഡ് നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

**4. വിയാനി ഡേ**

ആഗസ്റ്റ് 4–ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

**5. അതിരൂപതാ സാഹിത്യ മത്സരം**

ആഗസ്റ്റ് 10 ന് 19 മേഖലകളിലും വെച്ച് മേഖലാ - അതിരൂപതാ സാഹിത്യമത്സരം സംയുക്തമായി നടത്തപ്പെടുന്നു. മേഖലകളിൽ നിന്ന് ഓരോ വിഭാഗത്തിലും വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയ എൻട്രിഫോമിൽ കൃത്യമായി എഴുതി പേപ്പറുകളോടൊപ്പം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിൽ നൽകേണ്ടതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, എൽഡേഴ്സ് വിഭാഗത്തിലുള്ളവർക്കായിരിക്കും സാഹിത്യമത്സരം ഉണ്ടായിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 54 കാണുക.

**6. അതിരൂപതാ കലോത്സവം**

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ മാസം 11–ാം തീയതി നടത്തപ്പെടുന്നതാണ്. ഈ വർഷം കലോത്സവത്തിന്റെ കൂടെ തന്നെ

യാണ് മിഷൻ ക്വിസ് നടത്തുന്നത്. കലോത്സവത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 54 കാണുക.

**7. കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & പ്രച്ഛന്ന വേഷ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 16-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം കണ്ണൂർ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രച്ഛന്നവേഷ മത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

**A) നിബന്ധനകൾ - പ്രച്ഛന്നവേഷം**

1 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2 ഒരു ശാഖയിൽ നിന്നും ഫസ്റ്റ് കിട്ടുന്ന ഒന്ന് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ.
3 പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
4 അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15
5 അയയ്ക്കേണ്ട മെയിൽ - cmltly01@gmail.com

**B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ**

1. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2. ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)
3. വിഷയം : മിഷൻലീഗ് കുഞ്ഞേട്ടൻ.
4. സമയദൈർഘ്യം 30 സെക്കന്റിൽ താഴെ ആയിരിക്കണം.
5. കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കേണ്ടത്.
6. വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷമായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
8. വീഡിയോ പോർട്രേറ്റ് രീതിയിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കണം
9. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 5

10. വീഡിയോയിൽ മത്സരാർത്ഥിയെ തിരിച്ചറിയാവുന്ന വിവരങ്ങൾ ഒന്നും പാടില്ല.
11. അതിരൂപതയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വീഡിയോ സംസ്ഥാന മത്സരത്തിന് അയക്കുന്നതായിരിക്കും.
12. അയയ്ക്കേണ്ട നമ്പറുകൾ - **8281255847**

**8. ജെയ്സൺ മർക്കോസ് അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവത്തിങ്കൽ 7-ാം ചരമവാർഷിക അനുസ്മരണം പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ഫോറോന പള്ളിയിൽവച്ച് നടക്കും.

**9. എം.റ്റി.സി. പഠനസഹായി**

ഓരോ മേഖലയ്ക്കും ആവശ്യമായ 2025 -2026 വർഷത്തേക്കുള്ള എം.റ്റി.സി. പഠനസഹായി തയ്യാറാക്കുന്നുണ്ട് . മേഖലയ്ക്ക് ആവശ്യമായ എണ്ണം അനുസരിച്ച് ഓഗസ്റ്റ് മാസം നൽകുന്നതായിരിക്കും. എം.റ്റി.സി. ക്യാമ്പുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

**10. ശാഖാ സന്ദർശനങ്ങൾ**

ആഗസ്റ്റ് ആദ്യ ആഴ്ചമുതൽ അതിരൂപതാ ഭാരവാഹികളുടെയും, ഓർഗനൈസിംഗ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ശാഖാ സന്ദർശനങ്ങൾ ആരംഭിക്കുന്നതായിരിക്കും. വൈസ് ഡയറക്ടേഴ്സ് റിപ്പോർട്ടുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ. സന്ദർശനം നടത്തുന്ന മേഖലകളുടെ ക്രമം മാർഗ്ഗരേഖയിൽ ചേർത്തിട്ടുണ്ട് ശ്രദ്ധിക്കുമല്ലോ. അതുകൂടാതെ സന്ദർശനം നടത്തുന്ന മേഖലകളെ ഒരിക്കൽകൂടി അറിയിക്കുന്നതായിരിക്കും.

**ഓഗസ്റ്റ് മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

പേരാവൂർ (ഓഗസ്റ്റ് - 3), കുന്നോത്ത് (ഓഗസ്റ്റ് - 17), മണിക്കടവ് (ഓഗസ്റ്റ് - 24), നെല്ലിക്കാംപൊയിൽ (ഓഗസ്റ്റ് - 31)

**11. അൾത്താരബാലൻമാരുടെ ദിനം**

ഓഗസ്റ്റ് 13 ന് വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ദിനമാണല്ലോ. അന്നേദിനം അൾത്താരബാലൻമാരുടെ ദിനമായി നാം ആചരിക്കുമ്പോൾ ശാഖാ - മേഖലാ തലത്തിൽ അൾത്തരബാലൻമാരെ ആദരിക്കുകയും അവർക്ക് സെമിനാറുകളും, ക്ലാസുകളും ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതാ തലത്തിൽ അൾത്താരബാലന്മാരുടെ ദിനം ഓഗസ്റ്റ് 17-ാം തീയതി നടത്തുന്നതായിരിക്കും.

**12. ഹൃദ്യമായ സ്വാഗതം**

കാസർഗോഡ് മേഖല വൈസ്ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. റോസ്മിൻ എഫ്.എം.എസ്.എസിന് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**13. അതിരൂപതാ മാനേജിംഗ് കമ്മറ്റി – ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ**

ജൂലൈ 12–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മറ്റിയിൽ 170 പേർ പങ്കെടുത്തു. അതിരൂപത വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി ബിജു കൊച്ചുപൂവ്വക്കോട്ട് മാനേജിംഗ് കമ്മറ്റി റിപ്പോർട്ടും, ഓഡിറ്റ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതോടൊപ്പം ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

**അതിരൂപതാ ജൂനിയർ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | അഗസ്റ്റിൻ കൊടകശ്ശേരി (മാട്ടറ) |
| വൈസ് പ്രസിഡന്റ് | : | ക്രിസ്റ്റീന അറക്കപ്പറമ്പിൽ (എടൂർ) |
| സെക്രട്ടറി | : | ആദർശ് മരോട്ടിക്കൽ (പേരാവൂർ) |
| ജോ. സെക്രട്ടറി | : | അഗത മേരി തെക്കേപ്പുറത്ത് (മണിക്കടവ്) |
| ഓർഗനൈസർ | : | മെൽവിൻ കൂറ്റിയാനിക്കൽ (പൈസക്കരി) |
| ഓർഗനൈസർ | : | ബെനീസിയ തറപ്പേൽ (വെള്ളാട്) |

ജൂനിയർ ഭാരവാഹികൾക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**14. കാഞ്ഞാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ആഗസ്റ്റ് 2–ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. അംഗത്വകാർഡ് സീൽ ചെയ്യാൻ വരുമ്പോൾ (മിഷൻലീഗ് – തിരുബാലസഖ്യം) അംഗത്വ രജിസ്റ്റർ കൊണ്ടുവരണം. അതോടൊപ്പം അംഗത്വ ഫോമിൽ തുടർച്ചയായി നമ്പർ ഇട്ട് കുട്ടികളുടെ പേര് എഴുതി കൊണ്ടുവരുന്ന കാര്യവും പ്രത്യേകം ഓർമ്മിക്കുമല്ലോ. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാനും വിവിധ കുടിശ്ശികകൾ അടക്കുവാനും സൗകര്യമുണ്ടായിരിക്കും.

**15. മിഷൻ ഞായർ കലണ്ടർ**

ഈ വർഷം മിഷൻ കലണ്ടർ എല്ലാ ശാഖകളിൽ നിന്നും ലഭിച്ച എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്.

**16. ആദരാഞ്ജലികൾ**

അതിരൂപത ജനറൽ ഓർഗനൈസർ ശ്രീ. അരുൾ പറയക്കുന്നേലിന്റെ വല്യമ്മ ത്രേസ്യ പറയക്കുന്നേലിന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വന്തമാക്കി മുന്നേറുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : സ്വർഗ്ഗാരോപണ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ജോൺ മരിയ വിയാനി
പ്രാർത്ഥനാനിയോഗം : എല്ലാ വൈദികർക്കുംവേണ്ടി
സുകൃതജപം : എന്റെ അമ്മേ എന്റെ ആശ്രയമേ
വചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. (വി. ലൂക്കാ 1:46)
പ്രവൃത്തി : ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തുക
മനഃപാഠമാക്കുക : വി. ജോൺ മരിയ വിയാനി, വി. മാക്സ് മില്യൻ കോൾബേ എന്നിവരെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : പരിശുദ്ധ അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മാതാവിന്റെ സ്തോത്രഗാനം ശാഖകളിൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വ്യാഴം : പതിനഞ്ച് നോമ്പ് ആരംഭം
4 ഞായർ : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
3 ചൊവ്വ : വി. ജോൺ ബെർക്കുമെൻസ് തിരുനാൾ, അൾത്താര ബാലൻമാരുടെ തിരുനാൾ
15 വ്യാഴം : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ,
17 ശനി : കർഷകദിനം - കർഷകരെ ആദരിക്കുന്നു.
29 വ്യാഴം : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ.

**2. വിയാനി ഡേ**

ആഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ ജ്ഞാനത്തിൽ വളരാം എന്ന ഒന്നാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ ദൈവജ്ഞാനത്തിൽ വളർന്ന് അതിന്റെ ശക്തിയാൽ പ്രവർത്തിച്ചവനായിരുന്നു. ഈശോ തന്റെ ജ്ഞാനം എല്ലാവർക്കുമായി പങ്കുവച്ചു. നമുക്കും ഈശോയെപ്പോലെ ദൈവിക ജ്ഞാനം സ്വന്തമാക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ജ്ഞാനത്തിൽ വളരാം എന്ന ഒന്നാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ജ്ഞാനത്തിൽ വളരാം എന്ന ഒന്നാം അധ്യായത്തിലെ നിങ്ങൾക്കറിയാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ആഗസ്റ്റ് 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. ആനിമേറ്റേഴ്സിന്റെ ശ്രദ്ധക്ക്**

സ്നേഹമുള്ള തിരുബാലസഖ്യം ആനിമേറ്റേഴ്സ് വർക്കുബുക്കിലെ നിങ്ങൾക്കറിയാമോ? നിറംകൊടുക്കാമോ എന്നീ വർക്കുകൾ അതതുമാസത്തിൽ ഗിരിദീപത്തിൽ നിർദ്ദേശിക്കുന്ന അദ്ധ്യായങ്ങൾ മാത്രം കുട്ടികളെക്കൊണ്ട് ചെയ്യിച്ച് എല്ലാ മസവും 20-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 എണ്ണം മാത്രമാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. കൂടുതൽ അയക്കുന്നവ പരിഗണിക്കുന്നതല്ല. അയയ്ക്കുന്ന പേപ്പറിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ
പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും
ചെയ്തു" (ജോബ് 31:18).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

ആഗസ്റ്റ് 01 - 15 നോമ്പാരംഭം

ആഗസ്റ്റ് 04 - വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
ബഹു. വൈദികർക്ക് ആശംസകൾ നേരുക

ആഗസ്റ്റ് 15 - സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം
ജവാൻമാരെ ആദരിക്കുക

ആഗസ്റ്റ് 17 - കേരള കർഷകദിനം

**എക്സ്പ്ലോറ 2k25 - ഇലക്ഷൻ സെനറ്റ്**

2025-26 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k25 ആഗസ്റ്റ് 9-ാം തീയതി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. 19 ഫൊറോനകളിൽ നിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്. ഇലക്ഷൻ സെനറ്റിൽ പങ്കെടുക്കുന്നവർ കുടിശ്ശികകൾ അടച്ചുതീർക്കാൻ ശ്രദ്ധിക്കുമല്ലോ.

**വി. തോമസ് മൂർ ദിനാചരണം (REVIVE)**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ അതിരൂപതാതല തോമസ് മൂർ ദിനാചരണവും യുവജന സംഗമവും തളിപ്പറമ്പ് ഫൊറോനയിൽ വച്ചു നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത

ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി ആമുഖപ്രഭാഷണം നടത്തി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. തോമസ് മൂർ ദിനാചരണത്തിന് ആതിഥേയത്വം വഹിക്കുകയും എറ്റവും മനോഹരമായ രീതിയിൽ പരിപാടി നടത്തുകയും ചെയ്ത തളിപ്പറമ്പ് ഫൊറോന ഡയറക്ടർ തോമസ് അട്ടേങ്ങാട്ടിൽ അച്ചനും പ്രസിഡന്റ് അബിൻ തൈക്കുന്നേലിനും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന തളിപ്പറമ്പ് ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് വികാരിമാർ, മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ച യൂണിറ്റുകൾ, ദിനാചരണം വിജയമാക്കാൻ സഹായിച്ച എല്ലാ യുവജന സുഹൃത്തുക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**ഡയറക്ടേഴ്സ് – വൈസ് ഡയറക്ടേഴ്സ് സംഗമം**

ജൂലൈ 05 ശനിയാഴ്ച്ച തളിപ്പറമ്പിൽ വച്ചു 10 AM – 01 PM വരെ ഫൊറോന ഡയറക്ടേഴ്സ് – വൈസ് ഡയറക്ടേഴ്സ് സംഗമം നടത്തി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**കെസിബിസി യുവജനദിനം – പതാകദിനം**

യൂണിറ്റുകളിൽ ജൂലൈ 06 പതാകദിനമായി ആചരിച്ചു. ഞായറാഴ്ച്ചത്തെ വി.ബലിക്കുശേഷം യൂണിറ്റു പ്രസിഡന്റും ഭാരവാഹികളും വികാരിയച്ചനിൽ നിന്നും പതാക സ്വീകരിച്ചു. തുടർന്ന് യൂണിറ്റ് പ്രസിഡന്റ് പതാക ഉയർത്തുകയും ചെയ്യ്തു.

**നമ്മൾ – മെഗാ യുവജനസംഗമവും റാലിയും**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ് എന്നീ ഫൊറോനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നമ്മൾ – മെഗാ യുവജനസംഗമവും റാലിയും നടത്തി. അരങ്ങം മഹാദേവക്ഷേത്രപരിസരത്തുനിന്ന് ആലക്കോട് സെന്റ് മേരീസ് ഫൊറോന പള്ളിവരെ നടന്ന യുവജന റാലിയിൽ എണ്ണൂറിനധികം യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് നടന്ന യുവജന സമ്മേളനം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ജോൺ ബ്രിട്ടാസ് എം പി മുഖ്യപ്രഭാഷണം നടത്തി. സജീവ്

ജോസഫ് എം എൽ എ മുഖ്യാതിഥിയായി. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി, ജനറൽ സെക്രട്ടറി അബിൻ വടക്കേക്കര, ആലക്കോട് ഫൊറോന വികാരി ഫാ. ആന്റണി പുന്നൂർ, കുമാരി ഗ്ലോറിയ കൂനാനിക്കൽ എന്നിവർ സംസാരിച്ചു. യുവജനസംഗമവും റാലിയും വിജയമാക്കാൻ സഹായിച്ച ആലക്കോട് ഫൊറോന ഡയറക്ടർ മാത്യു പരിയാനിക്കൽ അച്ചനും ഫൊറോന പ്രസിഡന്റ് ജോണിച്ചൻ കൊടകനാടിക്കും ചെറുപുഴ ഫൊറോന ഡയറക്ടർ തോമസ് പൂകമല അച്ചനും ഫൊറോന പ്രസിഡന്റ് ജോബിൻ കല്ലുകാവുങ്കലിനും മേരിഗിരി ഫൊറോന ഡയറക്ടർ മാത്യു ചെംബ്ലായിൽ അച്ചനും ഫൊറോന പ്രസിഡന്റ് മരിയ പള്ളിപ്പുറത്തിനും വായാട്ടുപറമ്പ് ഫൊറോന ഡയറക്ടർ സെബാസ്റ്റ്യൻ വെട്ടിയാനിക്കൽ അച്ചനും ഫൊറോന പ്രസിഡന്റ് സനൽ തെക്കേലിനും സഹഭാരവാഹികൾക്കും ഫൊറോന വികാരിമാർക്കും യൂണിറ്റ് ഡയറക്ടർമാർക്കും പ്രസിഡന്റുമാർക്കും ആനിമേറ്റർമാർക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**അവാർഡുകൾ**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ 2024 - 2025 വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചു.

1. ജോൺസൺ ജെ ഓടയ്ക്കൽ യൂത്ത് എക്സലൻസ് അവാർഡ്
   അമൽ ജോയി കൊന്നക്കൽ (അമ്മംകുളം യൂണിറ്റ്)
2. മോൺ മാത്യു എം ചാലിൽ ഉന്നത വിദ്യാഭ്യാസ അവാർഡ്
   ജെസ്വിൻ ജോസ് മൂലയിൽ (ചട്ടമല യൂണിറ്റ്)
3. ടോമി നടുവത്ത് യുവകർഷക അവാർഡ്
   ആൽബിൻ പാലനിൽക്കുംതൊട്ടിയിൽ (അട്ടക്കണ്ടം യൂണിറ്റ്)
4. നിമിഷ മെമ്മോറിയൽ സ്കോളർഷിപ്പ്
   ജിസ്റ്റോ ജോസ് പ്രയാറ്റിൽ (കനകപ്പള്ളി യൂണിറ്റ്)
   ജോസഫ് കോലക്കുന്നേൽ (ചന്ദനക്കാംപാറയൂണിറ്റ്)

**പ്രകൃതി പഠന സഹവാസ ക്യാമ്പ് (യൗവനം)**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ പൊട്ടംപ്ലാവിൽ വച്ചു ജൂലൈ 18,19,20 തീയതികളിലായി പ്രകൃതി പഠന സഹവാസ ക്യാമ്പ് (യൗവനം) സംഘടിപ്പിച്ചു. വിവിധ ഫൊറോനകളിൽനിന്നായി അറുപതിലധികം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. മൂന്നു ദിവസം നീണ്ടുനിന്ന പ്രകൃതി പഠന സഹവാസ ക്യാമ്പിന് ആതിഥേയത്വം വഹിക്കുകയും ഏറ്റവും മനോഹരമായ രീതിയിൽ പരിപാടി നടത്തുകയും ചെയ്ത ചെമ്പേരി ഫൊറോന

ഡയറക്ടർ വർഗ്ഗീസ് കളപ്പുരക്കൽ അച്ചനും ഫൊറോന പ്രസിഡന്റ് കുമാരി അശ്വതി കുടിയിരിപ്പിലിനും ക്യാമ്പിന്റെ ഓരോ നിമിഷവും കൂടെ നിന്ന് സഹായിച്ച ഫൊറോന സമിതി അംഗങ്ങൾക്കും, ക്യാമ്പിന്റെ വിജയത്തിനായി രാപകൽ വ്യത്യാസമില്ലാതെ അദ്ധ്വാനിച്ച പൊട്ടംപ്ലാവ് ഇടവകയിലെ യുവജന സുഹൃത്തുക്കൾക്കും ക്യാമ്പിന് എല്ലാവിധ സഹകരണവും നൽകിയ ഫൊറോന പ്രസിഡന്റുമാർക്കും ക്യാമ്പ് എറ്റവും മനോഹരമാക്കി മാറ്റിയ, പങ്കുചേർന്ന എല്ലാ യുവതി യുവാക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**നസ്രാണി കാർണിവൽ - അതിരൂപതാതല സമാപനം**

19 ഫൊറോനകളിൽ യുവജനങ്ങൾ ഒന്നുചേർന്ന് നടത്തുന്ന യുവജന സംഗമം നസ്രാണി കാർണിവൽ (United in blood inspired through jesus) അതിരൂപതാതല സമാപനം എടൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. എടൂർ ഫൊറോന വികാരി വെരി.റവ.ഫാ. തോമസ് വടക്കേമുറിയിൽ, അതിരൂപത ഡയറക്ടർ ഫാ.മാത്യു മുക്കുഴി, ജനറൽ സെക്രട്ടറി അബിൻ വടക്കേക്കര, ശ്രീ.വിപിൻ മാറുകാട്ടുകുന്നേൽ, ശ്രീ.റോണിറ്റ് പള്ളിപ്പറമ്പിൽ, ഫാ.അലക്സ് നിരപ്പേൽ, ശ്രീ ബിബിൻ പീടികയ്ക്കൽ എന്നിവർ സംസാരിച്ചു. ഈ മനോഹര നിമിഷങ്ങൾക്ക് ആതിഥേയത്വം നൽകിയ എടൂർ ഫൊറോന സമിതിക്കും ഡയറക്ടർ ഫാ. അലക്സ് നിരപ്പേൽലിനും പ്രസിഡന്റ് ശ്രീ.റോണിറ്റ് പള്ളിപ്പറമ്പിലിനും എടൂർ യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് വികാരിമാർ, മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ച യൂണിറ്റുകൾ, നസ്രാണി കാർണിവലിന്റെ വിജയത്തിനായി അദ്ധ്വാനിച്ച എല്ലാ യുവജനസുഹൃത്തുക്കൾക്കും പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**സ്നേഹവീട് വെഞ്ചരിപ്പ് നടത്തി**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനം ഒരു മനസ്സായി കൈകൾ കോർത്ത സ്വപ്നം പാലത്തുംകടവ് സ്നേഹവീട് 20-08-2025 ഞായറാഴ്ച്ച 3.00 മണിക്ക് തലശ്ശരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിച്ച് കുടുംബത്തിന് കൈമാറി. സ്നേഹവീട് നിർമ്മാണത്തിന് സഹകരിച്ച എല്ലാ സുമനസ്സുകൾക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഭാരതനാടിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സമുചിതമായി ആഘോഷിക്കാൻ നമ്മൾ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണല്ലോ. യഥാർത്ഥ സ്വാതന്ത്ര്യം ഇഷ്ടമുള്ളത് പ്രവർത്തിക്കാനുള്ള അവകാശമല്ല, മറിച്ച് നന്മയായിട്ടുള്ളതിന്റെ തിരഞ്ഞെടുപ്പാണ് എന്ന തിരിച്ചറിവിലേക്ക് എല്ലാവരും വളരുമ്പോഴാണ് സന്തോഷവും സമാധാനവും കളിയാടുക. കുടുംബം എന്ന സ്നേഹത്തിന്റെ കൂട്ടായ്മ അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കാനും അനുഭവിക്കാനും സാധിക്കുന്നത് കുടുംബത്തിലെ ഓരോ വ്യക്തിയും തനിക്കും മറ്റുള്ളവർക്കും നന്മ വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴാണ്. സ്വാർത്ഥതയും അഹങ്കാരവും സ്വാതന്ത്ര്യത്തെ തകർക്കുമ്പോൾ നിസ്വാർത്ഥമായി പങ്കുവയ്ക്കുന്നതും ദൈവത്തിന് സമർപ്പിക്കുന്നതും യഥാർത്ഥ സ്വാതന്ത്ര്യത്തെ ഊട്ടിയുറപ്പിക്കുന്നു. തിരുകുടുംബത്തിന്റെ നാഥയും നമ്മുടെ കുടുംബങ്ങളുടെ സംരക്ഷകയുമായ സ്വർഗ്ഗരാജ്ഞിയുടെ മാദ്ധ്യസ്ഥ്യം നമ്മുടെ കുടുംബങ്ങളെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും അതിലൂടെ രൂപപ്പെടുന്ന കൂട്ടായ്മയിലേക്കും നയിക്കട്ടെ.

## I. കുടുംബകൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

നമ്മുടെ കുടുംബങ്ങളും ഇടവകകളും രൂപതയും കൂട്ടായ്മയിൽ ശക്തിപ്പെടാനുള്ള ഫലപ്രദമായ മാർഗ്ഗം മാസംതോറും ഭംഗിയായി നടത്തപ്പെടുന്ന കുടുംബകൂട്ടായ്മകളാണെന്ന് തിരിച്ചറിഞ്ഞ് അവയെ സജീവമാക്കാൻ പ്രത്യേക ശ്രദ്ധ നൽകാം.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക.**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

g) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്, പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

h) ബയോ മൗണ്ടൻ ഉല്പ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം ഭാരവാഹികൾ നല്കണം.

i) മഴക്കാലത്ത് ദുതിരമനുഭവിക്കുന്നവരെ സഹായിക്കാൻ സന്നദ്ധരാവുക.

**2. ഓർമയിൽ സൂക്ഷിക്കുവാൻ**

- കുടുംബകൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കുടുംബ പ്രേഷിത ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്. നമ്പർ - 9400206974.
- ഇടവകയിലെ എല്ലാ കൂട്ടായ്മകളും പ്രതിമാസം സമ്മേളിക്കുന്നു എന്ന് വികാരിയച്ചനും കോർഡിനേറ്ററും ഉറപ്പുവരുത്തുക. റിപ്പോർട്ട് പരിശോധിക്കുക.
- ഓരോ മാസവും ചർച്ചയ്ക്കായി നല്കുന്ന വീഡിയോകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച് ചർച്ച ചെയ്ത് റിപ്പോർട്ടിൽ രേഖപ്പെടുത്തണം.
- എല്ലാ മാസവും റിപ്പോർട്ട് നല്കുന്ന രീതി തുടരുക. സാധിക്കാതെ വന്നാൽ മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് ഓഫീസിൽ നല്കുക.
- ഓരോ ഫൊറോനയിലെയും മുഴുവൻ ഇടവകകളിലെയും കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം മേഖലാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറും ഫൊറോന കൗൺസിൽ പ്രസിഡന്റും ചേർന്ന് മോണിറ്റർ ചെയ്യുക.
- ഫൊറോനയ്ക്ക് കീഴിൽ വരുന്ന എല്ലാ ഇടവകാ കോർഡിനേറ്റർമാരെയും ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് വിവരങ്ങൾ അന്വേഷിക്കാൻ ഫൊറോന കൗൺസിൽ പ്രസിഡന്റ് ശ്രദ്ധിക്കണം.
- പ്രാർത്ഥനാപുസ്തകവും റിപ്പോർട്ട് ബുക്കും പതാകയും ഓഫീസിൽ ലഭ്യമാണ്.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂലൈ 17-19 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 100 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1400 രൂപ കൊണ്ടുവരേണ്ടതാണ്. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.**
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| **MPC - 2025** | | | |
|---|---|---|---|
| August | 21-23 | (Thusday - Saturday) | Thalassery |
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ജൂലൈ 10ന് കൂടിയ മീറ്റിംഗിൽ കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) അതിരൂപതാ ജനറൽ ബോഡി - ജൂൺ 21

സമുദായ ശക്തീകരണ വർഷത്തിൽ തനത് വേഷവിധാനത്തോടും ഭക്ഷണ വിഭവങ്ങളോടും കലാരൂപങ്ങളോടുംകൂടി വ്യത്യസ്തതയാർന്ന രീതിയിൽ സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗം ജൂൺ 21-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തി. രാവിലെ 9.30ന് അതിരൂപതാ പ്രസിഡന്റ് ശ്രീമതി സിസ്സി ആന്റണി പതാക ഉയർത്തിയതോടെ ജനറൽ ബോഡിക്ക് തുടക്കമായി. അര

വഞ്ചാൽ യൂണിറ്റിലെ അമ്മമാരുടെ നേതൃത്വത്തിലുള്ള മരിയൻ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ വിശിഷ്ടാഥിതികളെ വേദിയിലേക്ക് സ്വീകരിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീമതി സിസ്സി ആന്റണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. സീറോ മലബാർ മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ശ്രീമതി ബീന ജോഷി മുഖ്യ പ്രഭാഷണം നടത്തി. കൂടാതെ ഗ്ലോബൽ ഭാരവാഹികളായ ശ്രീമതി മോളി പീറ്റർ. ശ്രീമതി ബ്രില്ലി അന്ന എന്നിവരും യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. തലശ്ശേരി അതിരൂപത മാതൃവേദി അമ്മമാർക്കായുള്ള വാർത്താ പത്രികയായ **മാതൃദീപ്തി** അഭിവന്ദ്യ പിതാവ് ശ്രീമതി ബീന ജോഷിക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. 19 മേഖലകളുടെ നേതൃത്വത്തിൽ ക്രിസ്തീയ കലാരൂപങ്ങളായ രംഗപൂജ, മാർഗ്ഗംകളി, കോൽക്കളി, റമ്പാൻപാട്ട്, നൃത്തശില്പം, സംഘഗാനം, എന്നിങ്ങനെ വ്യത്യസ്ത പരിപാടികൾ അവതരിപ്പിച്ചു. 19 മേഖലകളിൽ നിന്നുമായി ക്രിസ്തീയ ഭക്ഷ്യവിഭവങ്ങളായ പിടി-കോഴി, അച്ചപ്പം, ചീപ്പപ്പം, കുഴലപ്പം, അവിലോസുണ്ട, വട്ടയപ്പം, ഉണ്ണിയപ്പം എന്നിങ്ങനെ വ്യത്യസ്ത സാധനങ്ങൾ കൊണ്ടുവരികയും അഭിവന്ദ്യ പിതാവ് അവ ആശീർവദിച്ച് എല്ലാവരും പങ്കുവച്ച് കഴിക്കുകയും ചെയ്തു. അതിരൂപതാ ഭാരവാഹികളും, മേഖലാ ഡയറക്ടർമാരും, മേഖലാ ആനിമേറ്റർമാരും, മേഖലാ ഭാരവാഹികളും, യൂണിറ്റ് പ്രസിഡന്റുമാരും യോഗത്തിൽ പങ്കുചേർന്നു. ദിവ്യകാരുണ്യവർഷത്തിലെ (2024) പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി മികച്ച മേഖലകൾക്കും യൂണിറ്റുകൾക്കുമുള്ള എവറോളിംങ്ങ് ട്രോഫിയും, സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. കൂടാതെ അമ്മമാരുടെ വിവിധ മത്സരങ്ങൾക്കുള്ള സർട്ടിഫിക്കറ്റും മെമന്റോയും നല്കി. നാനൂറോളം അമ്മമാർ സംഗമത്തിൽ പങ്കെടുത്തു.

**ദിവ്യകാരുണ്യ വർഷത്തെ (2024) പ്രവർത്തനങ്ങളിൽ സമ്മാനർഹരായ മേഖലകൾ**

ഒന്നാം സ്ഥാനം - മേരിഗിരി
രണ്ടാം സ്ഥാനം - നെല്ലിക്കാംപൊയിൽ, കാഞ്ഞങ്ങാട്
മൂന്നാം സ്ഥാനം - മാലോം

**സമ്മാനർഹരായ യൂണിറ്റുകൾ**

**200-ൽ താഴെ കുടുംബങ്ങളുള്ള യൂണിറ്റുകളിൽ**

ഒന്നാം സ്ഥാനം - ഹൊസങ്കടി
രണ്ടാം സ്ഥാനം - ചെട്ടിയാംപറമ്പ്
മൂന്നാം സ്ഥാനം - കാഞ്ഞിരടുക്കം

**200-നു മുകളിൽ കുടുംബങ്ങളുള്ള യൂണിറ്റുകളിൽ**

ഒന്നാം സ്ഥാനം - പെരുമ്പടവ്
രണ്ടാം സ്ഥാനം - കീഴ്പ്പള്ളി, കരുവഞ്ചാൽ
മൂന്നാം സ്ഥാനം - മുണ്ടാനൂർ

### (c) മാതൃസംഗമം

ജൂൺ 29ന് തോമാപുരം മേഖലയിലെ കടുമേനി ഇടവകയിൽ മാതൃ സംഗമം നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ വി. കുർബ്ബാനയർപ്പിച്ച് ക്ലാസ് നല്കി. മുഴുവൻ അമ്മമാരെയും സംഘടനയിൽ ചേർത്ത് പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്താനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. മികവ് തെളിയി ച്ചവരെ ആദരിച്ചു. വിവാഹത്തിന്റെ 25, 50, 65 ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു.

### (d) മേഖലാ സന്ദർശനം

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി ജൂൺ 24-ാം തീയതി അതിരൂപതാ ടീം വെള്ളരിക്കുണ്ട്, പനത്തടി എന്നീ മേഖലകളിൽ സന്ദർശനം നടത്തി. അതിരൂപതാ ഡയറ ക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, മേഖലയുടെ ഉത്തരവാദിത്വം വഹിക്കുന്ന രൂപതാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു വാൻ ഉതകുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖലകളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

### (e) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീക രണ ജ്വാല ജൂൺ 25, ജൂലൈ 5 തീയതികളിലായി വായാട്ടുപറമ്പ് മേഖല യുടേത് കരുണാപുരം സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ചും, മേരിഗിരി മേഖലയുടേത് പച്ചാണി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും നടത്ത പ്പെട്ടു. ജപമാല, പതാക ഉയർത്തൽ റാലി എന്നിവയ്ക്കു ശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ മേരിഗിരി ഫൊറോന വികാരി റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശം സകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് സംഗീതം, റമ്പാൻ പാട്ട്, മോണോ ആക്ട്, സംഘഗാനം, ഡാൻസ്, കോൽക്കളി, മാർഗ്ഗംകളി, സംഘനൃത്തം, തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പ രാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കി കൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ

ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

### (f) വിവിധ മത്സരങ്ങൾ

**1. മാർ വാലാഹ് പ്രസംഗമത്സരം**

സീറോ മലബാർ ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച വി. തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തെ ആസ്പദമാക്കിയുള്ള പ്രസംഗമത്സരത്തിൽ അതിരൂപതാ മാതൃവേദി അമ്മമാർ സംബന്ധിക്കുകയുണ്ടായി.

**വിജയികളായവർ**

ഒന്നാം സ്ഥാനം - നവ്യ കുറ്റ്യാനിക്കൽ - പൈസക്കരി യൂണിറ്റ്
രണ്ടാം സ്ഥാനം - അഞ്ജന സാഗർ - മണിക്കടവ് യൂണിറ്റ്
മൂന്നാം സ്ഥാനം - ട്രീസ പുതുപ്പറമ്പിൽ - പാടിച്ചാൽ യൂണിറ്റ്

**2. ക്രിസ്തീയ സംഘഗാന മത്സരം**

സമുദായശക്തീകരണ വർഷത്തിൽ ക്രിസ്തീയ സംഘഗാനമത്സരം നടത്തി.

**വിജയികളായവർ**

ഒന്നാം സ്ഥാനം - തിരുമേനി യൂണിറ്റ്
രണ്ടാം സ്ഥാനം - കോളയാട് യൂണിറ്റ്
മൂന്നാം സ്ഥാനം - കുന്നോത്ത് യൂണിറ്റ്

### (g) ആഗസ്റ്റ് മാസത്തെ മാർഗ്ഗരേഖ

1 - പതിനഞ്ച് നോമ്പ് ആരംഭം. സാധിക്കുന്ന അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിക്കുക.

2 - ജ്വാല @ ആലക്കോട്

4 - വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ അന്നേ ദിവസം വി. കുർബ്ബാനയിൽ പങ്കെടുത്ത് വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും കുർബ്ബാനയ്ക്കുശേഷം ആശംസകൾ നേർന്ന് ഒരു സമ്മാനം നല്കുകയും ചെയ്യുക.

6 - നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണ തിരുനാൾ, കുമ്പസാരിച്ച്, വി. കുർബ്ബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുക.

8 - ജപമാല പ്രചാരകനായ വി. ഡൊമിനിക്കിന്റെ തിരുനാൾ ദിനം. ജപമാല ആഘോഷമായി ചൊല്ലി പ്രാർത്ഥിക്കുക.

9 - **കാസർഗോഡ് മേഖല വിസിറ്റ് 10 am, കാഞ്ഞങ്ങാട് മേഖല വിസിറ്റ് 2 pm**

11 - വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിനം - ആനിമേറ്റർമാർക്ക് ആശംസ നേരുക.

12 - ആഗോള യുവജന ദിനം - യുവജനങ്ങൾക്കായ് പ്രാർത്ഥിക്കുക.

14 - സഹോദരനുവേണ്ടി ജീവൻ സമർപ്പിക്കാൻ തയ്യാറായ വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാൾ ദിനത്തിൽ എല്ലാ തടവറ മക്കൾക്കും വേണ്ടി പ്രാർത്ഥിക്കുക.

15 – പരി. അമ്മയുടെ സ്വർഗ്ഗാരോഹണ തിരുനാൾ സ്വാതന്ത്ര്യദിനത്തിൽ ജന്മനാടിനുവേണ്ടി പ്രാർത്ഥിക്കുക. പതാക ഉയർത്തൽ, പ്രതിജ്ഞ ചൊല്ലൽ, എന്നിവയിൽ പങ്കുചേരുക.

19 – ആഗോള ഫോട്ടോഗ്രാഫിദിനം "ഏയ് ഇതു കണ്ടോ" എന്ന ക്യാപ്ഷനു ഏറ്റവും അനുയോജ്യമായ ഫോട്ടോ എടുത്ത് അയക്കുക.

20 – വി. ബർണാഡിന്റെ തിരുനാൾ ദിനത്തിൽ എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന 5 പ്രാവശ്യം ചൊല്ലി കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

24 – വി. ബർത്തലോമിയോ അപ്പസ്തോലന്റെ തിരുനാൾ ദിനത്തിൽ മാർക്കോസ് 3:13:19 ഭാഗം വായിച്ച് അപ്പസ്തോലന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക.

27 – വി. മോനിക്കയുടെ തിരുനാൾ ദിവസം യൂണിറ്റിലെ എല്ലാ വിധവകളായ അമ്മമാരെയും ഒരുമിച്ചുകൂട്ടി ക്ലാസ് സംഘടിപ്പിച്ച് സാധിക്കുമെങ്കിൽ ഭക്ഷണവും നല്കുക.

28 – വി. അഗസ്റ്റിന്റെ തിരുനാൾ ദിനത്തിൽ നമ്മുടെ അതിരൂപതാധ്യക്ഷനു വേണ്ടി പ്രാർത്ഥിക്കുക.

– ജ്വാല @ പൈസക്കരി. വി. ഏവുപ്രാസ്യാമ്മയുടെ തിരുനാൾദിനം, വിശുദ്ധയുടെ വേഷം ധരിച്ച് അമ്മ പറഞ്ഞ സൂക്തങ്ങൾ ഉരുവിടുന്ന 2 മിനിറ്റിൽ കൂടാത്ത വീഡിയോ മത്സരം.

30 – ജ്വാല @ വെള്ളരിക്കുണ്ട്.

**പ്രത്യേക പ്രവർത്തനങ്ങൾ**

- പിതൃസംഗമങ്ങൾ
- ക്രിസ്തീയ ഭക്ഷ്യസാധനങ്ങളുടെ വീഡിയോ മത്സരം
- പരമാവധി അമ്മമാരെ മാതൃവേദിയിൽ ചേർക്കുക.

### (h) രജത ജൂബിലി ആഘോഷം

അതിരൂപത മാതൃവേദി ട്രഷറർ ശ്രീമതി റജീന തെക്കെപറമ്പിലിന്റെ വിവാഹജീവിതത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ അതിരൂപതാ ടീം തോമാപുരത്തുള്ള ഭവനത്തിൽ പോകുകയും ആശംസകൾ നേരുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

### (i) വാർഷികാഘോഷം

കുന്നോത്ത്, പൈസക്കരി മേഖലകളിലെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുടെ തിരുനാൾ വാർഷികമായി ആഘോഷിക്കുകയുണ്ടായി. കുന്നോത്ത് ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലക്കാട്ടിൽ വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പൈസക്കരി മേഖലയുടെ വാർഷികാഘോഷം അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രൂപത ആനിമേറ്റർ, മേഖല ഇൻചാർജ്ജുള്ള രൂപത ഭാരവാഹികൾ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾ വാർഷികാഘോ

ഷത്തിന് മികവേകി കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും അമ്മമാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിലും വാർഷികാഘോഷങ്ങൾ കാരണമായി.

**IV. അമല പ്രോലൈഫ്**

ജൂൺ 22ന് വിളക്കന്നൂരിൽ വച്ച് പ്രോലൈഫ് മീറ്റിങ്ങ് നടത്തി. അമല പ്രോലൈഫ് എന്ന നമ്മുടെ സംഘടനയിലൂടെ പ്രതിമാസം 1000 രൂപ വീതം നൽകി 23 കുടുംബങ്ങളെ സഹായിക്കുന്നു. 2025 ജനുവരി 1 ന് ശേഷം ജനിച്ച 7 കുഞ്ഞുങ്ങൾക്ക് 10,000 രൂപ വീതം അക്കൗണ്ടിലേക്ക് നൽകി. സെപ്റ്റംബർ മാസത്തിൽ ചെമ്പേരിയിൽ വച്ച് 2015 ജനുവരി 1 മുതൽ നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളുടെ റീജണൽ സംഗമം നടത്തുവാൻ തീരുമാനിച്ചു. പ്രോലൈഫ് സന്ധ്യ പുനരാരംഭിക്കാൻ ആലോചിക്കുകയുണ്ടായി എല്ലാ മാസവും പ്രോലൈഫ് മീറ്റിങ്ങ് നടത്തുവാൻ തീരുമാനിച്ചു.

**ലഹരിക്കെതിരെ പോരാടാം**

ലഹരി വിരുദ്ധദിനമായ ജൂൺ 26ന് അമല പ്രോലൈഫിന്റെ നേതൃത്വത്തിൽ എല്ലാ സ്കൂൾ പരിസരങ്ങളിലും ബാനർ കെട്ടുകയും ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്തു.

**V. സഖറിയാസ് കൺവെൻഷൻ:** ഇരിട്ടി ഇടവകയിൽ വച്ച് സഖറിയാസ് കോർ മീറ്റിങ്ങിൽ ഡയറക്ടർ സംബന്ധിക്കുകയും അവർക്ക് കുർബ്ബാന അർപ്പിച്ച് ക്ലാസ്സ് നല്കുകയും ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ജൂലൈ 4ന് സന്ദേശഭവനിൽ വച്ച് മീറ്റിംഗ് കൂടുകയും, ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**VI. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**VII. പ്രോലൈഫ് മാരേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ആദരാഞ്ജലികൾ**



ചെമ്പന്തൊട്ടി ചെറുപുഷ്പം യുപി സ്കൂളിലെ അധ്യാപികയായ ശ്രീമതി പ്രിയ മോൾ ജോസ് 21.07.2025 ന് ദൈവസന്നിധിയിലേക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയമോൾ ടീച്ചറിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.



പെസക്കരി ദേവമാത ഹൈസ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിയായ അലീന ഷാജീവ് വട്ടക്കുന്നേൽ 08.06.2025 ന് ദൈവസന്നിധിയിലേക്ക് യാത്രയായി. അലീന ഷാജീവിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗ ങ്ങളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു. ആദരാഞ്ജലികൾ.

**രജിസ്ട്രേഷൻ**

എൽ.പി, യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് താഴെ പറയുന്ന അധ്യാപന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാൻ അവസരം നൽകുന്നു.

| | | |
|---|---|---|
| എൽ.പി.വിഭാഗം | : | പ്ലസ് ടു, ഡി.എൽ.എഡ്/ടി.ടി.സി |
| യു.പി/ഹൈസ്കൂൾ | : | മലയാളം, ഹിന്ദി, ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക്, സയൻസ് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി), സംസ്കൃതം, ഉറുദു, അറബിക്, എന്നീ വിഷയങ്ങളിൽ ബിരുദവും, ബി.എഡും ഉണ്ടായിരിക്കണം. |

മേൽ പറഞ്ഞ വിഷയങ്ങളിൽ യോഗ്യതയുള്ളവർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ് (പ്രൊവിഷണൽ സർട്ടിഫിക്കറ്റെങ്കിലും ലഭിച്ചിരിക്കണം).

**രജിസ്ട്രേഷൻ നടത്താൻ വരുമ്പോൾ കൊണ്ടു വരേണ്ട രേഖകൾ**

(1) പാസ്സ്പോർട്ട് സൈസ് ഫോട്ടോ – 1

(2) വികാരിയച്ചന്റെ കത്ത് (മറ്റ് മതസ്ഥർ വാർഡ് മെമ്പറിന്റയോ, അവസാനം പഠിച്ച സ്ഥാപനമേധാവിയുടെയോ സ്വഭാവ സർട്ടിഫിക്കറ്റ്)

(3) വേദപാഠ ഡിപ്ലോമ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

(4) വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും കോപ്പി

(5) കെ.ടെറ്റ്/സെറ്റ്/സി.ടെറ്റ് എം.എഡ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

(6) അധികമായ യോഗ്യതകൾ, മെറിറ്റ് അവാർഡ് എന്നിവയുടെ പകർപ്പുകൾ

ബഹുമാനപ്പെട്ട അച്ചന്മാർ രജിസ്ട്രേഷന്റെ കാര്യങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ.

രണ്ടാം ശനി ഉൾപ്പെടെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ തലശ്ശേരി കോർപ്പറേറ്റ് ഓഫീസിൽ വന്ന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ പിൽഗ്രിം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2025 ഒക്ടോബർ 9 മുതൽ 11 ദിവസത്തേക്ക് ജോർദാൻ, പാലസ്തീൻ, ഇസ്രായേൽ, ഈജിപ്ത് എന്നീ 4 രാജ്യങ്ങളിലൂടെ ഈശോമിശിഹായുടെ മനുഷ്യാവതാര രക്ഷാകര രഹസ്യങ്ങൾ സംഭവിച്ച സ്ഥലങ്ങളിലൂടെ വിശുദ്ധനാട് യാത്ര ക്രമീകരിക്കുന്നു. 2025 നവംബർ 2 മുതൽ 16 ദിവസത്തേക്ക് യൂറോപ്പ് യാത്രയും ക്രമീകരിക്കുന്നു (ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ).

- വിശദവിവരങ്ങൾക്കും ബുക്കിങ്ങിനുമായി 7306266198 (ഫാ. ജോർജ് വെള്ളരിങ്ങാട്ട്) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- വിശുദ്ധ നാട് യാത്രയുടെ ബുക്കിംങ് സെപ്റ്റം. 5 ന് അവസാനിക്കും.
- യൂറോപ്പ യാത്രയുടെ ബുക്കിംങ് ഒക്ടോബർ 10 നും അവസാനിക്കുന്നു.
- ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങളിൽ പങ്കെടുക്കുവാൻ സ്വാഗതം ചെയ്തുകൊണ്ട്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - JULY 2025**

- ക്യാമ്പസ് റിക്രൂട്ട്മെന്റിന് വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികൾക്കുമായി Placement Training ജൂൺ 30, ജൂലൈ 1 – എന്നീ തീയതികളിലായി സംഘടിപ്പിച്ചു. കേരളത്തിലെ പ്രമുഖ ട്രെയിനിംഗ് കമ്പനികളായ Pragmatix Learning, Neovent Innovations, CGP Career Avenues എന്നീ കമ്പനികളുടെ ട്രെയിനിംഗിൽ പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾ Placement Training നെ സംബന്ധിച്ച് വളരെ നല്ല അഭിപ്രായമാണ് നൽകിയത്.

- 2026 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി INSIDE SALES REPRESENTATIVE പൊസിഷനിലേയ്ക്കായി GLOWLOGICS സംഘടിപ്പിച്ച ക്യാപസ് റിക്രൂട്ട്മെന്റിൽ 60 അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. 14 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. Working Professionals-\pw Engineering/Polytechnic ബിരുദധാരികൾക്കുമായി കമ്പനി നടത്തുന്ന വിവിധ കോഴ്സുകൾ Online Marketing നടത്തുന്ന ജോലിയാണിത്. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ 2 മാസം Internship/ Probation പുർത്തികരിക്കണം. ഈ കാലയളവിൽ പ്രതിമാസം 25,000/ രൂപ വരെ stipend ലഭിക്കുന്നതാണ്. intership / Probation പൂർത്തിയാകുന്നവർക്ക് പ്രതിവർഷം 5, 20,000/ രൂപ ശമ്പളത്തിൽ ജോലിയിൽ പ്രവേശിക്കാം.

- Dr. Paneeth Rakumar - ന്റെ പേരിലുള്ള CSR Scholarship – ലേയ്ക്കായി GLOBAL QUEST TECHNOLOGIES, Bangalore അവസാന വർഷ Engineering വിദ്യാർത്ഥികൾക്കായി Campus Recruitment നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് Scholorship ആയി 1 ലക്ഷം രൂപ വരെ Fees DA Training കോഴ്സുകൾ സൗജന്യമായി നൽകുന്നു. Training പൂർത്തിയാകുന്നവർക്ക് 3 ലക്ഷം രൂപയെങ്കിലും വാർഷിക ശമ്പളമുള്ള ജോലി നൽകുന്നു. പ്രസ്തുത Recruitment, August ആദ്യവാരത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

- Group Discussion ന് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി Placement Cell-ന്റെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി, എല്ലാ പ്രവർത്തിദിനങ്ങളിലും G D Training നടത്തുന്നു. 170 അവസാന വർഷ വിദ്യാർത്ഥികൾ ഈ ട്രെയിനിംഗിനായി Register ചെയ്തിട്ടുണ്ട്. July 28 മുതലാണ് G D Training ആരംഭിക്കുന്നത്.

## MBA PLACEMENT NEWS - JULY 2025

### എൻട്രൻസ് സ്കോർ ഇല്ലാതെ എം ബി എ പ്രവേശനം

കണ്ണൂർ ജില്ലയിലെ നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ 2025-27 വർഷത്തേക്കുള്ള എംബിഎ പ്രവേശനം തുടരുന്നു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. എൻട്രൻസ് പരീക്ഷ എഴുതാത്തവർക്കും പ്രവേശനം ലഭിക്കുന്നതാണ്. ഡിഗ്രിക്ക് കുറഞ്ഞത് 75 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യ മാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽനിന്നും എംബിഎ പഠനം പൂർത്തിയാക്കാ വുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

- **9497517396, 9656786719, +8111918367**

### വിമൽജ്യോതിയിൽ പ്രീ എംബിഎ ഓറിയന്റേഷൻ പ്രോഗ്രാം

ചെമ്പേരി വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിലെ 2025-27 ബാച്ചിലെ എം ബി എ വിദ്യാർത്ഥികൾക്ക് പ്രീ എം ബി എ നൈപുണ്യ വികസന പരിശീലനം സംഘടിപ്പിച്ചു. ജൂലൈ 14 മുതൽ 19 വരെ നടത്തിയ ഈ പരിശീലന പരിപാടിയിൽ വിവിധ നൈപുണ്യ വികസനത്തിന് ആവശ്യമായ പരിശീലനം വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ നടത്തി.

അദ്ധ്യാപകരും വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**നിർമലഗിരി കോളേജ് (ഓട്ടോണമസ്) FYUGP അധ്യയന വർഷ ഉദ്ഘാടനം**

നിർമലഗിരി കോളേജ് (ഓട്ടോണമസ്) 2025–26 അധ്യയന വർഷ ത്തിലെ നാലുവർഷ ബിരുദ കോഴ്സുകളുടെ കോളേജ്തല ഉദ്ഘാടനം കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ നിർവഹിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പ്രഥമ ഓട്ടോണമസ് കോളേജിലെ ആദ്യ നാലുവർഷ ബിരുദബാച്ച് എന്ന നിലയിൽ കൂടുതൽ ഉത്തരവാദി ത്വബോധത്തോടെ മുന്നേറാനുള്ള തീരുമാനമെടുക്കുവാൻ അദ്ദേഹം വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. എഫ് വൈ യു ജി പി (FYUGP) പ്രോഗ്രാം സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു നിർവഹിച്ചു. അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഓൺലൈനായി ആ ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ത്തിനുശേഷം ഒന്നാംവർഷ വിദ്യാർഥികൾക്ക് ബോധവൽക്കരണ ക്ലാസ് നടന്നു. ശ്രീ. ശ്രീരാജ് പാറക്കൽ, ശ്രീ. ജിതിൻ ശ്യാം, ശ്രീ. പ്രസാദ് മാനിക്, എന്നിവർ ക്ലാസ്സ് നയിച്ചു.

ചടങ്ങിന് കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് സ്വാഗതം പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ സി. ഡോ. സെലിൻ മാത്യു അധ്യക്ഷത വഹിച്ചു. സീനിയർ അധ്യാപകൻ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ, പിടിഎ വൈസ് പ്രസിഡന്റ് ശ്രീ. സുരേന്ദ്രൻ പറഞ്ഞു. തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർമാരായ ശ്രീ. റോഷിൻ തോമസ്, ശ്രീ. ദീപു ജോസഫ്, ഡോ. ദീപാ മോൾ മാത്യു, ശ്രീ. ഇമ്മാനുവൽ ടോം, ഡോ. പ്രഫുൽ കെ. വർക്കിയച്ചൻ, ഡോ. കമിലോ ജോസഫ്, സിസ്റ്റർ ഡോ. മഞ്ജു ഒ എസ് തുടങ്ങിയവർ വിവിധ വിഷയ ങ്ങളെക്കുറിച്ച് ക്ലാസെടുത്തു

### മെറിറ്റ് ഡേ സംഘടിപ്പിച്ചു

മെറിറ്റ് ഡേ–സഫലം 2025 കോളേജ് ഓഡിറ്റോറിയത്തിൽ സംഘടി പ്പിച്ചു. 2025 ൽ ബിരുദപഠനം പൂർത്തിയാക്കി യൂണിവേഴ്സിറ്റി തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവരെയും എ പ്ലസ് ഗ്രേഡുകാരെയും

ഡിപ്പാർട്ട്മെന്റ് തലത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വന്നവരെയും അനുമോദിച്ചു. പ്രശസ്ത കവിയും ചിത്രകാരനും നോവലിസ്റ്റും അധ്യാപകനുമായ ഡോ. സോമൻ കടലൂർ മുഖ്യാതിഥിയായി. അദ്ദേഹം ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു പ്രസംഗിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

കോളേജ് പ്രിൻസിപ്പൽ ഡോ. സി. സെലിൻ മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ കോളേജ് ബർസാർ ഡോ. തോമസ് കൊച്ചുകരോട്ട് അനുഗ്രഹ ഭാഷണം നടത്തി. നിർമലഗിരി കോളേജ് മുൻപ്രിൻസിപ്പൽ ഡോ. സെബാസ്റ്റ്യൻ ടി കെ, ഐക്യു എ സി കോഡിനേറ്റർ ഡോക്ടർ ഫാ. മാർട്ടിൻ ജോസഫ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോക്ടർ ജയ്സൺ ജോസഫ്, ശ്രീ. ജോൺസൺ ജോർജ് വിദ്യാർത്ഥികളായ ഷഹാന ഷെറിൻ, അനു സജീഷ്, നിവേദിത തീർത്ഥ എന്നിവർ പ്രസംഗിച്ചു.

**വിവിധ വകുപ്പുകൾ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

ഹോം സയൻസ് വിഭാഗം ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി (FYUGP) ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ഡോ. സെലിൻ മാത്യു സി. പരിപാടി ഉദ്ഘാടനം ചെയ്തു. മാനാ സ്പൈൻ ആൻഡ് വെൽനസ് ക്ലിനിക്കിലെ കൺസൾട്ടന്റ് ന്യൂട്രീഷ്യനിസ്റ്റ് ആഗ്നറ്റ് എം. ജെ. ആയിരുന്നു മുഖ്യാതിഥി.

വിദ്യാർത്ഥികൾക്ക് ഹോംസയൻസ്, പ്രത്യേകിച്ച് ന്യൂട്രീഷൻ മേഖലയിലെ തൊഴിലവസരങ്ങളെയും സാധ്യതകളെയും കുറിച്ച് സംസാരിച്ചു. ഹോംസയൻസ് പഠനത്തിന്റെ പ്രാധാന്യം, വിവിധ കരിയർ സാധ്യതകൾ, എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകുകയും അവരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ചടങ്ങിന് ഹോംസയൻസ് വിഭാഗം അധ്യക്ഷ ദീപ്തി ലിസ്ബത്ത് കെ. അധ്യക്ഷയായിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ ഐശ്വര്യ എ. വിദ്യാർത്ഥിനിയായ ശിവാനി രഞ്ജിത്ത് എന്നിവർ സംസാരിച്ചു.

ചരിത്രവിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. നിർമ്മലഗിരി കോളേജ് ചരിത്രവിഭാഗം മുൻ മേധാവിയും ആലക്കോട് മേരി മാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പലുമായ ഡോ. ഷാജിമോൻ ടി ജെ മുഖ്യപ്രഭാഷണം നടത്തി. ചരിത്രവിഭാഗം മേധാവി മിസ്സ്. രേഷ്മ ടോം, ഡോ. സി. സുജമോൾ ജോസഫ്, ഫാത്തിമത്ത് റാഹില എന്നിവർ സംസാരിച്ചു.

മലയാള വിഭാഗം ഒന്നാം വർഷവിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം 'പ്രവേശകം 25' സംഘടിപ്പിച്ചു. മലയാള വിഭാഗം പൂർവ്വവിദ്യാർത്ഥിയും റാങ്ക് ഹോൾഡറുമായ ശ്രീ. സഞ്ജയ് ഷാജി മുഖ്യാതിഥിയായി. മലയാള ഈ കാലത്ത് മലയാളഭാഷാ പഠനത്തിന്റെ പ്രാധാന്യത്തെകുറിച്ചും

വിവിധ ജോലി സാധ്യതകളെകുറിച്ചും അദ്ദേഹം സംസാരിച്ചു. മലയാള വിഭാഗം അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു ചടങ്ങിന് സ്വാഗതവും അമയാ പി. നന്ദിയും പറഞ്ഞു.

കെമിസ്ട്രി വിഭാഗം പുതിയ തുടക്കത്തിനും മനോഹര നേട്ടങ്ങൾക്കും വേദിയൊരുക്കി. കെമ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒന്നാംവർഷ വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ച 'ഫ്രെഷേഴ്സ് ഓറിയന്റേഷൻ' പരിപാടിയും, 2025 ൽ ബിരുദ പഠനം പൂർത്തിയാക്കിയ എ. പ്ലസ് ഗ്രേഡുകാരായ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും കോളേജ് ഓഡിറ്റോറിയത്തിൽ വിപുലമായി നടന്നു.

പരിപാടി പ്രിൻസിപ്പാൾ ഡോ. സി. സെലിൻ മാത്യു ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുമ്പോൾ ഡോ. സെലിൻ മാത്യു പുതിയതായി ചേർന്ന വിദ്യാർത്ഥികൾക്ക് നിർമ്മലഗിരിയിലെ വിദ്യാഭ്യാസ ജീവിതം വിജയകരമാക്കുവാനുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുകയും, നേട്ടങ്ങൾക്ക് പിന്നിൽ ആത്മാർത്ഥതയും പരിശ്രമവുമാണ് വിജയത്തിന്റെ തുടക്കം എന്ന് പ്രസംഗിക്കുകയും ചെയ്തു. കെമിസ്ട്രി വിഭാഗം അധ്യക്ഷൻ ഡോ. നൈജിൽ തോമസ് കോളേജിന്റെ വിവിധ അക്കാദമിക്, സംവേദന, സഹപാഠ്യരംഗങ്ങളിലുണ്ടായിട്ടുള്ള ഗൗരവമായ വിജയങ്ങൾ വിദ്യാർത്ഥികൾക്ക് വിശദീകരിക്കുകയും, ഒന്നാംവർഷ വിദ്യാർത്ഥികളെ വിവിധ പഠന മണ്ഡലങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

**നിർമലഗിരി സമ്പൂർണ്ണ ചെസ്സ് സാക്ഷരത കോളേജ്**

അന്താരാഷ്ട്ര ചെസ്സ് ദിനത്തോടനുബന്ധിച്ച് അധ്യാപകരും വിദ്യാർത്ഥികളുമടക്കം 400 പേരിലധികം പങ്കെടുത്ത മെഗാ ചെസ്സ് സൗഹൃദ മത്സരം സംഘടിപ്പിച്ചു. മത്സരം കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ടും പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. സെലിൻ മാത്യു സി.യും ചെസ്സിന്റെ കരുക്കൾ നീക്കി ഉദ്ഘാടനം ചെയ്തു. ചെസ്സ് ഡിക്ലറേഷൻ കണ്ണൂർ ജില്ല ചെസ്സ് ഓർഗനൈസിംഗ് കമ്മിറ്റി കൺവീനർ സെബാസ്റ്റ്യൻ യു. വി. നിർവഹിച്ചു. പരിപാടിക്ക് കോളേജ് ഫിസിക്കൽ എജുക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ഷിനിൽ കുര്യാക്കോസ് സ്വാഗതം പറഞ്ഞു. പൊളിറ്റിക്സ്വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ദീപക് ജോസഫ്, കണ്ണൂർ ജില്ല ചെസ്സ് ഓർഗനൈസിംഗ് കമ്മിറ്റി വൈസ് പ്രസിഡണ്ട് സനിൽ, മെമ്പർ റുക്സാന, എന്നിവർ പ്രസംഗിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

TRACE
THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

## ഹെൽപ്പ് ഡെസ്ക്

തലശ്ശേരി അതിരൂപത ഹെൽപ്പ് ഡെസ്കിന്റെയും, കേരള സ്റ്റേറ്റ് മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെയും നേതൃത്വത്തിൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള വിവിധ ലോൺ പദ്ധതികളെകുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പ് ജൂലൈ 3 ന് തോമാപുരത്തും ഉച്ചകഴിഞ്ഞ് കരുണാപുരത്തും ജൂലൈ 18 ന് മണിപ്പാറയിലും നടത്തി. ക്ലാസുകൾക്ക് KSMDFC ഡെപ്യൂട്ടി മാനേജർ ശ്രീമതി ലിനി പി. ജെ. നേതൃത്വം നൽകി. ക്ലാസുകൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കിയ ബഹുമാനപ്പെട്ട വികാരി യച്ചൻമാർക്കും ഹെൽപ്പ് ഡെസ്ക് ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

തോമാപുരം ദിശാദർശൻ ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ അവിവാഹിതരായ യുവതി യുവാക്കൾക്കായുള്ള സൗജന്യ വിവാഹ രജിസ്ട്രേഷൻ ആരംഭിച്ചു. താല്പര്യമുള്ളവർക്ക് നൽകിയിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

https://forms.gle/ZLT1T7qPRoPFkrLx6

## എജ്യൂസ്പാർക്ക്

കഴിഞ്ഞവർഷം എജ്യൂസ്പാർക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ആഴ്ചതോറും ഉള്ള *വീക്കിലി വിസ്ഡം* ക്വിസിന് സമ്മാനാർഹരായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. വിജയികളായ കുട്ടികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**സമ്മാനാർഹരായ കുട്ടികളുടെ പേര് വിവരങ്ങൾ**

| | പേര്,വീട്ടുപേര് | ഇടവക | സ്ഥാനം | ക്ലാസ് |
|---|---|---|---|---|
| 1 | ഇവാനിയ ജിനോ, അക്കപ്പാടിക്കൽ | തലശ്ശേരി | 1 | 8 |
| 2 | റോസ് ബിനോയി, മാനോത്ത് | കൊട്ടോടി | 2 | 8 |
| 3 | അഭിലാഷ് മാത്യു, കൂവപ്പാറയിൽ | കാലിച്ചാമരം | 3 | 8 |
| 4 | ജൊഹാൻ ജോൺ, തടത്തിൽ | തളിപ്പറമ്പ | 1 | 7 |
| 5 | അഞ്ജലോ അൽഫോൻസ് റോബിൻ ഈന്തുംങ്കൽ | വെളിമാനം | 2 | 7 |
| 6 | തെരേസ സെസിൽ, കാരിമടത്തിൽ | കടുമേനി | 2 | 7 |
| 7 | ഏബിൾ ഡേവിസ് രാജ്, വടക്കേമറ്റം | കാഞ്ഞങ്ങാട് | 3 | 7 |
| 8 | നിഹര മേരി ഷൈബി, അറക്കൽ | വെള്ളരിക്കുണ്ട് | 1 | 6 |
| 9 | ഐശ്വർക്രിസ് ജോസഫ്, കാണ്ടാവനത്തിൽ | തലശ്ശേരി | 2 | 6 |
| 10 | ആഷിക് പ്രസൂൺ, കരിയിലകുളം | തിരുമേനി | 3 | 6 |
| 11 | ടോം ജിയോ, പാച്ചിക്കൽ | എണ്ണപ്പാറ | 1 | 5 |
| 12 | അസിൻ റിയ അനീഷ്, പൊട്ടനാനിയൽ | തടിക്കടവ് | 2 | 5 |
| 13 | നിഹ ഗ്രേസ് പോൾ, കൊട്ടക്കാട്ട് | കാലിച്ചാമരം | 3 | 5 |

അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കുവേണ്ടി യുള്ള ബ്ലൂമിംഗ് മൈൻഡ്സ്, 9 10 ക്ലാസിലെ കുട്ടികൾക്കുവേണ്ടിയുള്ള ബ്യൂട്ടിഫുൾ മൈൻസ് എന്നീ പരിശീലന പരിപാടികൾ ജൂൺ അവസാന വാരത്തിൽ ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിപാടിയിലൂടെ എല്ലാ മേഖലകളിലും മികച്ച വിദ്യാർഥികളെ വാർത്തെടുക്കുക എന്നതാണ് അതിരൂപത ലക്ഷ്യം വെക്കുന്നത്.

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്

## എ. കെ. സി. സി.

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ 'മലബാറിന്റെ മോശ' എന്ന പേരിൽ അറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ സ്മരണയ്ക്കായി സംസ്ഥാന സർക്കാർ ചെമ്പന്തൊട്ടി യിൽ അനുവദിച്ച് നിർമ്മാണം പൂർത്തിയായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മ്യൂസിയത്തിൽ സ്ഥാപിക്കുന്ന വള്ളോപ്പിള്ളി പിതാവിന്റെ പൂർണ്ണകായ വെങ്കല പ്രതിമ നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ശേഖരിച്ചു.

ഈ മഹത്സംരംഭത്തിന്റെ അതിരൂപതല ഉദ്ഘാടനവും കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗും 19-7-25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കുന്നോത്ത് സെന്റ് തോമസ് ഫൊറോന ചർച്ച് പാരിഷ് ഹാളിൽവച്ച് കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം എന്നിവരിൽ നിന്ന് ഓട്ട് പാത്രങ്ങൾ സ്വീകരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വള്ളോപ്പിള്ളി പിതാവിന്റെ വെങ്കല പ്രതിമ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ശേഖരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

കുന്നോത്ത് ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഡയറക്ടർ ഫാ. ജോസഫ് തേനമ്മാക്കൽ, രൂപതാ ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ബെന്നി ച്ചൻ മഠത്തിനകം, ടോമി കണയങ്കൽ, ഷിനോ പാറക്കൽ, ഐ.സി. മേരി, ഷീജ കാറുകളം, പിയൂസ് പറേടം, ബെന്നി പുതിയപുറം, മാത്യു വള്ളംകൊട്ട് തുടങ്ങിയവർ പ്രസംഗിച്ചു. 19 മേഖലകളിൽനിന്നുമായി

കത്തോലിക്കാ കോൺഗ്രസിന്റെ മേഖലാ പ്രസിഡണ്ടുമാർ കൊണ്ടു വന്ന ഓട്, പിച്ചള വസ്തുക്കൾ ചടങ്ങിൽവച്ച് ആർച്ച് ബിഷപ്പിന് കൈമാറി.

**പ്രധാനപ്പെട്ട തീരുമാനങ്ങൾ**

1. ഓഗസ്റ്റ് മാസത്തിൽ ഇരിട്ടി, ചെമ്പേരി, ആലക്കോട്, ചെറുപുഴ റീജിയണലായി യൂണിറ്റ് ഭാരവാഹികൾക്ക് ഏകദിന ശില്പശാല നടത്തുവാൻ തീരുമാനിച്ചു.
2. സജീവമായി പ്രവർത്തിക്കാത്ത ഫൊറോന/യൂണിറ്റ് കമ്മിറ്റികൾ പിരിച്ചുവിട്ട് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു.
3. എല്ലാ ഫൊറോനകളും, യൂണിറ്റുകളും മാസംതോറും മീറ്റിംഗ് കൂടുകയും റിപ്പോർട്ടുകൾ മേൽഘടകത്തിൽ നൽകുകയും ചെയ്യണം.
4. ദീപിക ദിനപത്രത്തിന്റെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് പ്രസിഡണ്ടുമാർ അംബാസഡർമാരായിക്കൊണ്ട് ഇടവകാതലത്തിൽ ഭവനസന്ദർശനം നടത്തുവാനും പുതിയ വരിക്കാരെ ചേർക്കാനും തീരുമാനിച്ചു.
5. അതിരൂപത ഭാരവാഹികളുടെയും സെക്രട്ടറിമാരുടെയും നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലും സന്ദർശനം നടത്തുന്നതിനായി തീരുമാനിക്കുകയും അതിനു മുന്നോടിയായി 1–7–25 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് ചെമ്പേരി ലൂർദ്മാതാ ബസലിക്ക മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ച് ഭാരവാഹികൾക്കും സെക്രട്ടറിമാർക്കും ശില്പശാല നടത്തുവാൻ തീരുമാനിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

1. കത്തോലിക്ക കോൺഗ്രസ് വിമലശ്ശേരി യൂണിറ്റിന്റെ നേതൃത്വത്തിൽ ചായ്യോത്തെ അഗതിമന്ദിരം സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകി.
2. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പരിയാരം ഉർസുലൈൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ലഹരിവിരുദ്ധ സന്ദേശം നൽകി.
3. പെരിങ്ങാല യൂണിറ്റിന്റെ നേതൃത്വത്തിൽ മഴക്കാലരോഗ പ്രതിരോധ ക്യാമ്പ് നടത്തി. ജെയിംസ് പേരുകുന്നേലിന്റെ അധ്യക്ഷതയിൽ റവ. ഫാ. മാത്യു കായാമാക്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് മുഖ്യപ്രഭാഷണം നടത്തി.
4. ഇരിട്ടി ബാരാപോൾ കനാലിൽ ഉണ്ടായിരിക്കുന്ന വൻഗർത്തം പ്രദേശവാസികൾക്ക് ജീവനും സ്വത്തിനും അപകടകരമായ രീതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും, അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിൽ അതിരൂപത – ഫൊറോന ഭാരവാഹികളും ബാരാപ്പോൾ കനാലിൽ ഗർത്തം ഉണ്ടായ സ്ഥലം സന്ദർശിച്ചു.

കുന്നോത്തു ഫൊറോനാ വികാരി റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ടിൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസഫ് തേനമ്മാക്കൽ എന്നിവർ പ്രശ്നത്തിന്റെ രൂക്ഷത അവതരിപ്പിച്ച് സംസാരിച്ചു.

സ്ഥലം എംഎൽഎ, വൈദ്യുതി വകുപ്പ് മന്ത്രി കെഎസ്ഇബി ഉദ്യോഗസ്ഥർ മുതലായവരെ വൻഗർത്തത്തിലെ വെള്ളത്തിന്റെ ചോർച്ചമൂലം ഉണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് സൂചിപ്പിക്കുകയും ഉടനടി ഇതിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രദേശവാസികൾക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ട അധികാരികൾ തയ്യാറാകുന്നില്ലെങ്കിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സമരപരിപാടികൾ ആരംഭിക്കുമെന്നും കത്തോലിക്ക കോൺഗ്രസും അതിന്റെ പ്രവർത്തകരും ലക്ഷ്യം നേടുന്നതുവരെ നാട്ടുകാരോടൊപ്പം ഉണ്ടാകുമെന്നും അതിരൂപത ഭാരവാഹികൾ പ്രദേശവാസികളെ അറിയിച്ചു.

5. ജൂലൈ 1 ഡോക്ടേഴ്സ് ഡേയിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ ആഹ്വാനപ്രകാരം എല്ലാ യൂണിറ്റ് കമ്മിറ്റികളും അതാത് പ്രദേശത്തെ ഡോക്ടർമാരെ ആദരിച്ചു.
6. കത്തോലിക്ക കോൺഗ്രസ് പേരാവൂർ ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള വിയറ്റ്നാം മോഡൽ കുരുമുളക് കൃഷിയുടെ ക്ലാസ് നടത്തി. ഫൊറോനാ പ്രസിഡന്റ് ജോർജ് കാനാട്ടിന്റെ അധ്യക്ഷതയിൽ ഫാ. ഫിലിപ്പ് കാരക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. കുരുമുളക് ഗവേഷണകേന്ദ്രത്തിലെ വിദഗ്ധർ ക്ലാസ് എടുത്തു.
7. കരുണാപുരം കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് മഴക്കാലരോഗ പ്രതിരോധ ഹോമിയോ മരുന്ന് വിതരണം നടത്തി. കരുണാപുരം ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി ഉദ്ഘാടനം ചെയ്ത യോഗത്തിൽ യൂണിറ്റ് പ്രസിഡണ്ട് സജി കീടാരത്തിൽ അധ്യക്ഷത വഹിച്ചു.
8. സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെയും പ്രതിരോധ വാക്സിനുകളുടെയും കുറവ് അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് കടുമേനി യൂണിറ്റ് പ്രതിഷേധ യോഗം നടത്തി. ഫൊറോന പ്രസിഡണ്ട് സാജു പടിഞ്ഞാറേട്ടിന്റെ അധ്യക്ഷതയിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. മാത്യു വളവനാൽ യോഗം ഉദ്ഘാടനം ചെയ്തു.
9. തലശ്ശേരി അതിരൂപതയുടെ പ്രഥമ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ വെങ്കല പ്രതിമ നിർമ്മാണത്തിനായി ഇടവകകളിൽ നിന്നും ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നതിന് കത്തോലിക്ക കോൺഗ്രസിനെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ചുമതലപ്പെടുത്തി. അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളുടെയും പ്രവർത്തകരുടെയും ഡയറക്ടറച്ചന്മാരുടെയും നേതൃത്വത്തിൽ ഓട്, പിച്ചള, ചെമ്പ് തുടങ്ങിയവയിൽ നിർമ്മിച്ച പഴയസാധനങ്ങൾ സമാഹരിച്ചു തുടങ്ങി.

10. വെളിച്ചെണ്ണ വിലവർധനവിനെതിരെ ചില കാറ്ററിംഗ് സംഘടനകൾ സമരം നടത്തുന്നതിന് പ്രചാരണം നടത്തിയപ്പോൾ അത് നാളികേര കർഷകർക്ക് എതിരെയുള്ള സമരമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റി സമരം നടത്തുന്ന സംഘടന ഭാരവാഹികളെ പ്രതിഷേധം അറിയിച്ചു. തന്മൂലം അവർ നാളികേരത്തിന്റെ വില വർദ്ധനവ് ഒഴിവാക്കി മറ്റ് വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം നടത്തി.

**സംഘടനാ പ്രവർത്തനങ്ങൾ**

1. നെടുംപുറംചാൽ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരണയോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. സ്കറിയ പൂവ്വത്താനിക്കുന്നേൽ അധ്യക്ഷത വഹിച്ചു. പ്രസിഡണ്ട് - സജി മാലത്ത്, സെക്രട്ടറി - ഷാജു തോട്ടത്തിൽ ട്രഷറർ - സിദ്ധാർത്ഥ ജോസഫ് ഇലവുങ്കൽ എന്നിവരെ തെരഞ്ഞെടുത്തു.
2. പുലിക്കുരുമ്പ ഇടവകയിലെ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് സമ്മേളനം ഇടവക വികാരി റവ. ഫാ. തോമസ് പൈമ്പള്ളിയുടെ അധ്യക്ഷതയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ റവ. ഫാ. പോൾ വള്ളോപ്പിള്ളി മുഖ്യഭാഷണവും അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം സംഘടനാ കാര്യങ്ങ ളെക്കുറിച്ചും സംസാരിച്ചു. പ്രസിഡണ്ട് - ബിജു കാക്കനാട്ട്, സെക്രട്ടറി - ജോഷി പുതുശ്ശേരിയിൽ, ട്രഷറർ - പ്രകാശ് തെക്കയിൽ എന്നിവരെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു.
3. ജൂലൈ 3. സെന്റ് തോമസ് ഡേയിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റി സഭാദിനമായി ആചരിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ എല്ലാ യൂണിറ്റിലും ഇടവക ഡയറക്ടറച്ചന്മാരോട് ചേർന്ന് കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളും പ്രവർത്തകരും സമുദായ അംഗങ്ങളും കത്തോലിക്കാ കോൺഗ്രസിന്റെ പതാക ഉയർത്തി.

   അതിരൂപതതല ഉദ്ഘാടനം മണിപ്പാറ ഇടവകയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ നിർവഹിച്ചു. ചെമ്പേരി ഫൊറോനയിൽ പൊന്മല ഇടവക കത്തോലിക്ക കോൺഗ്രസ് ജനറൽ ബോഡിയോഗം ഫൊറോന ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജിമ്മി അയിത്തമറ്റം പ്രസിഡണ്ട് ബിജു മണ്ഡപത്തിൽ എന്നിവർ സംസാരിച്ചു. പ്രസിഡണ്ട് - ജോണി കുഴിവേലിൽ സെക്രട്ടറി- ബോബൻ കൊല്ലംപറമ്പിൽ ട്രഷറർ - രാരിച്ചൻ പാലത്തിങ്കൽ എന്നിവരെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു.
4. ചെമ്പേരി ലൂർദ് മാതാ ബസിലിക്ക മദർ തെരേസ ഓഡിറ്റോറിയത്തിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹി കളുടെയും രൂപത സെക്രട്ടറിമാരുടെയും ശില്പശാല അതിരൂപത പ്രസി ഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

അതിരൂപത ഭാരവാഹികളുടെ യൂണിറ്റ് സന്ദർശനത്തിൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഉള്ള ക്ലാസ്സ് ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം നയിച്ചു.

**അഭിനന്ദനങ്ങൾ അനുമോദനങ്ങൾ**

1. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം വരിച്ചവരെ കത്തോലിക്കാ കോൺഗ്രസ് കോട്ടൂർ യൂണിറ്റ് സ്നേഹോപഹാരം നൽകി ആദരിച്ചു. പ്രസിഡന്റ് അനൂപ് കാഞ്ഞിരത്തിങ്കലിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങ് വികാരി ഫാ. ജോബി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ മുഖ്യഭാഷണം നടത്തി.
2. കത്തോലിക്ക കോൺഗ്രസിന്റെയും യൂത്ത് കൗൺസിലിന്റെയും നേതൃത്വത്തിൽ പനത്തടി മേഖലയിലെ മികച്ച പ്രതിഭകൾക്കുള്ള ആദരവ് നൽകി. പനത്തടി ഫൊറോന പ്രസിഡണ്ട് ജോണിയുടെ തോലംപുഴയുടെ അധ്യക്ഷതയിൽ ചേർന്ന് യോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. നിയുക്ത മേഖലാ ഡയറക്ടർ ഫാ. ജോസഫ് പന്തലാടിക്കലിന് സ്വീകരണവും നൽകി. ഫൊറോനാ വികാരി റവ. ഫാ. ജോസഫ് പൂവ്വത്തോലിൽ കത്തോലിക്കാ കോൺഗ്രസ് പനത്തടി മേഖലയുടെ വിവിധ പ്രവർത്തനങ്ങളെ അനുമോദിക്കുകയും പൂർണ്ണ പിന്തുണ അറിയിച്ചു സംസാരിക്കുകയും ചെയ്തു.
3. നെല്ലിക്കംപൊയിൽ ഫൊറോന പ്രസിഡണ്ട് തോമസ് വർഗീസ് വരമ്പുങ്കലിന്റെ മകൾ അനഘ തോമസിന് ഗവേഷണത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അനഘ തോമസിനെ അഭിനന്ദനങ്ങൾ അറിയിച്ച് ആദരിച്ചു.
4. കത്തോലിക്ക കോൺഗ്രസ് ചെമ്പന്തൊട്ടി മേഖല പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിൽ നിന്നും ആവണക്കോൽ വായനശാലയ്ക്ക് നൂറോളം പുസ്തകങ്ങൾ നൽകി. ജോസഫ് മാത്യു കൈതമറ്റത്തിന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി അഭിനന്ദനങ്ങൾ നേർന്നു.

**അഭിനന്ദനങ്ങൾ അനുമോദനങ്ങൾ**

1. കത്തോലിക്ക കോൺഗ്രസ് കുന്നോത്ത് ഫൊറോന പ്രസിഡണ്ട് മാത്യു വള്ളോംകോട്ടിന്റെ ഭാര്യമാതാവിന്റെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റവും ഭാരവാഹികളും ആദരാഞ്ജലികൾ അർപ്പിച്ച് റീത്തു സമർപ്പിച്ചു.
2. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത മുൻ ഡയറക്ടർ റവ. ഫാ. രാജേഷ് മേച്ചിറാകത്തിന്റെ പ്രിയപ്പെട്ട മാതാവിന്റെ നിര്യാണത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

ജൂൺ 6, 20 തീയതികളിൽ ആലക്കോട് ബൈബിൾ കൂട്ടായ്മയിൽ അംഗങ്ങൾക്കായി ബലിഅർപ്പണവും, കുമ്പസാരവും നൽകി. ലോഗോസ് ബൈബിൾ ക്വിസിനുള്ള ഒരുക്കങ്ങളുടെ ഭാഗമായി ബൈബിൾ പഠന ക്ലാസുകൾ നടത്തി. ഓഗസ്റ്റ് 15ന് കാരക്കുണ്ട് ഡോൺ ബോസ്കോ വിദ്യാലയത്തിൽ മിനിസ്ട്രി അംഗങ്ങൾ ഒന്നിച്ചു ചേരുവാനും സ്വാതന്ത്ര്യ ദിനാഘോഷത്തിലും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിലും പങ്കുചേരുവാൻ തീരുമാനിച്ചു.

**ജ്യോതി ഭവൻ സ്പെഷൽ സ്കൂൾ ചിറ്റാരിക്കാൽ**

പുതിയ അധ്യയനവർഷത്തിൽ പുത്തൻ ഉണർവോടുകൂടി തങ്ങളുടെ ജീവിതങ്ങളെ കരിപിടിപ്പിക്കുവാൻ പരിശ്രമിക്കുന്ന ജ്യോതി ഭവൻ സ്പെഷ്യൽ സ്കൂളിലെ കുട്ടികളെയും അവരെ സ്നേഹിച്ച് പരിശീലനം നൽകുന്ന അധ്യാപകരെയും ജൂൺ 7-ാം തീയതി സന്ദർശിച്ചു. റോമിൽ വച്ച് നടത്തപ്പെട്ട ജൂബിലി വർഷത്തിലെ ഭിന്നശേഷിക്കാരുടെ സമ്മേളനത്തിന്റെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെച്ചു. കുട്ടികൾക്ക് കുട്ടികൾക്ക് മധുരം നൽകി. കുട്ടികൾക്കായി ഏകദിന യാത്ര ഒരുക്കുന്നത് സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച നടത്തി.

**ബാംഗ്ലൂർ മിഷൻ:** ബാംഗ്ലൂർ എഫ്ഫാത്താ സഹോദരങ്ങൾക്കായി 13-ാം തീയതി ബൈബിൾ പഠനവും വിശുദ്ധ ബലിയും സെന്റ് പാട്രിക് ചർച്ചിൽ നടത്തി. അകാലത്തിൽ നിര്യാതനായ പ്രസിഡണ്ട് ശ്രീ. ലിയോയുടെ ആത്മശാന്തിക്കായി അംഗങ്ങൾ പ്രത്യേകം പ്രാർത്ഥന നടത്തി.

**വയനാട് മിഷൻ:** വയനാട് റീജണൽ വിശ്വാസ സമൂഹത്തിനായി 27-ാം തീയതി ഞായറാഴ്ച ബത്തേരി അസംഷൻ ദേവാലയത്തിൽ കുമ്പസാരവും, വിശുദ്ധ ബലിയും, ബൈബിൾ ക്ലാസും നടത്തി.

**സ്പോട്ട് കൗൺസിലിംഗ്:** തലശ്ശേരി അതിരൂപതയിലെ ഇരട്ടി, ചെമ്പേരി എന്നിവിടങ്ങളിൽ 25-ാം തീയതിയും, പാലാ രൂപതയിൽ രാമപുരം വലവൂർ എന്നിവിടങ്ങളിൽ 29, 30 തീയതികളിലും കുടുംബ ജീവിതത്തിൽ പ്രതിസന്ധികൾ അനുഭവിക്കുന്ന ബധിരഭവനങ്ങൾ സന്ദർശിച്ച് കൗൺസിലിംഗ് നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**കോർഡിനേറ്റേഴ്സ് മീറ്റ്**

2025 ജൂൺ 05 ന് രാവിലെ പത്തുമണി മുതൽ വൈകുന്നേരം രണ്ടു മണിവരെ ഉദയഗിരിയിൽ വച്ച് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ സേവ്യർ പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ അതിരൂപതയിലെ സോണുകളുടെ കോഡിനേറ്റർമാരും സബ് റീജിയൻ കൺവീനറും രൂപതാ കോർഡിനേറ്ററും ഒരുമിച്ച് ചേർന്നു. ഒക്ടോബർ മാസത്തിൽ കോർഡിനേറ്റർമാരും സെക്രട്ടറിമാരും രൂപതാ ഡയറക്ടറോട് ഒപ്പം നോർത്തിലേക്ക് മിഷൻ യാത്രക്കായി ഒരുങ്ങിയിരിക്കണമെന്ന് രൂപതാ ഡയറക്ടർ നിർദ്ദേശിച്ചു. എല്ലാ സോണുകളിലെയും പ്രാർത്ഥന കൂട്ടായ്മകൾ രൂപികരിക്കാനുള്ള മുൻ തീരുമാനം പ്രാവർത്തികമാക്കാൻ രൂപതാ ഡയറക്ടർ നിർദ്ദേശിച്ചു.

**വരദാന പരിശീലനം**

2025 മെയ് 25 മുതൽ മെയ് 30 വരെ നെല്ലിക്കുറ്റി ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന വരദാന പരിശീലനത്തിൽ മൂന്ന് സോണുകളിൽ നിന്നുമായി 55 പേർ പങ്കെടുത്തു. കഴിഞ്ഞ രണ്ട് പരിശീലനങ്ങളിൽ നിന്ന് പങ്കെടുത്ത 115 പേരെയും പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിൽ സൗകര്യപ്രദമായ ഒരു ദിവസം ഏകദിന കൂട്ടായ്മയിലേക്ക് വിളിച്ചുചേർക്കണമെന്നും അതിനുള്ള ക്രമീകരണം നടത്താനും സോണൽ കോർഡിനേറ്റർമാരെ ഡയറക്ടർ അച്ചൻ ചുമതലപ്പെടുത്തി.

**ഭക്ഷണ ശുശ്രൂഷ**

നാല് ഇടങ്ങളിലായി എല്ലാദിവസവും ഗവൺമെന്റ് ആശുപത്രിയിലെ പാവപ്പെട്ട രോഗികൾക്കായി ഭക്ഷണവിതരണം നടത്തുന്നു. ഇരിട്ടി താലൂക്ക് ഗവൺമെന്റ് ആശുപത്രി, തളിപ്പറമ്പ് താലൂക്ക് ഗവൺമെന്റ് ആശുപത്രി, കാഞ്ഞങ്ങാട് ഗവൺമെന്റ് ആശുപത്രികളിലും മട്ടന്നൂർ ഗവൺമെന്റ് ആശുപത്രിയിലുമാണ് പ്രാർത്ഥനാ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ഭക്ഷണവിതരണം നടത്തുന്നത്.

**ജൂബിലി ഉദ്ഘാടനം**

കരിസ്മാറ്റിക് നവീകരണം കേരളത്തിൽ ആരംഭിച്ചതിന്റെ ജൂബിലി ആഘോഷത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് തൃശ്ശൂർ ജറുസലേം ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ പിതാവ് നേതൃത്വം നൽകി. തലശ്ശേരി അതിരൂപതയിൽ നിന്ന് മൂന്നു വാഹനങ്ങളിലായി 115 പേർ പങ്കെടുത്തു.

2025 ജൂൺ 02 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് എൽ.എസ്.എസ്. മോണിട്ടറിംഗ് ടീം ഒരുമിച്ച് ചേർന്നു. 2025 ജൂൺ 20 ന്

എൽ.എസ്.എസ്. പ്രോഗ്രാം 10 മണി 2 മണി വരെ ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു. ഏഴ് ആഴ്ചകളിൽ തുടർച്ചയായി ഇതേസമയം തന്നെ സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് എൽ.എസ്.എസ്. പരിശീലനം നടത്താനും തീരുമാനിച്ചു.

**പന്തക്കുസ്താ തിരുനാൾ**

മൂന്ന് സോണുകളിലും പന്തക്കുസ്താ തിരുനാൾ സമുചിതമായി ആഘോഷിച്ചു. 9 ദിവസം നൊവേന ചൊല്ലുകയും തിരുനാൾ ദിവസം മൂന്നു സോണുകളിലും ഏകദിന ആരാധനയും നടന്നു.

**സോൺ കൂട്ടായ്മകൾ**

നെല്ലിക്കാംപൊയിൽ സബ് സോണിൽ വിളമന ഇടവകയിൽ വച്ചും, മണിക്കടവ് സബ് സോണിൽ കാലാങ്കി ഇടവകയിൽ വച്ചും, പേരാവൂർ സബ് സോണിൽ ചെങ്ങോം ഇടവകയിൽ വച്ചും, എടൂർ സബ് സോണിൽ എടൂർ ഇടവകയിൽ വച്ചും, കുന്നോത്ത് സബ്സോണിൽ ആനപ്പന്തി ഇടവകയിൽ വച്ചും സബ് സോൺ കൂട്ടായ്മകൾ നടന്നു.

**പുതിയ കരിസ്മാറ്റിക് കൂട്ടായ്മകൾ**

2025 മെയ് 3 ന് കാസർഗോഡ് പള്ളിയിൽ പുതിയ കരിമാറ്റിക് കൂട്ടായ്മ രൂപീകരിക്കുകയുണ്ടായി. 2025 ജൂൺ 05 ന് ആയന്നൂർ ദൈവാലയത്തിൽ പുതിയ കരിസ്മാറ്റിക് കൂട്ടായ്മ രൂപീകരിച്ചു.

**സെമിനാറുകൾ**

2025 ജൂലൈ 07 ന് കണ്ണൂർ സോണിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് സോണൽ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ കെ.സി.എസ്.സി അംഗം സി. മരിയറ്റ് MSMI എന്നിവരുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടന്നു. 2025 ആഗസ്റ്റ് 08 നും ആഗസ്റ്റ് 09 നും തോമാപുരത്തെ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് വെരി. റവ. ഫാ. മാണി മേൽവെട്ടത്തിന്റെയും സോണൽ ആനിമേറ്റർ മോൺ. മാത്യു ഇളന്തുരുത്തിപ്പടവിൽ അച്ചന്റെയും നേതൃത്വത്തിൽ ദ്വിദിന സെമിനാർ നടക്കുന്നു. ആഗസ്റ്റ് മാസം ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ച് ക്രിസ്റ്റീൻ സെൻട്രൽ മിനിസ്ട്രീയുടെയും സോണൽ ആനിമേറ്റർ റവ. ഫാ ജോസഫ് കൊളത്താപ്പള്ളിയുടെയും നേതൃത്വത്തിൽ ഏകദിന സെമിനാർ നടക്കുന്നു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, പതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**സഹകരണ ബാങ്കുകൾ മദ്യോല്പാദന കേന്ദ്രങ്ങൾ ആവരുത്**

ഉളിക്കൽ: സാധാരണക്കാരായ ജനങ്ങളുടെ സാമ്പത്തിക സഹായ അഭയകേന്ദ്രമായ സഹകരണ ബാങ്കുകൾ മദ്യോല്പാദനവും, വിപണനവും നടത്തുന്നതിൽനിന്ന് പിൻമാറണമെന്ന് കെ.സി.ബി.സി മദ്യലഹരിവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്ത അതിരൂപതാ കമ്മിറ്റി സഹകരണസംഘ ഭരണസമിതികളോട് അഭ്യർത്ഥിച്ചു. സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് ആ പ്രദേശത്തെ ജനങ്ങളെ സാമ്പത്തിക വിഷമതകളിൽ സഹായിക്കാനും, അവരെ ഐക്യത്തിൽ മുമ്പോട്ടു നയിക്കാനും, ജീവിതവിഷമതകളിൽ കൈത്താങ്ങാകാനുമാണെന്ന യാഥാർത്ഥ്യം ഭരണ സമിതികൾ മറക്കരുത്. മദ്യ നിർമ്മാണത്തിന് അനുമതി നൽകുന്ന സർക്കാർനയം അപലനീയമാണ്. സാധാരണ ജനങ്ങളെ സേവിക്കുന്നതിനുപകരം നാട്ടിൽ അസമാധാനം സൃഷ്ടിക്കാൻ മാത്രമേ ഇത്തരത്തിലുള്ള സഹകരണപ്രസ്ഥാനങ്ങൾക്കു കഴിയൂ. മദ്യോല്പാദനത്തെ കുടിൽ വ്യവസായമാക്കാൻ നേതൃത്വം നല്കുന്ന ജനപ്രതിനിധികളെ നാം തിരിച്ചറിയണം. മദ്യ വിപണനത്തിന് മുന്നിട്ടിറങ്ങുന്ന സഹകരണസ്ഥാപനങ്ങളെ ബഹിഷ്കരിക്കാനും, അതിനു നേതൃത്വം കൊടുക്കുന്നവരെ തള്ളിപ്പറയാനും യോഗം ആഹ്വാനം ചെയ്തു.

സംഘടനയുടെ പുതിയ അതിരൂപതാ ഡയറക്ടറായി ചാർജെടുത്ത ബഹു. ജെയ്സൺ കോലക്കുന്നേലച്ചന് യോഗത്തിൽ സ്വീകരണം നൽകി. അതിരൂപതാ പ്രസിഡന്റ് ശ്രീ. ടോമി സാർ വെട്ടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ഉളിക്കൽ ബഥേൽ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി വികാരി റവ. ഫാ. മനോജ് കിടാരത്തിൽ ഉദ്ഘാടനം ചെയ്തു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഉളിക്കൽ ടൗണിൽ റാലിയും, പൊതുസമ്മേളനവും നടത്താൻ തീരുമാനിച്ചു. മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷിനോ പാറക്കൽ, ടി.ഡി. ദേവസ്യാ മാസ്റ്റർ, സിസ്റ്റർ ജോസ് മരിയ സി.എം.സി., പൈലി വലിയകണ്ടം, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, സോയി ജോസഫ്, ജോസ് ചാലിശ്ശേരി, സെബാസ്റ്റ്യൻ ചെരുംപുഴ, സോളി രാമച്ചനാട്ട്, ഷെൽസി കാവനാടി എന്നിവർ പ്രസംഗിച്ചു. മോളി കൈനിയിൽ, തങ്കമ്മ പാലമറ്റം, പുഷ്പ

വെള്ളാപ്പാടം, മേരിക്കുട്ടി പാലക്കലോടി, ജോളി നടുത്തൊട്ടിയിൽ, സിനി കൊച്ചുപുറത്താനത്ത്, ജിൻസി കുഴിമുള്ളിൽ എന്നിവർ നേതൃത്വം നൽകി.

### പ്രവർത്തനവർഷോദ്ഘാടനം

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും, മുക്തിശ്രീയുടെയും 2025-26 വർഷത്തെ പ്രവർത്തനോദ്ഘാടനം ജൂൺ 15 ന് ഞായറാഴ്ച മാട്ടറ സെന്റ് മേരീസ് പള്ളിയിൽ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജെയ്സൺ കോലക്കുന്നേൽ തിരിതെളിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും, മദ്യലഹരി വിപത്തിനെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. ഇടവക വികാരി ഫാ. ജോർജ് ഇലവുംകുന്നേൽ ആശംസ അർപ്പിച്ചു. 1977-ൽ മാട്ടറയിൽ ആരംഭിച്ച മദ്യവിരുദ്ധപ്രസ്ഥാനം ഇന്നും ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്ന ഇടവക സമൂഹത്തെ ഫാ. കോലക്കുന്നേൽ അഭിനന്ദിച്ചു. യൂണിറ്റു ഭാരവാഹികളോടൊപ്പം മേഖലാ അതിരൂപതാ ഭാരവാഹികളും പങ്കെടുത്തു.

### മണിക്കടവ് മേഖലാ ജനറൽ ബോഡി യോഗം

മണിക്കടവ് മേഖലാ ജനറൽ ബോഡി യോഗം ജൂൺ 15 ന് മണിപ്പാറ സെന്റ് മേരീസ് പാരീഷ് ഹാളിൽ ചേരുകയുണ്ടായി. മേഖലാ പ്രസിഡന്റ് പൈലി വലിയകണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജെയ്സൺ കോലക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജെയ്സ് കുരിശുംമൂട്ടിൽ ആമുഖപ്രഭാഷണവും, ശ്രീമതി പുഷ്പ വെള്ളാപ്പാടം, ഇടവകാ കോർഡിനേറ്റർ ബെന്നി ആഞ്ഞിലിതോപ്പിൽ എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. ജൂൺ 26 അന്തരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിലെ സന്ദേശയാത്രയെ വിജയിപ്പിക്കാൻ എല്ലാ ഇടവകകളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തി.

### എ.എ. കൂട്ടായ്മ

ജൂലൈ മാസത്തിലെ എ.എ. മീറ്റിംഗ് 6-ാം തീയതി ഞായറാഴ്ച പ്രതീക്ഷയിൽ വെച്ച് നടന്നു. 9.30 ന് ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് ക്ലാസ്സുകൾക്ക് പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ സജീവ് മറ്റത്തിനാനി സാർ നേതൃത്വം നൽകി. അംഗങ്ങളുടെ ഷെയറിംഗ് നടന്നു. ആവശ്യമുള്ളവർക്ക് കൗൺസിലിംഗിന് അവസരം ഉണ്ടായിരുന്നു. ധാരാളം പേർ പങ്കെടുത്തു. പ്രതീക്ഷയുടെ സ്റ്റാഫംഗങ്ങൾ നേതൃത്വം നൽകി. അടുത്ത എ.എ. മീറ്റിംഗ് ഓഗസ്റ്റ് 3 ഞായറാഴ്ച നടക്കും. അതിരൂപതാ ചാൻസലർ പെരിയ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. പ്രതീക്ഷയിൽ നിന്ന് മുൻകാലങ്ങളിൽ ചികിത്സകഴിഞ്ഞ് പോയവരെയും കുടുംബാംഗങ്ങളെയും സാധിക്കുന്നവരെല്ലാം അറിയിക്കാൻ ശ്രമിക്കുമല്ലോ.

### മോൺ. തോമസ് തൈത്തോട്ടം മദ്യത്തിനെതിരെ മഹാ മതിൽ: പ്രതിബദ്ധതയുടെ പ്രതീകം പുസ്തകം പ്രകാശനം ചെയ്തു

പൗരോഹിത്യ ജീവിതം മുഴുവൻ ലഹരിക്കെതിരായ പോരാട്ടത്തിനായി സമർപ്പിച്ച മോൺ. തോമസ് തൈത്തോട്ടത്തിലച്ചന്റെ ജീവിതത്തെകുറിച്ച് **'സ്നേഹ കൂട്ടായ്മ'** എന്ന പേരിലുള്ള അച്ചന്റെ സഹപ്രവർത്തകർ ചേർന്നു

തയ്യാറാക്കിയ **'പ്രതിബദ്ധതയുടെ പ്രതീകം'** എന്ന പുസ്തകം ജൂലൈ 3 ന് ദുക്റാന തിരുനാളിൽ പ്രതീക്ഷയിൽവെച്ചു നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് പ്രകാശനം ചെയ്തു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്ത കെ.പി.സി.സി പ്രസിഡണ്ട് സണ്ണി ജോസഫ് എം.എൽ.എ-ക്ക് നൽകി പ്രകാശനം നിർവഹിച്ചു. പ്രതീക്ഷാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. പുസ്തകത്തിന്റെ പ്രധാന അണിയറ ശില്പി ഡോ. ജോസ്‌ലെറ്റ് മാത്യു ഏവർക്കും സ്വാഗതം ആശംസിച്ചു. മൈനർ സെമിനാരി റെക്ടർ വെരി. റവ. തോമസ് മേൽവെട്ടത്ത് അനുഗ്രഹഭാഷണം നടത്തി. ഈയച്ചേരി കുഞ്ഞികൃഷ്ണൻ സാർ, അനന്തൻ മാസ്റ്റർ, മാത്യു എം. കണ്ടത്തിൽ സാർ, ടി.പി.ആർ നാഥ്, ജോബ് സാർ, റ്റോമി വെട്ടിക്കാട്ട്, ഷിനോ പാറയ്ക്കൽ എന്നിവർ ആശംസകൾ നേർന്നു. മോൺ. തോമസ് തൈത്തോട്ടം മറുപടിയും ആന്റണി മേൽവെട്ടം സാർ നന്ദിയും പറഞ്ഞു. ലഹരിവിരുദ്ധ പ്രവർത്തകർ, മുക്തിശ്രീ അംഗങ്ങൾ, ബഹു. സിസ്റ്റേഴ്സ്, മൈനർ സെമിനാരി വിദ്യാർത്ഥികൾ, ജോസ്ഗിരി നഴ്സിംഗ് കോളേജ് വിദ്യാർത്ഥിനികൾ എന്നിവരും പങ്കെടുത്തു. ബഹു. തൈത്തോട്ടത്തിലച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും വരുംതലമുറകൾക്ക് പരിചയപ്പെടുത്താൻ ഈ പുസ്തകം ഉപകരിക്കുമെന്നതിൽ സംശയമില്ല. അണിയറ ശില്പികളെ അനുമോദിക്കുന്നു.

**ലഹരി വിമോചന സന്ദേശ യാത്ര**

മദ്യത്തിനും - ലഹരി വസ്തുക്കൾക്കും അടിമപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തെ രക്ഷിക്കാൻ നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര ലഹരിവിരുദ്ധദിനമായ ജൂൺ 26 ന് ഇരിട്ടിയിൽനിന്നും മണിക്കടവിലേക്ക് ലഹരിവിരുദ്ധ സന്ദേശ വാഹനപ്രചരണ യാത്ര നടത്തി. അതിരൂപതാ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ യാത്ര ഉദ്ഘാടനം ചെയ്തു. നെല്ലിക്കാംപൊയിൽ ഫൊറോന വികാരിയച്ചൻ ബഹു. ജോസഫ് കാവനാടിയിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വള്ളിത്തോട് ടൗണിൽ കുന്നോത്ത് ഫൊറോന പള്ളി വികാരിയച്ചൻ ബഹു. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട്, ഡോ. ജോസ്‌ലെറ്റ് മാത്യു എന്നിവർ സന്ദേശങ്ങൾ നൽകി. ഉളിക്കൽ ടൗണിൽ ബഹു. തോമസ് കിടാരത്തിൽ, ടോമി വെട്ടിക്കാട്ട് എന്നിവർ ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകി. മണിപ്പാറ ടൗണിൽ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ഷെൽസി. കാവനാടിയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് മണിക്കടവ് ടൗണിലെ സമാപനസമ്മേളനം ഉളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഷാജി പി.സി. ഉദ്ഘാടനം ചെയ്തു. റ്റോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. മണിക്കടവ് ഫൊറോനാ വികാരി ബഹു. പയസ് പടിഞ്ഞാറെമുറിയിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അനുഗ്രഹഭാഷണം നടത്തി. നവതിയുടെ നിറവിൽ ആയിരിക്കുന്ന പ്രമുഖ മദ്യവിരുദ്ധ പ്രവർത്തകൻ മാത്യു കണ്ടത്തിൽ സാറിനെ ആദരിച്ചു. ഉളിക്കൽ ഇടവകാംഗവും മണിക്കടവ് സെന്റ് തോമസ് സ്കൂൾ വിദ്യാർത്ഥിനിയുമായ കുമാരി അർളിൻ അന്ന ഷിബു എല്ലാ സ്ഥലങ്ങളിലും ഉജ്ജ്വലമായ ലഹരിവിരുദ്ധ സന്ദേശം നൽകി.

അതിരൂപത ഡയറക്ടർ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി. ലഹരിവിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡന്റ് ടോമി വെട്ടിക്കാട്ടിൽ, മുക്തിശ്രീ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ ഇരുസംഘടനകളുടെയും അതിരൂപതാ ഭാരവാഹികളും യാത്രയ്ക്ക് നേതൃത്വം നൽകി. അറുപതോളംപേർ വാഹനങ്ങളിൽ യാത്രയെ അനുഗമിച്ചു. ഉദ്ഘാടന സമ്മേളനത്തിലും സമാപനസമ്മേളനത്തിലും ധാരാളംപേർ പങ്കെടുത്തു. മേഖലാ ഡയറക്ടർമാരായ റവ. ഫാ. തോമസ് കിടാരത്തിൽ, ഫാ. സനൽ അച്ചാണ്ടി, ഫാ. ജയ്സ് കുരിശുംമൂട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടത്തിയിരുന്നു. നെല്ലിക്കാംപൊയിൽ, കുന്നോത്ത്, മണിക്കടവ് മേഖലാ സമിതികൾക്കും പ്രവർത്തകർക്കും സഹകരിച്ചവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ലഹരി വിരുദ്ധ സമ്മേളനം തേർത്തല്ലി ടൗണിൽ**

തേർത്തല്ലി ടൗണിൽ വെച്ച് മേരിഗിരി ഇടവകയുടെയും ടൗണിലെ വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശം നൽകി. മേരിഗിരി ഫൊറോനാ വികാരി റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. കുര്യാക്കേസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പൗരപ്രമുഖരും വ്യാപാര–വ്യവസായികളുമൊക്കെ ആശംസകൾ നേർന്നു. പ്രമുഖ ലഹരിവിരുദ്ധ പ്രവർത്തകൻ ജോസ് ചാഴിശ്ശേരി നേതൃത്വം നൽകി. മേരിഗിരി യൂണിറ്റിന് അഭിനന്ദനങ്ങൾ.

**ലഹരിക്കെതിരെ പ്രാർത്ഥനാ ദിനം**

മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനത്തിനും വിപണനത്തിനുമെതിരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും നെല്ലിക്കാംപൊയിൽ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏകദിന പ്രാർത്ഥനാസമ്മേളനം സംഘടിപ്പിച്ചു. മദ്യ– ലഹരി വിരുദ്ധ പ്രചാരണത്തോടൊപ്പം പ്രാർത്ഥനയിലൂടെ മാത്രമേ ഈ പൈശാചികശക്തിയിൽനിന്നും രക്ഷ നേടാൻ കഴിയൂ എന്ന തിരിച്ചറിവിലൂടെയാണ് ഇത്തരത്തിൽ പ്രാർത്ഥനാസമ്മേളനങ്ങൾ നടത്തി പ്രവർത്തിക്കാൻ തീരുമാനിച്ചത്. ഈ മഹാവിപത്തിനെതിരെ കൈകോർക്കാൻ താത്പര്യം കാണിക്കുന്ന എല്ലാവരുമായി കൂടിചേർന്ന് പ്രാർത്ഥനാകൂട്ടായ്മകൾ ശക്തമാക്കാൻ തീരുമാനിച്ചു. കരിസ്മാറ്റിക്ക് പ്രാർത്ഥനാഗ്രൂപ്പുമായി കൂടിചേർന്ന് നടത്തിയ പരിപാടിയിൽ 75 ചേർ പങ്കെടുത്തു. രാവിലെ 9.00 മണിക്ക് ആരംഭിച്ച ദിവ്യകാരുണ്യാരാധനയ്ക്ക് നെല്ലിക്കാംപൊയിൽ പള്ളി അസി. വികാരി ഫാ. ജോർജ് കാരുപ്പള്ളിൽ നേതൃത്വം വഹിച്ചു. 12.30 ന് നടന്ന വി. കുർബാനയിലും മുഴുവൻ അംഗങ്ങളും സജീവമായി പങ്കുചേർന്നു. ശ്രീ. ജോസ് ആലപ്പാട്ട്, മേരിക്കുട്ടി വരിക്കാംതൊട്ടിയിൽ ജോർജ് കുടിയിരിക്കൽ, ജെയ്സൺ കണിയാംകുന്നേൽ ടി. ഡി. ദേവസ്യ, ടോമി വെട്ടിക്കാട്ട് എന്നിവർ നേതൃത്വം വഹിച്ചു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### TSSS സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

TSSS-ന്റെ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് 2025 ജൂലൈ 7-ാം തീയതി ഓൺലൈനായി സംഘടിപ്പിച്ചു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് മീറ്റിംഗിന് സ്വാഗതം ആശംസിക്കുകയും, TSSS പ്രസിഡണ്ടും, തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസുമായ മോൺ. ആന്റണി മുതുകുന്നേൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. TSSS-ന്റെ സ്റ്റാഫ് അംഗങ്ങളും, പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ TSSS പ്രസിഡണ്ടുമാരും സെക്രട്ടറിമാരും മീറ്റിംഗിൽ പങ്കെടുത്തു. TSSS അസോസിയേറ്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ മീറ്റിംഗിൽ നന്ദിയർപ്പിച്ചു സംസാരിച്ചു.

### മേഖലാ-വാർഷിക പൊതുയോഗങ്ങൾ

TSSS-ന്റെ മേഖലാ വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നു. *(2025 ഓഗസ്റ്റ് 9)* ആലക്കോട്, മേരിഗിരി, *(ഓഗസ്റ്റ് 12)* ചെമ്പേരി, *(ഓഗസ്റ്റ് 13)* പേരാവൂർ, *(ഓഗസ്റ്റ് 16)* പനത്തടി, *(ഓഗസ്റ്റ് 19)* പൈസക്കരി, *(ഓഗസ്റ്റ് 20)* നെല്ലിക്കാംപൊയിൽ, *(ഓഗസ്റ്റ് 21)* ചെറുപുഴ, തോമാപുരം, *(ഓഗസ്റ്റ് 22)* എടൂർ, *(ഓഗസ്റ്റ് 23)* വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലായി സംഘടിപ്പിക്കുന്നു.

### SHG ലോൺ വിതരണം

ധനലക്ഷ്മി ബാങ്കുമായി സഹകരിച്ചുകൊണ്ട് TSSS-ന്റെ നേതൃത്വത്തിൽ SHG ലോണുകൾ വിതരണം ചെയ്യുന്നു. 52 ഗ്രൂപ്പുകളിലായി 677 പേർക്ക് ഒരു ലക്ഷം രൂപ വീതം ആറ് കോടി 77 ലക്ഷം രൂപയാണ് വിതരണം ചെയ്യുന്നത്. 2025 ഓഗസ്റ്റ് മാസത്തിൽ കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് JLG ലോണുകളും പ്രത്യേകമായി ആരംഭിക്കുന്ന JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നു. ലോൺ ആവശ്യമുള്ളവർ അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

### പ്രതിമാസ പ്രവർത്തനം

2025 ഓഗസ്റ്റ് മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

**ഓഗസ്റ്റ് 20**

**ലോക കൊതുക് ദിനം (World Mosquito Day)**

* **കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

  സൗകര്യപ്രദമായ ഒരു ദിവസം എല്ലാ മേഖലകളുടെയും യൂണിറ്റുകളുടെയും നേതൃത്വത്തിൽ/വിവിധ വനിതാ സംഘടനകളുമായി സഹകരിച്ചുകൊണ്ട് യൂണിറ്റുകളിൽ നടത്തുക.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധനാക്യാമ്പ് 2025 ജൂലൈ മാസം 07-ാം തീയതി തിങ്കളാഴ്ച ചിറ്റാരിക്കാൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ഓഗസ്റ്റ് 09 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ആലക്കോട് മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ സംഘടിപ്പിക്കുന്ന മെഡിക്കൽക്യാമ്പ് തുടർച്ചയായ 20 വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽ ക്യാമ്പ് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ ഈ ഉദ്യമത്തിൽ പ്രതിഫലമന്യേ ചികിത്സിച്ച ഡോ. വിനീത SH-നും, സഹകരിച്ച എല്ലാ ഉപകാരികൾക്കും, ഏകോപനം നടത്തിവരുന്ന പൗളിൻ കാവനാടിക്കും നന്ദി അർപ്പിക്കുന്നു.

**RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

റേഡിയോ ഫോർ യു 89.6 എഫ്.എമ്മിന്റെ പ്രവർത്തനങ്ങൾ വിജയകരമായ മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. സാമൂഹിക സാംസ്കാരിക പൈതൃകപരമായ വിവരങ്ങളും ആശയങ്ങളും കോർത്തിണക്കി വ്യത്യസ്തങ്ങളായ പരിപാടികൾ ആഴ്ചയിൽ ഏഴ് ദിവസവും 24 മണിക്കൂറും റേഡിയോയിൽ പ്രക്ഷേപണം ചെയ്തുവരുന്നു. റെക്കോർഡ് ചെയ്യുന്നതിനും

പരസ്യങ്ങൾ നൽകുന്നതിനുമായി +917067625028, 9400608896 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പാട്ടുവർത്തമാനം**

കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ പ്രത്യേക അഭ്യർത്ഥന മാനിച്ച് റേഡിയോ ഫോർ യു 89.6 എഫ്.എം. ആരംഭിച്ച പരിപാടിയാണ് പാട്ടുവർത്തമാനം. ആർ.ജെ. സജി ഹോസ്റ്റ് ചെയ്യുന്ന പരിപാടിയിൽ നിരവധിപേർ ഇതുവരെ പങ്കെടുത്തു. സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് തങ്ങൾക്കിഷ്ടപ്പെട്ട പാട്ട് ഏതാണെന്ന് ചോദിച്ചറിഞ്ഞ് ആഴ്ചയിൽ ഒരിക്കൽ ഈ പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു.

**യാത്രയോടൊപ്പം:** റേഡിയോ ഫോർ യു 89.6 എഫ്.എം.ൽ ആരംഭിച്ച ഏറ്റവും പുതിയ പരിപാടിയാണ് യാത്രയോടൊപ്പം. ദമ്പതികളായ ശ്രീ. ബിജു നെറ്റിക്കാട്ട്, ശ്രീമതി ജെസ്സി നെറ്റിക്കാട്ട് എന്നിവരാണ് പ്രോഗ്രാം നയിക്കുന്നത്.

**പരസ്യം:** നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുവാൻ സാധിച്ചു. RADIO 4U 89.6 FM വഴി പരസ്യം നൽകി നിങ്ങളുടെ സ്ഥാപനങ്ങളുടെയോ പരിപാടികളുടെയോ സേവനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് +917067625028 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**നാഷണൽ ഡോക്ടേഴ്സ് ദിനം**

മണ്ഡപം, മണക്കടവ്, മുണ്ടാനൂർ, മണിക്കടവ്, മാട്ടറ, കാഞ്ഞിരക്കൊല്ലി, വെളിമാനം, കനകപ്പള്ളി, കൊന്നക്കാട്, നാട്ടക്കൽ, എണ്ണപ്പാറ, മാനടുക്കം, നെല്ലിക്കുറ്റി, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകളിൽ നാഷണൽ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഡോക്ടർമാരെ ആദരിച്ചു.

**വിദ്യാഭ്യാസ സഹായം :** കോഴിച്ചാൽ, മാട്ടറ, അറബി, കനകപ്പള്ളി, പടിമരുത്, ലിസിഗിരി, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ ആദരിക്കുകയും പഠനസഹായങ്ങൾ നൽകുകയും ചെയ്തു.

**രോഗീസന്ദർശനം & ചികിത്സാസഹായം**

ചെറുപുഴ മേഖലയുടെയും, മുണ്ടാനൂർ, കോഴിച്ചാൽ, മണിക്കടവ്, മാട്ടറ, അറബി, കാഞ്ഞിരക്കൊല്ലി, പടുപ്പ്, കനകപ്പള്ളി, കൊന്നക്കാട്, നാട്ടക്കൽ, ബദിയടുക്ക, പാണത്തൂർ എന്നീ യൂണിറ്റുകളുടെയും നേതൃത്വത്തിൽ വിവിധ രോഗികളെ സന്ദർശിക്കുകയും ചികിത്സാ സഹായങ്ങൾ നൽകുകയും ചെയ്തു.

**അഗതിമന്ദിരം സന്ദർശനം**

കൊട്ടോടി, പുന്നക്കുന്ന്, പുല്ലടി, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും ഭക്ഷണവിതരണം നടത്തുകയും മറ്റു സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തു.

**ബോധവത്ക്കരണ ക്ലാസ്**

കുന്നുംകൈ, മണ്ഡപം, തിരുമേനി, മുണ്ടാനൂർ, മാലോം, എണ്ണപ്പാറ, പടിമരുത്, ഭീമനടി, പരപ്പ, ലിസിഗിരി, വെണ്ണക്കല്ല്, പാണത്തൂർ എന്നീ യൂണിറ്റുകൾ വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു.

**മെഡിക്കൽ ക്യാമ്പ്**

കോലുവള്ളി, പരപ്പ, കരുണാപുരം എന്നീ യൂണിറ്റുകൾ ഹോമിയോ മെഡിക്കൽ ക്യാമ്പും പ്രതിരോധമരുന്ന് വിതരണവും നടത്തുകയും, മാലോം, കനീലടുക്കം, പനത്തടി എന്നീ യൂണിറ്റുകൾ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തുകയും ചെയ്തു.

**മറ്റു പ്രവർത്തനങ്ങൾ**

- പരപ്പ യൂണിറ്റിന്റെ നേതൃത്വത്തിൽ മഴക്കെടുതിയിൽ വീട് തകർന്ന ഒരു കുടുംബത്തിന് വീടിന്റെ പുനർനിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ നൽകി.
- കാൻസർ രോഗിക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി ചെറുപുഴ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തി 1,20,000/- രൂപ സമാഹരിക്കുകയും, ചെറുപുഴ മേഖലയുടെ നേതൃത്വത്തിൽ 2,10,000/- രൂപ സഹായമായി നൽകുകയും ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റ് ഇന്റർനാഷണൽ ജാക്ക്ഫ്രൂട്ട് ഡേ ആഘോഷിച്ചു. 10 ലക്ഷത്തിലധികം രൂപയുടെ അധികവരുമാനം ജാക്ക് ഫ്രൂട്ട് പ്രോസസിംഗ് ചെയ്ത അംഗങ്ങൾക്കായി വിതരണവും ചെയ്തു.
- മുണ്ടാനൂർ, മാലോം യൂണിറ്റുകളുടെ നേതൃത്വത്തിൽ വായനാദിനവും യോഗാദിനവും ആചരിച്ചു.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ഷീരകർഷകരെ ആദരിക്കുകയും, ആടുവിതരണം നടത്തുകയും ചെയ്തു.
- ബദിയടുക്ക യൂണിറ്റിന്റെ നേതൃത്വത്തിൽ നിഴൽ പദ്ധതിയിലേക്ക് സാമ്പത്തികസഹായം ലഭ്യമാക്കി.
- മാട്ടറ യൂണിറ്റിന്റെ നേതൃത്വത്തിൽ TSSS-ൽ നിന്നും വിതരണം ചെയ്ത തേക്കിൻ തൈകളും നോട്ടുബുക്കുകളും വിൽപ്പന നടത്തുകയും, 15 kg കർക്കിടക ലേഹ്യം വിറ്റഴിക്കുകയും ചെയ്തു.
- അറബി യൂണിറ്റിന്റെ നേതൃത്വത്തിൽ ബയോമൗണ്ടൻ ഉൽപ്പന്നങ്ങൾ വിതരണം നടത്തുകയും, കലാകായിക മത്സരങ്ങളിലും ചിത്രരചനാ മത്സരങ്ങളിലും വിജയം നേടിയവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.
- കാഞ്ഞിരക്കൊല്ലി യൂണിറ്റ് സേവ്യർ പുത്തൻപുരയിൽ അച്ചൻ അനുസ്മരണം സംഘടിപ്പിക്കുകയും, കർക്കിടക മരുന്ന് വിതരണം നടത്തുകയും ചെയ്തു.
- അരവഞ്ചാൽ യൂണിറ്റ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ പ്രതിമ നിർമ്മിക്കുന്നതിനായി ഓട്ടുപാത്രങ്ങൾ ശേഖരിച്ച് യൂണിറ്റ് ഡയറക്ടർക്ക് കൈമാറി.

- ചെറുപുഴ മേഖലയിലെ അംഗങ്ങൾ ലോക പരിസ്ഥിതിദിനത്തിൽ ഓരോ മെമ്പറും ഓരോ വൃക്ഷത്തൈ വീതം നട്ടുപരിപാലിക്കുക എന്ന പദ്ധതിയിൽ പങ്കാളികളായി.
- എടൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.
- പടുപ്പ് യൂണിറ്റിൽ പുതിയ മെമ്പർമാരെ ചേർക്കുകയും, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ ഇടവകകളിലെ വീടുകളിൽ എത്തിച്ചു നൽകുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.
- കനകപ്പള്ളി യൂണിറ്റ് ലഹരി വിരുദ്ധദിനം ആചരിച്ചു.
- നാട്ടക്കൽ യൂണിറ്റിന്റെ നേതൃത്വത്തിൽ വിവാഹധനസഹായം ലഭ്യമാക്കി.
- പുഞ്ച യൂണിറ്റ് ഒരു കുടുംബത്തിന് ഭവനനിർമ്മാണ സഹായം നൽകുകയും, TSSS-ൽ നിന്നും നൽകിയ തേക്കിൻതൈകളുടെ വിതരണം ചെയ്തു.
- ബദിയടുക്ക യൂണിറ്റ് പരിസ്ഥിതിദിനം ആചരിക്കുകയും, ബയോ മൗണ്ടനിൽ നിന്നും നൽകിയ കശുമാവിൻ തൈകൾ വിതരണം നടത്തുകയും ചെയ്തു. കൂടാതെ ഡയാലിസിസ് രോഗികൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കുകയും ചെയ്തു.
- എണ്ണപ്പാറ യൂണിറ്റ് കർക്കിടകകഞ്ഞിയും, കർക്കിടക കിറ്റുകളും തയ്യാറാക്കി വിതരണം നടത്തി.
- പടിമരുത് യൂണിറ്റിന്റെ നേതൃത്വത്തിൽ റോഡ് സൈഡിലെ ഓടകൾ വൃത്തിയാക്കി.
- ഭീമനടി യൂണിറ്റിന്റെ നേതൃത്വത്തിൽ മഴക്കാല പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.
- ചുള്ളി യൂണിറ്റ് പള്ളി പരിസരവും, റോഡും വൃത്തിയാക്കി.
- പനത്തടി യൂണിറ്റ് കെയർ & സേഫ് ക്യാമ്പ് സംഘടിപ്പിച്ചു.
- ലിസിഗിരി യൂണിറ്റ് പരിസ്ഥിതിദിനം ആചരിച്ചു.
- കുടിയാന്മല, ചന്ദനക്കാംപാറ യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധദിനം ആചരിച്ചു.
- ചെമ്പേരി മേഖല നടുവിൽ പള്ളിപണിയുടെ ധനശേഖരണാർത്ഥം 100 kg കർക്കിടക മരുന്നും, കർഷകർക്കായി TSSS-ൽ നിന്നും നൽകിയ 100 തേക്കിൻ തൈകളും യൂണിറ്റിൽ വിതരണം ചെയ്തു.
- പൈസക്കരി ആർസിസി നടുവിൽ പള്ളി പണിയുടെ ധനശേഖരണാർത്ഥം 40 kg കർക്കിടക മരുന്ന് യൂണിറ്റുകളിൽ വിതരണം ചെയ്തു. അതുപോലെ തന്നെ 100 തേക്കിൻ തൈകളും വിതരണം ചെയ്തു.
- പണത്തൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ അംഗങ്ങളുടെ കൂടെ രോഗികളെ ശുശ്രൂഷിക്കുന്നു.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോമൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും**

ബയോമൗണ്ടൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ കാനറ ബാങ്കുമായി സഹകരിച്ചുകൊണ്ട് കാർഷിക ലോണിന് അപേക്ഷകൾ സ്വീകരിച്ചു. കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനുംവേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് 10 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപികരിച്ച് എടുക്കാവുന്നതാണ്. 2 ലോണുകളാണ് ഉള്ളത്.

**1. ഒരു ലക്ഷം രൂപയുടെയും**
**2. രണ്ട് ലക്ഷം രൂപയുടെയും**

ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം 3600/രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം 6000/ രൂപ വെച്ച് 39 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും 2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും 5000/ രൂപയുടെ ഷെയർ എടുക്കണം.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്രപേപ്പറിന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവുകളും ബയോമൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നത്തിന്റെ ചിലവുകൾ മാത്രമേ വരുന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ

    * ഒരു ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും

* രണ്ട് ലക്ഷം രൂപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കശുമാവിൻ തൈകൾ വിതരണം ചെയ്തു**

കശുമാവ് വികസന കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് ബയോ മൗണ്ടൻ കമ്പനിയുടെ നേതൃത്വത്തിൽ അത്യുത്പാദനശേഷിയുള്ള കശുമാവിൻ തൈകൾ വിതരണം ചെയ്തു. കാർത്തികപുരത്ത് വെച്ച് ബയോമൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്ത യോഗത്തിൽ ബയോമൗണ്ടൻ കമ്പനി ബോർഡ് മെമ്പർ ശ്രീ. ബിനോയ് മാട്ടേൽ കശുമാവിൻ തൈകൾ കർഷകർക്ക് നൽകികൊണ്ട് വിതരണം ഉദ്ഘാടനം ചെയ്തു.

**പുട്ടുപൊടി:** ബയോമണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്.

**ഇടവകകളിലെ ഷെയർ:** നിർമ്മലഗിരി, മാമ്പോയിൽ, പാലത്തിൻകടവ് എന്നി ഇടവകകൾ ബയോമൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ബഹു. വികാരി അച്ചന്മാർക്കും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസ ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായനേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മാർക്കറ്റിനേക്കാളും വിലക്കുറവ് നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com.

ആഗസ്റ്റ് മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. സ്കറിയ നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ഇൻഫാം

**ജില്ലാ ജനറൽബോഡി**

ഇൻഫാം കണ്ണൂർ ജില്ലാ ജനറൽബോഡി യോഗം പയ്യാവൂരിൽ സംഘടിപ്പിച്ചു. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ സംരക്ഷിക്കാനും കൃഷിയിടങ്ങളിൽ ഇറങ്ങുന്നത് നിയന്ത്രിക്കാനും ആയിരം കോടി മാറ്റിവയ്ക്കാൻ സർക്കാർ തയ്യാറാകണമെന്ന് പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇൻഫാം ദേശീയ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി സൂചിപ്പിച്ചു. വനനിയമങ്ങൾ ഭേദഗതി ചെയ്യുക, പ്രതിരോധ സംവിധാനത്തിന് ആയിരംകോടി അനുവദിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികൾ രൂപീകരിക്കുക, നഷ്ട പരിഹാരതുക വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ യോഗം തീരുമാനിച്ചു. ഇൻഫാം ജില്ലാ പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് വിഷയാവതരണം നടത്തി. ശ്രീ. സണ്ണി തുണ്ടത്തിൽ, ശ്രീ. ഉണ്ണികൃഷ്ണൻ ചുഴലി, ശ്രീ. ജോസ് തോണിക്കൽ, ശ്രീ. ടോമി വടക്കേക്കുരിക്കാട്ട്, ശ്രീ. ഷാജി തെക്കേക്കര, ശ്രീ. ടോമി ചക്കാലക്കുന്നേൽ, ശ്രീ. ആന്റണി ജീരകത്തിൽ, ശ്രീ. ലാലിച്ചൻ കുഴിയാത്ത്, ശ്രീ. കുര്യാക്കോസ് പുതിയിടത്തു പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**മികച്ച കർഷകരെ ആദരിക്കുന്നു**

ചിങ്ങം 1 – കേരളപ്പിറവി/കർഷക ദിനത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മികച്ച സമഗ്ര കർഷക/കർഷകനെ ആദരിക്കുന്നു. ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന കർഷകന് 25,000/- രൂപയും, രണ്ടാം സ്ഥാനം കരസ്ഥമാക്കുന്ന കർഷകന് 15,000/- രൂപയും, മൂന്നാം സ്ഥാനം കരസ്ഥമാക്കുന്ന കർഷകന് 10,000/- രൂപയുമാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ നൽകുക. സമഗ്രകൃഷി രീതികൾ അവലംബിക്കുന്നവർക്ക് ഇതിൽ പങ്കാളികളാവാം. കൃഷിയും കൃഷി രീതികളും മത്സരത്തിൽ ചേരുന്നതിനായി 9495461132 (ഗിരി മാത്യു), 9645408161 (ഫാ. ബിബിൻ) എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ഓവർസീസ് അപ്ഡേറ്റ്സ്

യൂറോപ്പിലെ വിവിധ രാജ്യങ്ങളിലിൽ ശുശ്രൂഷ ചെയ്യുന്ന അച്ചന്മാരുടെ ഈ വർഷത്തെ ഗാതറിംഗ്, 2025 ജൂൺ 23 മുതൽ 26 വരെ ജർമ്മനി – ഓസ്ട്രിയ ബോർഡറിൽ സ്ഥിതി ചെയ്യുന്ന *Inzell*-ലിൽ വച്ച് നടന്നു. ജർമ്മനി, ഓസ്ട്രിയ, ഇറ്റലി, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന 25 അച്ചന്മാർ ഗാതറിംഗിന് എത്തിച്ചേർന്നു.

24 ന് രാവിലെ എല്ലാവരും വിശുദ്ധ കുർബാനയിൽ മരണംമൂലം വേരിപിരിഞ്ഞ ബഹു. ബോബി അച്ചനെ അനുസ്മരിച്ചു പ്രാർത്ഥിക്കുകയും ഒപ്പീസു ചൊല്ലുകയും ചെയ്തു. തുടർന്ന് ഈ വർഷം പൗരോഹിത്യരജതജൂബിലി ആഘോഷിക്കുന്ന ബഹു. ജെയിംസ് അരീപ്പറമ്പിൽ അച്ചനെയും ബഹു. തോമസ് നൂറമ്മാക്കൽ അച്ചനെയും ആദരിച്ചു. അതോടൊപ്പം ലീഡർ ആയി ജർമ്മനിയിൽ നിന്നും ബഹു. തോമസ് നൂറമ്മാക്കൽ അച്ചനെയും ഓസ്ട്രിയയിൽ നിന്നും ബഹു. ജോർജ് കുഴിക്കാട്ട് അച്ചനെയും തിരഞ്ഞെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം നടത്തിയ സാൾസ് ബുർഗ് ടൗൺ സന്ദർശനം വളരെ വിജ്ഞാനപ്രദവും എല്ലാവരും കൂടുതൽ പരിചയപ്പെടുന്നതിനും ഇടയാക്കി.

25 നു രാവിലെ നടന്ന ജൂബിലി കുർബാനക്ക് ബഹു. നൂറമ്മാക്കൽ അച്ചനും ബഹു. അരീപ്പറമ്പിൽ അച്ചനും മുഖ്യകാർമ്മികർ ആയി. അന്നേ ദിവസം ഉച്ചകഴിഞ്ഞു നടത്തിയ ഐസ് മല സന്ദർശനം വളരെ ഉല്ലാസപ്രദമായിരുന്നു. 26 നു രാവിലെ പ്രഭാതഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു. ഒന്നുചേർന്നുള്ള പ്രാർത്ഥനയോടും ഇതര ആത്മീയ അനുഷ്ഠാനങ്ങളോടൊപ്പം പരസ്പരപരിചയവും സൗഹൃദവും വളർത്തിയ, പരസ്പരം പ്രോത്സാഹിപ്പിച്ച, ഈ നാലു ദിവസങ്ങൾ എല്ലാവർക്കും ഒരിക്കലും മറക്കാനാവാത്ത അനുഭവമായി.

ഓസ്ട്രിയയിൽ അച്ചന്മാർക്ക് കഴിഞ്ഞ വർഷം നേതൃത്വം നൽകുകയും ഈ വർഷത്തെ ഗാതറിംഗ് ഏറ്റവും മനോഹരമാക്കാൻ അധ്വാനിക്കുകയും ചെയ്ത ബഹു. ഐസക് ചേരുംതടത്തിൽ അച്ചനും ജർമ്മനിയിലെ കൂട്ടായ്മയെ കഴിഞ്ഞ 3 വർഷങ്ങളിൽ നയിച്ചു ഗാതറിംഗ് നേതൃത്വം നൽകിയ ബഹു. ജോൺ ആലപ്പാട്ട് അച്ചനും ഹൃദയപൂർവ്വകമായ നന്ദി. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിദേശരാജ്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ സന്മനസ്സും കഠിനാധ്വാനവും നന്ദിയോടെ ഓർമ്മിക്കുന്നു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ആഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 02 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 03–07 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 07 (5 pm) –10 (1 pm) | : | RHEMA (D) കണ്ണൂർ രൂപത വിശ്വാസ പരിശീലകരുടെ ധ്യാനം |
| | 09 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 15–17 | : | വാരാന്ത്യ ധ്യാനം |
| | 16 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 23 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 24–27 | : | കന്നഡ ധ്യാനം |
| | 30 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 31 – Sept 04 | : | ആന്തരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 02 | : | ഏകദിന ധ്യാനം |
| | 02–05 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 16 | : | ഏകദിന ധ്യാനം |
| | 16–19 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 22 | : | പ്രേഷിതക്കൂട്ടായ്മ |
| | 29 | : | ജാഗരണ പ്രാർത്ഥന |
| | 23, 30 | : | ഏകദിന ധ്യാനം |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 02 | : | ഏകദിന ധ്യാനം (9 am – 2 pm) |
| | 03–05 | : | മരിയൻ ധ്യാനം |
| | 23 | : | മദ്ധ്യസ്ഥ പ്രാർത്ഥന (02 pm – 04 pm) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | | |
|---|---|---|---|
| ആഗസ്റ്റ് | 08 | : | ജാഗരണ പ്രാർത്ഥന (6 pm – 10:30 pm) |
| | 10–14 | : | ദിവ്യകാരുണ്യ സൗഖ്യ ധ്യാനം |
| | 24–28 | : | ആന്തരീക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ജൂൺ 2025**

21 തളിപ്പറമ്പിൽവച്ച് നടന്ന മാതൃവേദി ജനറൽ ബോഡി യോഗത്തിന് അധ്യക്ഷത വഹിച്ചു.

22 പുളിങ്ങോം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 തലശ്ശേരി അതിരൂപതാ മൈനർ സെമിനാരിയിൽ പ്രവർത്തനവർഷം (*Schola Brevis*) ഉദ്ഘാടനം ചെയ്തു.

24 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

25 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരിയിൽവച്ച് ചേർന്ന കരുവഞ്ചാൽ, ചെമ്പേരി ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

26 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

27 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം നിർമ്മലഗിരിയിൽ പുതുതായി പണിത കോളേജ് കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

28 ചെമ്പേരിയിൽവച്ച് ചേർന്ന തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

29 ചന്ദനക്കാംപാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

30 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

**ജൂലൈ 2025**

01 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

02 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 ദുക്റാന തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്കുശേഷം പ്രതീക്ഷയിൽവച്ച് മോൺ. തോമസ് തൈത്തോട്ടത്തിൽ അച്ചൻ രചിച്ച "മദ്യത്തിനെതിരെ മഹാമതിലുമായി പ്രതിബദ്ധതയുടെ പ്രതീകം" എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

04 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം പഞ്ചാബ് മിഷനുമായി ബന്ധപ്പെട്ട് ചേർന്ന ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05 ബാംഗ്ലൂരിൽവച്ച് ചേർന്ന *Bishops -Theologians Colloquium* - ത്തിന് സമാപനസന്ദേശം നൽകി.

06-07 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

08 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം കല്ലുവയൽ ഇടവകയിൽ നിര്യാതനായ ശ്രീ. ജോസഫ് പാലമറ്റത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

09 അതിരൂപതയുടെ നേതൃത്വത്തിൽ കാസർഗോഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റേഡിയോ സ്റ്റേഷൻ മാനേജിംഗ് കമ്മറ്റി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

10 രാവിലെ കാഞ്ഞിരപ്പള്ളി കപ്പാട് ബെനഡിക്റ്റൻ ആശ്രമത്തിൽവച്ച് നടത്തിയ തിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

ഉച്ചയ്ക്കുശേഷം രാമപുരത്തുവച്ച് ശ്രീ. ജോൺ കച്ചിറമറ്റത്തിന് ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഫൗണ്ടേഷൻ നൽകുന്ന അവാർഡ് സമർപ്പിച്ചു.

11 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

12 രാവിലെ തലശ്ശേരി അതിരൂപതാ മതാധ്യാപകർക്കായി സന്ദേശഭവനിൽ വച്ച് നടത്തിയ ആമുഖ സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് പൊന്ന്യത്തുവച്ച് സി. ഫിയോറെല്ലാ വട്ടപ്പറമ്പിലിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം തലശ്ശേരി അതിരൂപതാ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ആലക്കോടുവച്ച് സംഘടിപ്പിച്ച യുവജന സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓൺലൈനായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025-26 പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

13 പരപ്പ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

14 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബ്രദർ മെൽവിൻ തുറക്കലിന് ഡീക്കൻപട്ടം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

15-16 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

17-18 തലശ്ശേരി സന്ദേശഭവനിൽ റിഫ്രഷർ കോഴ്സിലായിരിക്കുന്ന വൈദികരുമായി അഭിമുഖം നടത്തി. ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

19 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിലെ ഡീക്കന്മാർക്കുവേണ്ടി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം കീഴ്പ്പള്ളി ദൈവാലയത്തിൽവച്ച് റീസ് റിച്ചാർഡ് - ലിസ്നാ സെബാസ്റ്റ്യൻ കാരക്കാട്ടിന്റെയും മനസമ്മതം നടത്തി.

വൈകുന്നേരം എടൂർ ആർക്കി എപ്പിസ്കോപ്പൽ മരിയൻ തീർത്ഥാടന ദൈവാലയത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനു

ബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച കമാനം വെഞ്ചരിക്കുകയും ചെയ്തു.

20 മാങ്ങോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ഉച്ചയ്ക്കുശേഷം പരിയാരം ഇടവകയിൽ നിര്യാതയായ ശ്രീമതി ത്രേസ്യാമ്മ ജോസഫ് മേച്ചിറാകത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയത്തിൽവച്ച് വോൺ ജോസഫ് (ജോൺസ്) ശാസ്താൻകുന്നേലിന്റെയും ഒലിവിയ (മേരി) അരയത്തുപുത്തെൻപുരയിലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് എടൂരിൽവച്ച് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച നസ്രാണി കാർണിവലിന്റെ സമാപനസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

---

AUGUST 2025

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 08:30 am | - | GSMS Kunnoth |
| 02 | 10:00 am | - | Finance Council |
| | 02:00 pm | - | Thalipparamba: Hrudayaram Jubilee |
| 03 | 09:00 am | - | Perumpadavu: Pastoral Visit |
| 04 | 09-12 pm | - | Thalassery: Visitors Day |
| 05-09 | | - | KCBC |
| 10 | | - | Engaged |
| 11 | 09:00 am | - | Ennappara: Ordination |
| 12 | 02:30 pm | - | GSMS Kunnoth: Jubilee |
| 13 | 09:30 am | - | Chemperi: VJEC Convocation Ceremony |
| 14 | 10:00 am | - | Edoor |
| 15 | 04:00 pm | - | Anamanjal: Jubilee |
| 16 | 10:00 am | - | Chemperi: Pastoral Council |
| | 04:30 pm | - | Chempanthotty: Bishop Valloppilly Museum Inauguration |
| 17 | 03:00 pm | - | Thomapuram |
| 18-29 | | - | Syro Malabar Synod |
| 30 | 12:00 pm | - | Cathedral |
| | 04:00 pm | - | Chemperi |

**Secretary to the Archbishop**

## മാർ ജോർജ് ഞറളക്കാട്ട്

**ജൂലൈ 2025**

02 രാവിലെ GSMSൽ ക്ലാസ് എടുത്തു.

03 രാവിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കരിക്കോട്ടക്കരി ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

05 ഉച്ചയ്ക്ക് മുൻപ് പാത്തൻപാറ ഇടവകയിലെ ചിറയിൽ ലൂക്കാ മാർട്ടിൻ ജോസഫിന് പ്രാഥമിക കൂദാശ നൽകുകയും തുടർന്ന് ചിറയിൽ ആൻറണി – അന്നമ്മ ദമ്പതികളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിക്കും, സി. കീർത്തന CHF ചിറയിലിന്റെ രജത ജൂബിലക്കും വിശുദ്ധ കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

07 രാവിലെ പാലാ രൂപതയിലെ വടകര വി. സ്നാപകയോഹന്നാൻ ദൈവാലയത്തിൽ വച്ച് കുരിശിങ്കൽ സെബാസ്റ്റ്യന്റെയും മോളത്ത് അപ്സനയുടെയും വിവാഹം ആശീർവദിച്ചു.

09 രാവിലെ GSMS ൽ ക്ലാസ് എടുത്തു.

12 ഉച്ചയ്ക്ക് മുൻപ് പൊന്ന്യത്ത് വെച്ച് സി. ഫിയൊരെല്ല വട്ടപറമ്പിലിന്റെ സുവർണ്ണ ജൂബിലി മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

28 വൈകുന്നേരം വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് പെരിങ്കിരി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

29 രാവിലെ മണിപ്പാറ ഇടവകയിൽ വെച്ച് മണിക്കടവ് മേഖലയുടെ മാതൃവേദി വാർഷികത്തിൽ മുഖ്യ അതിഥിയായി പങ്കെടുത്ത് ആശംസകൾ നേർന്നു.

## AUGUST 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02. | 10:30 am | - | First Communion, Varakkad. |
| 03. | 06:00 pm | - | Vianey day, Minor Seminary |
| 04. | 06:30 am | - | Holy Mass, Minor Seminary. |
| 05. | 06:00 pm | - | KCBC retreat, Mount St. Thomas |
| 09. | 10:00 am | - | Golden Jubilee, lritty. |
| 12. | 02:30 pm | - | 25th Jubilee celebration, GSMS Kunnoth. |
| 14. | 10:30 am | - | Holy Mass, First death anniversary of Fr. Shince Kudilil, Edoor. |
| 15. | 06:30 am | - | Holy Mass, NS Kunnoth. |
| 18. | 10:00 am | - | Synod, Mount St. Thomas |
| 25. | 10:30 am | - | Marriage, Cherpunkal. |
| 28. | 05:00 pm | - | Betrothal Kalayanthany. |
| 29. | 12:30 pm | - | Synod ends. |
| 30. | 10:30 am | - | Diamond Jubilee, Edoor. |
| | 04:00 pm | - | Marriage, Nadavayal |

**Secretary to the Archbishop Emeritus**

---

## AUGUST 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| **July** 26 | - | Baptism at Kurachund |
| **August** 02 | - | Baptism at cherpumkal |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ജൂൺ 2025**

23 രാവിലെ ചാല മാളികപ്പറമ്പിൽ വച്ച് സി.എം.ആർ വില്ലയുടെ തറക്കല്ലിടൽ നിർവ്വഹിച്ചു.

27 രാവിലെ കൂരാച്ചുണ്ടുള്ള ഫാ. ബെന്നി മുണ്ടനാട്ടിന്റെ അമ്മ റോസമ്മ പൗലോസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**ജൂലൈ 2025**

03 രാവിലെ നെല്ലിപ്പാറയിൽ വച്ച് നടന്ന ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും, ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

07 രാവിലെ മാലോത്ത് വച്ച് ഫാ. ആലപ്പാട്ടിന്റെ മാതാപിതാക്കളുടെ 50-ാം വിവാഹ വാർഷികത്തിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

08 വൈകിട്ട് കള്ളിവയലിൽ വച്ച് ഫാ. മാത്യു പാലമറ്റത്തിന്റെ ചേട്ടൻ ജോസഫ് പാലമറ്റത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

11 രാവിലെ തലശ്ശേരി മതബോധന ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മതബോധന അധ്യാപകരുടെ സെമിനാറിൽ വി. കുർബാന അർപ്പിക്കുകയും, വചനസന്ദേശം നൽകുകയും ചെയ്തു.

12 ഉച്ചയ്ക്ക് കാവുംതലയിൽ വച്ച് ഷീനാ ജോജോ കപ്പിലുമാക്കലിന്റെ വീട് വെഞ്ചരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

18 വൈകിട്ട് കരുണാപുരത്ത് കച്ചോലക്കാലായിൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

19 വൈകിട്ട് മുളപ്രയിൽ സെന്റ് അൽഫോസാമ്മയുടെ തിരുന്നാൾ ആഘോഷത്തിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

20 ഉച്ചയ്ക്ക് പരിയാരത്ത് ഫാ. രാജേഷ് മേച്ചിറാകത്തിന്റെ അമ്മ ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

അതിനുശേഷം പരിയാരം ഏമ്പേറ്റിൽ എം.എസ്.എം.ഐ സീനിയർ സിസ്റ്റേഴ്സിന്റെ വിശ്രമമന്ദിരം സന്ദർശിച്ചു.

21 ഉച്ചയ്ക്ക് വെള്ളാട് വച്ച് ഫാ. തോമസ് മണ്ണൂരിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

22 രാവിലെ കിളിയന്തറയിൽ ഫാ. സ്കറിയ കല്ലൂരിന്റെ പിതാവ് തോമസ് കല്ലൂരിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.



**തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**

**2025 ജൂലൈ 22 : സന്ദേശഭവൻ - തലശ്ശേരി**





**ആലക്കോട് നടന്ന തലശ്ശേരി അതിരൂപത KCYM- SMYM യുവജനസംഗമറാലി.**

**2025 ജൂലൈ 12 : ആലക്കോട്**

RNI Reg. No. 5910 Date of Publication: 28/07/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 08 വില : ₹10

ആഗസ്റ്റ് 04 വി. ജോൺ മരിയ വിയാനി



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.